31 JAN. 1932

# കൈരളി

പുസ്തകം ൧൩. | ൧൧൦൭ വൃശ്ചികം | ലക്കം ൨.

## ആദികവി.

(കാകളി)

സത്യലോകസ്ഥയാം സാഹിതീമാതിന്റെ
നിത്യസൗന്ദര്യമരന്ദം നുകരുവാൻ
മർത്ത്യലോകത്തിനുമാർഗ്ഗം തുറന്നിട്ടൊ-
രത്തമസാനദിപ്രാന്തമേ, കൈതൊഴാം!

നിന്നുള്ളിലുണ്ടായ രത്നമൊന്നല്ലയോ,
മിന്നുന്നു മന്നിന്റെ കണ്ഠാഭരണമായ്.
കാനനഗർഭഗൃഹാലംബിയായൊരു
കാടൻ — അല്ലെങ്കിലോ, വേടൻ — പൊടുന്നനെ
ജാനകീനായക പ്രേമഗംഗാമൃത-
പാനദൂരീകൃതപാപനായ്ത്തീർന്നുപോൽ.
ശ്രീരാമനാമമാം ശാണോപലത്തിലൊ-
ട്ടേറെനാൾ തേയ്ക്കത്തെളിഞ്ഞ കല്യാണയാൾ.
താപസന്മാരുടെ പുണ്യരഹസ്യങ്ങൾ തൻ
താഡനമേല്ക്കത്തരളീകൃതാംഗമായ്
ചോടേതകന്നുപോൽ മൂഢനാം ചോരനെ
മൂടിയപുറവ മതോടൊപ്പമാന്ധ്യവും.
ഭദ്രോദയത്തിൻ പ്രകാശം കടക്കവെ
നിദ്രാവിമുദ്രിത നേത്രം തുറക്കയായ്.
ക്രൂരനാം വ്യാധന്റെ ലക്ഷ്യം പിഴയ്ക്കാത്ത
ക്രൂരമ്പിന്നുന്നായ തൻപ്രാണനാഥനെ
ദുസ്സഹ ശോകം നിരീക്ഷിച്ചു കേണീടു-
മസ്സഹജാതയാം ക്രൗഞ്ചിയെക്കാൺകവെ,

മർമ്മങ്ങൾ നീറവം വിഷദ്രാവകംപോലെ
വല്മീകയോനിയാമങ്ങക്കു മാമുനേ,
ഉള്ളിലൊതുങ്ങാത്ത താപവും കോപവും
തള്ളിക്കവിഞ്ഞു തരംഗായമാനമായ്.
ചെന്നുപതിച്ചിതിടിത്തീകണക്കിനെ
ഛന്ദോനിബദ്ധമാം ശാപം നിഷാദനിൽ.
മാനുഷപുണ്യം നിമിത്തമന്നുഴിതൻ
മാറത്തു ചാർത്തിയ മംഗളമാല്യമായ്
വാഗംബതന്നുടെ സന്നിധാനോത്സവ-
ഭാഗധേയം നമുക്കുണ്ടാക്കിവെയ്ക്കുവാൻ
കർക്കശനെങ്കിലും, കാരണഭൂതനാ-
മക്കിരാതൻ ചിരംജീവിയായില്ലയോ?
രാമകഥാവിധാതാവേ, വിഭോ, തവ
നാമം ജയിപ്പൂ, ജഗൽപ്രൗഢസുന്ദരം.
വ്യാസസരസ്വതി കൂപ്പുകൈയായ്ബ്ഭവ-
ദ്ദാസിയെപ്പോലല്ലിനിൽപ്പൂ, മഹോഗ്ഗുരോ!
കാളും മഹസ്സാർന്ന നിന്തിരുമുമ്പില-
ക്കാളിദാസൻ കളിപ്പൈതലത്രേ വിഭോ!
അദ്ധ്യാത്മവിദ്യയും സൽകാവ്യലക്ഷ്മിയു-
മൊത്തുചേർന്നാരെബ്ഭജിച്ചിതഹർന്നിശം
അമ്മഹാത്മാവാകുമാദികവീന്ദ്രന്റെ
കർമ്മകൗശല്യമേ, കൈതൊഴാം കൈതൊഴാം!

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്.

## ഗീഥെ.

ജർമ്മൻ മഹാകവിയായ ഗീഥെ ഒരിക്കൽ പറഞ്ഞിട്ടുണ്ട്, "കവിയായി ജീവിക്കുക, കവിതയെഴുതുക" എന്ന്. അദ്ദേഹത്തിന്റെ കവിത അദ്ദേഹത്തിന്റെ ജീവിതംതന്നെയായിരുന്നു. ജീവിതം അദ്ദേഹത്തിന് ആനന്ദപ്രദമായിരുന്നു. അതിലെ നിസ്സാരസംഗതികൾപോലും ആശയബഹുലങ്ങളായാണ് ഗീഥെ വീക്ഷിച്ചിരുന്നത്. ഈ ആനന്ദത്തിന്റെ അനർത്ഥത അദ്ദേഹം ഗ്രഹിച്ചതോടുകൂടി സുഖദുഃഖസമ്മിശ്രമായ ജീവിതദശയിലെ ഓരോ അദ്ധ്യായവും ഒരു ലഘുകാവ്യമോ, ചെറുകഥയോ ആയി പരിണമിച്ചു. ജീവിതത്തോടുള്ള ഈ അടുപ്പവും സങ്കല്പശക്തിയും സ്വമാതാവിൽനിന്നാണ് അദ്ദേഹത്തിനു സിദ്ധിച്ചത്.

ഗീഥെയുടെ ഏററവും വലിയ കൃതി—അതെ അദ്ദേഹത്തെ വിശ്വസാഹിത്യനഭോമണ്ഡലത്തിലെ ഒരു തേജഃപുഞ്ജമാക്കിത്തീർത്ത അദ്ദേഹത്തിൻെറ ഫാസ്ററ് (Faust)– സ്വജീവിതരീതിയുടെ ഒരുഖ്യാപനമാണെന്നു പറയാം. ഒരു യുവാവായിരുന്ന കാലത്താണു ഗീഥെ ഡാക്ടർ ഫാസ്റ്റസ്സിൻെറ കഥ ആദ്യമായി വായിച്ചതു്. അന്നുമുതൽ അവസാനകാലത്തു ചരമശയ്യയിൽ വച്ചു് ആ രൂപകത്തിൻെറ അന്തിമരംഗം എഴുതിത്തീർത്തതുവരെ ആയുഷ്ക്കാലത്തിൽ ഒരു നിമിഷം പോലും കഴിഞ്ഞിട്ടുണ്ടാവില്ല ആ കഥ ഗീഥെയുടെ സ്മൃതിപഥത്തിൽ നിന്നും മറഞ്ഞിട്ടു്. മഹാകവിയുടെ ഹൃദയത്തിൽനിന്നു് അതിന്നു ചില വൈശിഷ്ട്യങ്ങളും സിദ്ധിക്കാതിരുന്നില്ല.

ഡാക്ടർ ഫാസ്റ്റസിൻെറ ആഗ്രഹം വിജ്ഞാനത്താൽ ജീവിതച്ചാറു വററിക്കണമെന്നായിരുന്നു. അതു ക്ഷിപ്രസാദ്ധ്യമല്ലെന്നു ബോദ്ധ്യപ്പെട്ടപ്പോൾ ജ്ഞാനസമ്പാദനത്തിൽ അതൃപ്തനായ അദ്ദേഹം ജാലവിദ്യ പഠിക്കാനൊരുമ്പെട്ടു. മെഫിസ്റ്റോഫിലിസിൻെറ രൂപത്തിൽ ഒരു ഭൂതത്തെ പ്രത്യക്ഷപ്പെടുത്തി അവനുമായൊരു വ്യവസ്ഥചെയ്തു. ഫാസ്ററസ്സിൻെറ ഇഹലോകത്തിലുള്ള സകല ആഗ്രഹങ്ങളും നിവൃത്തിച്ചുകൊടുക്കാമെന്നു് ആഭൂതം സമ്മതിച്ചു. അതിന്നു പ്രതിഫലമായി അവസാനകാലത്തു് അദ്ദേഹത്തിൻെറ ജീവനെ ഭൂതത്തിന്നു കൊടുക്കണമെന്നുമാത്രം ആയിരുന്നു നിശ്ചയം.

ഇങ്ങിനെ കാലം കുറെ കഴിഞ്ഞു. ഫാസ്റ്റസ് ഭൗതികസുഖങ്ങളിൽ മിക്കതും ആസ്വദിച്ചു. പക്ഷേ അദ്ദേഹത്തിൻെറ മനസ്സിന്നൊരസ്വാസ്ഥ്യം. താൻ ഇതുവരെ ആസ്വദിച്ചുപോന്ന ആനന്ദത്തിൻെറ യാഥാർത്ഥ്യത്തെക്കുറിച്ചദ്ദേഹം ആലോചിക്കുകയായി. അതിൻെറ ശൂന്യത അപ്പോഴാണു പ്രത്യക്ഷപ്പെട്ടതു്. ജീവിതശുദ്ധി നേടുവാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നദ്ദേഹം ആരാഞ്ഞതിൻെറ ഫലമായി ഹൃദയം അതുവരെ താൻ അവലപിച്ചിരുന്ന ഈശ്വരവിശ്വാസത്തിൽതന്നെ ചെന്നുചേർന്നു. തൻെറ ഹൃദയത്തിൽ നവീനമായി ഉദിച്ചുയർന്ന ഈ ഭക്തി ഫാസ്റ്റസ്സിൻെറ ജീവന്നു മുക്തിനൽകി. ദേവകൾ അദ്ദേഹത്തിൻെറ ആത്മാവിനെ ആ ഭൂതത്തിൻെറ പിടിയിൽനിന്നും രക്ഷിച്ചു് അതിന്നു നിത്യശാന്തി പ്രദാനംചെയ്തു.

"വില്ല്യം മീസ്ററർ" എന്ന ആഖ്യായികയാണു് ഗീഥെയുടെ ഗദ്യകൃതികളിൽ പ്രാധാന്യമേറിയതു്. പലതവണ പകർത്തിയും മാററിയും എഴുതിട്ടുള്ള ഒരു കൃതിയാണതു്. തന്മൂലം അതിന്നു ജീവിതത്തോടു കൂടുതൽ ബന്ധം സിദ്ധിക്കുകയും പരിഷ്കൃതമാകുന്ന വിദ്യാലയത്തിൽ ക്ല

ടുതൽ അദ്ധ്യയനം ലഭിക്കുകയുമുണ്ടായി. “ജീവിതമാണ് ഉത്തമാദ്ധ്യാപകൻ”, ഇതായിരുന്നു ഗീഥേയുടെ മതം. പരിപൂർണ്ണമായ ജീവിതം ആഗ്രഹിച്ചിരുന്ന ഒരാളാണ് അദ്ദേഹം. മാത്രമല്ലാ, സമ്പൂർണ്ണമായിജീവിക്കുക എങ്ങിനെ എന്നദ്ദേഹം ലോകത്തെ അറിയിച്ചിട്ടുമുണ്ട്.

ലോകജീവിതത്തോട് ഇത്ര ബന്ധമുള്ള ഒരു കവിയുടെ ജീവിതകാലത്തെക്കുറിച്ചുള്ള സൂചന പ്രകൃതത്തിന്നു വിരുദ്ധമാവാനിടയില്ല. അന്നു പുതിയതായൊരു ദേശീയചരിത്രം സൃഷ്ടിക്കാനുള്ള രാഷ്ട്രീയസംരഭത്തിലേപ്പെട്ടിരുന്ന ഫ്രാങ്ക്ഫോർട്ട് എന്ന സ്ഥലത്താണ് ഗീഥെ ബാല്യകാലം കഴിച്ചുകൂട്ടിയതു്. തന്റെ ചുറ്റും നടന്നുകൊണ്ടിരുന്ന സംഭവങ്ങളിൽ ഭാഗഭാക്കാകാതിരിക്കുക അദ്ദഹത്തെപ്പോലുള്ള ഒരു ബാലന് കേവലം അസാദ്ധ്യമായിരുന്നു. പക്ഷേ അവ അദ്ദേഹത്തിന്റെ ജീവിതത്തിൽ പറയത്തക്ക വ്യതിയാനങ്ങളൊന്നും ഉണ്ടാക്കിയില്ല. ഈ കാലമെല്ലാം സ്വപിതാവിൽ നിന്നാണ് അദ്ദേഹത്തിന്നു് വിദ്യാഭ്യാസം സിദ്ധിച്ചിരുന്നതു്.

‘ലീപ്സിഗ്’ സർവ്വകലാശാലയാണ് ഗീഥെയുടെ പ്രഥമ വിദ്യാലയം. അവിടന്നു് അദ്ദേഹം ‘സ്റ്റ്റാസ്ബർഗ’ സർവ്വകലാശാലയിലേക്കുമാറി. ഗീഥെക്കു് സാഹിത്യാഭിരുചിയുണ്ടായതു് അവിടെവച്ചാണ്. അന്നത്തെ വിമർശകവർയ്യന്മാരിലൊരാളായ ‘ഹെർഡർ’ എന്ന പ്രൊഫസരാണ് ഗീഥേക്കു് ഷേക്സ്പിയർ മഹാകവിയുടെ നാടകങ്ങളുമായി പരിചയം നേടിക്കൊടുത്തതു്. ഇതോടുകൂടി അന്നു നടപ്പിലിരുന്ന ചില നാട്ടുഗാനങ്ങളും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപെട്ടു. മാത്രമല്ലാ, അവ ഗീഥെയുടെ ഹൃദയത്തിന്നു് അപാരമായ ആനന്ദം ആസ്വദിക്കുന്നതിന്നു വഴിയുമുണ്ടാക്കി. പതിനെട്ടാം ശതകത്തിലെ സാഹിത്യസംരംഭങ്ങളിലില്ലാത്ത സങ്കല്പശക്തി, സ്വാഭാവികത, ജീവിതതാദാത്മ്യം മുതലായ ചില വിശേഷ ഗുണങ്ങളടങ്ങിയവയായിരുന്നു ഗീഥെആദ്യമായി പരിചയിച്ച കൃതികൾ. ഇങ്ങിനെ സാഹിത്യത്തിലൊരഭിരുചി ജനിച്ചതോടുകൂടി അദ്ദേഹം സ്വതസ്സിദ്ധമായ കവിത്വത്താൽ പ്രചോദിതനായിട്ട് കവനനിർമ്മാണമാരംഭിച്ചു. ഇക്കാലത്തു് അദ്ദേഹം രചിച്ചകാര്യങ്ങൾ സങ്കല്പശക്തികൊണ്ടും, ജീവിതബന്ധം കൊണ്ടും ജർമ്മൻ സാഹിത്യത്തിൽ നൂതനമായുണ്ടായ ഒരു മഹാപ്രസ്ഥാനത്തിന്റെ കവാടം തുറന്നിട്ടു. ഒരു ഷേക്സ്പിയർ കൃതിയുടെ വിവർത്തനമായിരുന്നു ഗീഥെയുടെ പ്രഥമ നാടകം.

അന്നുനാടുവാണിരുന്നരാജകുമാരന്റെ വാത്സല്യപാത്രമായിരുന്നു ഗീഥെ. തന്മൂലം അദ്ദേഹത്തിന്നു് ഏറെത്താമസിയാതെ ഒരു ഉയർന്ന ഉ

ദ്ദ്യോഗം ലഭിച്ചു. ഔദ്യോഗികനടപടികളിലൊക്കെ ഗീഥെ ബദ്ധശ്രദ്ധനായിരുന്നു. കാർഷികവൃത്തി, വനപരിപാലനംമുതലായവയിൽ അദ്ദേഹത്തിന്നുണ്ടായിരുന്ന പ്രത്യേകശ്രദ്ധ പ്രകൃതിശാസ്ത്രപഠനത്തിന്നു സഹായമായിത്തീൎന്നു. ഈ കാലത്താണ് ഡാർവിന്റെ പരിണാമവാദത്തെ അദ്ദേഹം എതിൎത്തതും ഖണ്ഡിച്ചതും അതിന്നു വിപരീതമായ മതത്തെ പ്രബലമായവിധം സ്ഥാപിച്ചതും. അടുത്ത ഇരുപത്തിരണ്ടുവൎഷകാലം ഗീഥെ അന്നത്തെ സുപ്രസിദ്ധമായ ഒരു നാടകശാലയുടെ മാനേജരെന്ന നിലയിലാണു ജീവിതം നയിച്ചതു്.

ഏറെത്താമസിയാതെ ആമഹാകവി ഇററലി സന്ദൎശിച്ചു. യവനകലയുടെ സാരസമ്പൂൎണ്ണമായ സൗന്ദൎയ്യം അദ്ദേഹത്തിന്റെ ദൃഷ്ടിയെ സവിശേഷം സമാകൎഷിച്ചു. ഗീഥെതന്നെ സമ്മതിച്ചിട്ടുണ്ടു്, ഇററലിസന്ദൎശനം തന്റെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കലാണെന്നു്. ഇററലിയുമായുള്ള പരിചയം അദ്ദേഹത്തിന്റെ ഹൃദയത്തിന്നു വികാസംനല്കി. ഹൃദയം വിശാലമായതോടുകൂടി സാഹിത്യം, കല, ജീവിതം മുതലായവയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ജ്ഞാനം പൂൎവ്വാധികം വിപുലമായി.

അന്നത്തെ ജൎമ്മൻ മഹാകവികളിൽ പ്രഥമഗണനീയനായിരുന്ന ഷില്ലർ ഗീഥെയുടെ ഒരു ഉത്തമസുഹൃത്തായിരുന്നു. ചരിത്രപ്രസിദ്ധമാണു് ഇവരുടെ സ്നേഹപാരമ്യം. ഈ സ്നേഹശൃംഖല അന്യോന്യം സഹായമായിത്തീൎന്നിട്ടുണ്ടു്. ഗീഥെയിൽ അതൊരു പുതിയ ആവേശത്തെ ഉളവാക്കി. അസാദൃശമായ ബുദ്ധിസാമൎത്ഥ്യത്തിന്റെ പ്രസ്ഫുരണമായ ഷില്ലരുടെ കവനങ്ങൾ ഗീഥെക്കു മാൎഗ്ഗദൎശകങ്ങളായിത്തീൎന്നിട്ടുണ്ടു്.

ഷില്ലരുടെ ചരമവാൎത്ത ഗീഥെയെ വ്യാകുലപ്പെടുത്തി. അദ്ദേഹത്തിന്നുണ്ടായ വ്യസനത്തെ ഗീഥെ ഒരു ചെറുകവിതയിൽ രേഖപ്പെടുത്തിയിട്ടുമുണ്ടു്. രണ്ടു മഹാകവികളും കൈ കോൎത്തുപിടിച്ചു് നില്ക്കുന്ന രൂപത്തിൽ വിമാറിലുള്ള പ്രതിമ ഇവരുടെ സ്നേഹപാരമ്യത്തിന്റെ പ്രത്യക്ഷലക്ഷ്യമായി ഇന്നും സ്ഥിതിചെയ്യുന്നു. ഷില്ലരുടെ മരണം കഴിഞ്ഞു് ഇരുപത്തേഴുവൎഷങ്ങൾക്കുശേഷം തന്റെ എൺപത്തിമൂന്നാമത്തെ വയസ്സിൽ 1832ൽ ഗീഥെയും ചരമമടഞ്ഞു. ഗീഥെയേക്കാൾ മഹാന്മാരായ കവികൾ ലോകത്തിലുണ്ടായിരിക്കാം. പക്ഷേ അദ്ദേഹത്തെപ്പോലെ സൎവ്വതോമുഖമായ വിജ്ഞാനവും, വാസനയും, ലോകകാൎയ്യത്തിൽ ആഗ്രഹവും ഉള്ള മഹാകവികൾ വളരെ ചുരുക്കമാണെന്നുള്ളതിന്നു സംശയമില്ല.

ഞാറവീട്ടിൽ അപ്പുക്കുട്ടമേനോൻ.

# മൂന്നു്.

മൂന്നു് — അതെ, രണ്ടുമൊന്നുംകൂടി കൂട്ടിയാൽ കിട്ടുന്ന ആ മൂന്നു, ഒന്നിനെ മൂന്നുകൊണ്ടു പെരുക്കിയാൽ കിട്ടുന്ന ആ മൂന്നു് — ഇത്ര മാഹാത്മ്യമുള്ള ഒരു സംഖ്യയാണെന്നു ഞാൻ അറിയുന്നതു ഇദംപ്രഥമമായിട്ടാണു്. അല്ലയോ മഹാത്മൻ! അങ്ങയ്ക്കു ലോകത്തിലുള്ള സ്ഥാനം നിസ്തുലമാകുന്നു. ചുക്കില്ലാത്ത കഷായമില്ലെന്നും, ഗ്രാമഫോണില്ലാതെ 'സംബന്ധ'മില്ലെന്നും, കറിയില്ലാതെ ബാക്കില്ലെന്നും, വന്നിട്ടുള്ളതുപോലെ അങ്ങയുടെ സാന്നിദ്ധ്യമില്ലാത്ത കാര്യങ്ങളും ഒട്ടേറെ കുറവായിട്ടാണിരിപ്പു്. സേതുബന്ധന സംരംഭത്തിൽ ശ്രീരാമദേവനെ "തന്നാലായവിധം" സഹായിച്ച "അണ്ണാരിക്കണ്ണ"ന്റെ പുറത്തു് ഭഗവാൻ വാത്സല്യപൂർവ്വം തലോടിയപ്പോൾ ഉണ്ടായിത്തീർന്നതു വലിത്രയങ്ങളാണു്; വലിദ്വയമോ വലിചതുഷ്കമോ അല്ല. സ്വാമിയുടെ കൈയിന്നു മൂന്നു വിരലുകൾ [illegible] ഉണ്ടായിരുന്നുള്ളുവെന്നു് ആരുംതന്നെ ഇതുവരെ ശഠിക്കുന്നതായി കേട്ടിട്ടില്ല. അതുകൊണ്ടു ഭഗവാനും 'അഞ്ചുവിരലനായിരുന്നുവെന്നും അഞ്ചുവിരലുകൾകൊണ്ടു തലോടിയിട്ടും മൂന്നുവരകൾ മാത്രമേ പുറത്തു പതിഞ്ഞുള്ളുവെന്നും വന്നതു "മൂന്നിൽ" എന്തോ ഉണ്ടെന്നു സൂചിപ്പിക്കുകയല്ലേ ചെയ്യുന്നതു? മംഗളാവസരങ്ങളിൽ മുറക്കേണ്ടതു മൂന്നുംകൂട്ടുമാത്രമല്ലേ? അതിൽ ഒന്നു കൂട്ടുന്നതിനോ, അതിൽനിന്നൊന്നു കുറയ്ക്കുന്നതിനോ നമുക്കധികാരമില്ല. നാം പുകലയുപയോഗിക്കുന്നതുതന്നെ അനുവാദം കൂടാതെയാണു്. കുത്തകക്കാരൻ "ലൈസൻസു" വാങ്ങീട്ടില്ലായിരുന്നുവെങ്കിൽ തീർച്ചയായും നമുക്കെല്ലാം ശിക്ഷകിട്ടുമായിരുന്നു. സാക്ഷിയോ കക്ഷിയോ കോർട്ടിൽ ഹാജരുണ്ടോയെന്നു നിർണ്ണയിക്കുന്നതു മൂന്നു പ്രാവശ്യം വിളിച്ചു ചോദിച്ചിട്ടാണു്. ഹാജർവിളിയിൽ ഒന്നു കുറഞ്ഞുപോയാൽ സാധുശിപായിയുടെ "ചോറു കുന്തം!" ഗുരുതരമായ നടവടിത്തെറ്റ്! ലേലം സ്ഥിരപ്പെടണമെങ്കിൽ മൂന്നു വാക്കു തികയ്ക്കാതെ നിർവ്വാഹമില്ല. ഒന്നും രണ്ടും വാക്കുകൾ പുറത്തേയ്ക്കു കേട്ടില്ലെങ്കിലും വലിയ വൈഷമ്യമൊന്നുമില്ല. "മൂന്നുവാക്കു്" എന്നുള്ളതു അത്യുച്ചത്തിൽ കേട്ടാൽ മതി. പിന്നെ ചോദ്യമില്ല. സാക്ഷിവിസ്താരം പൂർണ്ണമാകണമെങ്കിൽ പ്രഥമവിസ്താരവും, എതിർ വിസ്താരവും, പുനർവ്വിസ്താരവും കഴിയണം. പുനർവ്വിസ്താരത്തിന്നു വകയില്ലെങ്കിൽ, പുനർവ്വിസ്താരമില്ലെന്നു് എഴുന്നേററുനിന്നു ബോധിപ്പിക്കണം. റിക്കാർട്ടാക്കിക്കണം. നിത്യകർമ്മങ്ങൾ മൂന്നുസന്ധ്യയ്ക്കും മുടങ്ങാതെ കഴിക്കണമെന്നാണു വെച്ചിട്ടുള്ളതു്. കാലത്തും, ഉച്ചയ്ക്കും, വൈകുന്നേരവും 'നീക്കുപോക്കു്' ഇല്ലാതെ കാപ്പികഴിച്ചാലും പോരായ്കയില്ല. വൈദ്യന്മാർക്കു ത്രിദോ

ഷകോപങ്ങളെപ്പററി സനിഷ്കർഷം പഠിക്കേണ്ടതത്യാവശ്യമാണ്. വിലവിവരപ്പട്ടിക നോക്കിയും ചികിത്സനടത്താമെന്നു പക്ഷാന്തരമുണ്ട്. അയ്യങ്കാരെ അയ്യരിൽനിന്നു. മൃഗ്ഗോപികൾകൊണ്ടു തിരിച്ചറിഞ്ഞുകൊള്ളണം. നല്ലവെള്ളയെ തിരിച്ചറിവാനും ഇപ്രകാരമൊരുപാധിയുണ്ടെന്നു കേട്ടിട്ടുണ്ട്. മൂപ്പനെ പിടിച്ചമുതലക്കു് അയാളെ വെള്ളത്തിൽ അവസാനമായി താഴ്ത്തുന്നതിനു മുമ്പിൽ മൂന്നുപ്രാവശ്യം പൊക്കിക്കാട്ടേണ്ട ചുമതലയുണ്ട്. ഔസ്യത്തിന്റെ കാര്യമോ മുതലയോടുള്ള "ബാക്കേം" എന്തുവേണമെങ്കിലും അപ്പോൾ കഴിക്കണം. കള്ളപ്പുള്ളികളെ "മുക്കാലി"മേൽ കെട്ടിട്ടുവേണമത്രെ അടിക്കുവാൻ. അല്ലാത്തപക്ഷം വേദനക്കു കുറവുവന്നേക്കും. ശിക്ഷക്കു ശക്തികുറഞ്ഞുപോകും. കാണികൾക്കു രസമില്ലാതായേക്കും. കൊച്ചുകിടാങ്ങൾക്കു കയറിനടക്കുവാൻ ത്രിചക്രവാഹനമാണ് വിധിച്ചിരിക്കുന്നതു്. പ്രായപൂർത്തിവരുമ്പോൾ തവളയുടെ വാൽ അന്തർദ്ധാനം ചെയ്യുന്നതു കണ്ടിട്ടായിരിക്കാം വലിയവരുടെ 'ചവിട്ടുവണ്ടി'ക്കും ഒരു ചക്രം കുറവുചെയ്തിട്ടുള്ളതു്. തേങ്ങക്കു കണ്ണു മൂന്നാണ്. മൂർത്തികൾ മൂവരാണ്. ക്രിസ്തീയരുടെ 'ത്രിത്വം' സുപ്രസിദ്ധമാണ്. പരമശിവന്റെ കണ്ണുകളും മൂന്നാണ്. ദശരഥ മഹാരാജാവിന്റെ പത്നിമാരും മൂന്നുപേരാണ്. ശുദ്ധമാകണമെങ്കിൽ മൂന്നുപ്രാവശ്യം മുങ്ങണം. 'ജലപിശാചു'ള്ളവർക്കു മുങ്ങുന്നതിനു കണക്കുമില്ല. പുണ്യാഹം തളിക്കുന്നതു മൂന്നുവട്ടമാണ്. ശീട്ടുകളിയിലെ 'മൂത്തനി'യുടെ രസമൊന്നു വേറെയാണ്. പാർല്ലിമെന്റ സഭയിൽ ബില്ലു പാസ്സാകണമെങ്കിൽ മൂന്നാം വായന കഴിയണം. മധുപകർന്ന ചിരട്ട മൂന്നു വിരലിന്മേൽ വെച്ചിട്ടുവേണം നിവേദിപ്പാൻ. ഭാരതീയ നിയമസഭകളുടെ കാലാവധി മൂന്നുകൊല്ലമാണ്. ദിവാനുദ്യോഗവും മൂന്നുകൊല്ലത്തേക്കാണ്. മുൻസിഫ്മാർക്കും മജിസ്ട്രേട്ടുമാർക്കും മുമ്മൂന്നുകൊല്ലം കൂടുമ്പോഴാണ് സ്ഥലമാററം. ഭൂമിമലയാളം തൃശ്ശൂരാണ്. ചുകന്ന താടിയുടെ തിരനോക്കു നന്നാകണമെങ്കിൽ കാണികളെ ചുരുങ്ങിയതു മൂന്നു പ്രാവശ്യമെങ്കിലും ഇച്ഛാഭംഗപ്പെടുത്തേണ്ടതത്യാവശ്യമാണ്. ഒന്നിൽ തെററിയാൽ കലാശിക്കുന്നതു മൂന്നിലായിരിക്കുമത്രെ. സംബന്ധവും സംബന്ധാലോചനയും പ്രായേണ ഇപ്രകാരമായി ഭവിക്കാറുണ്ട്. കരണങ്ങളും ത്രിവിധങ്ങളാണ്. ത്രിഫലയിലും മുക്കൂട്ടിലും മുമ്മൂന്നു മരുന്നുകൾ ചേർന്നിരിക്കുന്നു. കുററം കുററമാകുന്നതു മൂന്നാമത്തെ പതനത്തിലാണെന്നു ക്രിമിനാൽ നിയമകർത്താക്കന്മാർ ഉൽഘോഷിക്കുന്നുണ്ട്. ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നിങ്ങനെ മനോവൃത്തികളും മൂന്നാകുന്നു. കാലങ്ങളും മൂന്നാണ്. മനുഷ്യജീവിതത്തിലും മൂന്നു ദശകൾ കാണ്മാനുണ്ട്. ഈശ്വരധർമ്മങ്ങളും മൂന്നാകുന്നു. വാമനൻ മഹാബലിയോടർത്ഥിച്ചതും മൂന്നടിസ്ഥലമാണ്. ആശാരിക്കോലി

ന്റെ നീളം മൂന്നടിയാകുന്നു. ദേശീയ പതാകയുടെ വർണ്ണങ്ങളും മൂന്നു തന്നെ. "ജലംകൂട്ടിധരിക്കുമ്പോൾ" ഭസ്മം മൂന്നുവിരൽകൊണ്ടു വേണമത്രെ തൊടുവാൻ. വെങ്കിളിയടിക്കുംപോലെ, പുറമ്പോക്കു സ്ഥലമില്ലാതെ വെണ്ണീർ പൂശുന്നവർ ഇക്കാര്യത്തിൽ ഉൽപതിഷ്ണുക്കളാണ്, അവിശ്വാസികളാണ്, യുക്തിവാദികളാണ്, തെങ്ങിന്റെ വളം അപഹരിക്കുന്നവരാണ്, സസ്യങ്ങളുടെ കൊററ മുടക്കുന്നവരാണ്. കണക്കെഴുത്തു പുസ്തകങ്ങളിൽ കള്ളിവരയ്ക്കുന്നതു മൂന്നായിട്ടാണ്. നാളും പക്കവുമില്ലെങ്കിലും കൊല്ലം, മാസം, തിയതി ഇവ കൂടാതെ കഴികയില്ല. വരവുചിലവുകൾ ഇല്ലെന്നിരുന്നാലും ഉറുപ്പിക, അണ, പൈ എന്നിവയ്ക്കുള്ള സ്ഥാനം കണ്ടുവെക്കാതെ നിവാഹമില്ല. ഭരതശബ്ദത്തിൽ 'ഭ'ാവവും, 'ര'സവും, താളവും നിക്ഷിപ്തങ്ങളാണത്രെ. 'ഗോമതി'യിൽ 'ഗോ'ശ്രീയും, 'മ'ലബാറും, 'തി'രുവിതാംകൂറും ഉൾപ്പെട്ടിട്ടുണ്ടെന്നു സൂക്ഷ്മദൃക്കുകൾക്കറിയാം. പാണിനി സൂത്രങ്ങളിലും ഇങ്ങനെ എന്തോചില വിദ്യകൾ ഉള്ളതായി കേട്ടിട്ടുണ്ട്. പാതാളം, ഭൂലോകം, സ്വർഗ്ഗം എന്നിങ്ങനെ ലോകങ്ങളും മൂന്നാകുന്നു. അടുപ്പിന്റെ കല്ലുകളും മൂന്നാണ്. കലികൊണ്ട കോമരം മൂന്നുരു അട്ടഹസിക്കാറുണ്ട് കലിവന്നില്ലെങ്കിലും അട്ടഹാസത്തിൽ കുറവുവരുത്താറില്ല. ശംഖനാദം മുഴക്കുന്നതും ശംഖതീർത്ഥം തളിക്കുന്നതും മൂന്നുപ്രാവശ്യമായിരിക്കണം. പിതൃക്കൾക്കുള്ള ഉദകങ്ങളും മൂന്നാകുന്നു. ഓണേഴ്സ് കോഴ്സു മൂന്നുകൊല്ലമാണ്. ബി. എ. ഓണേഴ്സുകാരൻ മൂത്ത് എം. എ. ഓണേഴ്സ് ആകണമെങ്കിലും മൂന്നുകൊല്ലം കഴിയണം. സ്ത്രീവേഷം മൂത്തു ചുകന്നതാടിയാവാനും പൂച്ചമൂത്തു കോക്കാനാവാനും ദൈവഗത്യാ കാലമിത്രയാണെന്നു നിർണ്ണയിച്ചിട്ടില്ല. കാലഹരണനിയമത്തിന്നു മൂന്നുകൊല്ലത്തോടാണ് പക്ഷപാതം. മൂന്നു പ്രാവശ്യം ശിക്ഷിക്കപ്പെട്ടിട്ടുള്ളവരെയാണ് കേഡി റജിസ്റ്ററിൽ ചേർക്കുന്നത്. തുടർച്ചയായി മൂന്നു കുറി പരീക്ഷയിൽ തോല്ക്കുന്നപക്ഷം വിദ്യാലയം വിട്ടുകൊള്ളണമത്രെ. മോട്ടോർ ഏർപ്പാട് ഇത്ര വളരെ വർദ്ധിച്ചിട്ടുള്ള സ്ഥിതിക്ക് ഇങ്ങനെയൊരു നിബന്ധന അത്യാവശ്യം തന്നെയാണെന്നു തോന്നുന്നുണ്ട്. തുള്ളപ്പാട്ടുകളുടെ രീതികളും ത്രിവിധങ്ങളാകുന്നു. നേന്ത്രപ്പഴം നുറുക്കുന്നതു മൂന്നു കഷണങ്ങളായിട്ടു വേണമെന്നാണ പാചകചിന്താമണിക്കാരന്റെ വിധി. വൃത്തിഭേദമനുസരിച്ചു മനുഷ്യരെ മൂന്നായിട്ടാണ വിഭാഗിച്ചിരിക്കുന്നത്. അഭ്യാസികൾക്കു "മുച്ചാൺവടി" അത്യന്താപേക്ഷിതമാണ്. സത്വം, രജസ്സ്, തമസ്സ് എന്നിങ്ങനെ ഗുണങ്ങൾ മൂന്നെണ്ണമാകുന്നു. ചീഫ് കോടതിയിൽ മൂന്നു ജഡ്ജിമാരാണ്. "ഫുൾ ബെഞ്ചി"ന്നു ചുരുങ്ങിയതു മൂന്നു ന്യായാധിപന്മാർ

ദവണം. നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചതു മൂന്നു കാൎയ്യങ്ങൾക്കായിരുന്നു. മാതൃഭൂമിയുടെ മുദ്രാവാക്യങ്ങളും മൂന്നാകുന്നു. വിദ്യാലയങ്ങളിൽ പരീക്ഷകൾ നടത്തുന്നതു കൊല്ലത്തിൽ മൂന്നു പ്രാവശ്യമാണു്. വായന, എഴുത്തു, ഗണിതം എന്നിവയത്രെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ മൂന്നു സ്തംഭങ്ങൾ. സേവകപീഠത്തിന്റെ കാലുകളും മൂന്നാകുന്നു. മംഗലാപുരത്തുനിന്നു വരുന്ന ബ്രാഹ്മണൎക്കു മലയാളക്കരയിൽ റാവു, എമ്പ്രാൻ, പോററി എന്നിങ്ങനെ മൂന്നഭിധാനങ്ങളാണുള്ളതു്. ക്ഷത്രിയരുടെ ഇടയിൽ പ്രധാനമായി "വൎമ്മ"കളും മൂന്നാണു്—രാമവൎമ്മ, രവിവൎമ്മ, കേരളവൎമ്മ. യോഗങ്ങൾ മൂന്നെണ്ണമാകുന്നു—ഭക്തിയോഗം, കൎമ്മയോഗം, ജ്ഞാനയോഗം. ഈയിടെ ചില കരയോഗങ്ങളും, പൊതുയോഗങ്ങളും, അസാധാരണയോഗങ്ങളും നടക്കുന്നതായി പത്രങ്ങളിൽ വായിക്കാറില്ലെന്നുമില്ല. പാവങ്ങൾ പൂൎണ്ണമാക്കീട്ടുള്ളതു മൂന്നു പുസ്തകങ്ങൾകൊണ്ടാണു്. യേശുക്രിസ്തു ഉയൎത്തെഴുന്നേററതു മൂന്നാംദിവസമാണു്. മലയാളാദ്ധ്യാപകന്മാരുടെ ഉദ്യോഗപ്പേരുകളും മൂന്നാണു്—പണ്ഡിററ്, മുൻഷി, ലെക്ചറർ. വസ്തുക്കളുടെ അവസ്ഥാഭേദങ്ങളും മൂന്നാണു്—ഘനം, ദ്രവം, ബാഷ്പം. ശൂലത്തിന്റെ മുനകളും മൂന്നാണു്. ഇലതിന്നു ജീവിക്കുന്ന പുഴു മധുനുകൎന്നു നടക്കുന്ന ശലഭമാകുന്നതു മൂന്നാമത്തെ ദശാപരിണാമത്തിലാണു്. പൂണൂലിന്നു മൂന്നിഴയാണു വേണ്ടതു്. ഷാപ്പിൽനിന്നു വാങ്ങുന്നതായാൽകൂടി ഇഴയുടെ എണ്ണത്തിൽ കുറവു വരുത്തിക്കൂടാത്തതാണു്. കയറിന്നു പിരിമുറുക്കമുണ്ടാകണമെങ്കിൽ അതു മുപ്പിരിയാക്കാതെ തരമില്ല. ഒരു ഗണത്തിൽ മൂന്നക്ഷരങ്ങളുണ്ടായിരിക്കണം. വിളക്കുവെപ്പിനും, വഴിവാടിനും, മുറക്കാനും വക നീക്കാതെ തുടങ്ങുന്ന കുറികൾ കുറികളായിരിക്കയില്ല. "പച്ചപ്പല്ല"ന്മാൎക്കു കുറിയിൽ ചേരുവാൻ പാടില്ല. യുക്തിവാദിക്കു് അതിൽ സ്ഥാനമില്ല. പകൽ സമയത്തു നടത്തുന്നതായാലും വിളക്കുകൊളുത്തണമെന്നാണു് ഏൎപ്പാടു്. കുറി വിളുവരുത്തുന്നവൎക്കു മേലാൽ വെപ്പാനുള്ള സംഖ്യ ഒന്നായി അടക്കേണ്ടി വരുന്നതു മൂന്നു നറുക്കിന്നു തുടൎച്ചയായി പണമിറക്കാതിരിക്കുമ്പോഴാണു്. ഊട്ടിൽ വഴിപോക്കൎക്കു ഭക്ഷണം നല്കുന്നതു മൂന്നുനേരമാണു്. ബാങ്കുകാരുടെ "എക്പാൎട്ടി" കേസ്സുകളിൽ വക്കീലിന്നു ചോദിപ്പാനുള്ള ചോദ്യങ്ങളും മൂന്നാകുന്നു. കൂട്ടമണിയടിക്കുന്നതു ദിവസത്തിൽ മൂന്നു പ്രാവശ്യമാകുന്നു. വെളുപ്പാൻ എഴരക്കും, തൃപ്പുകക്കും പൊട്ടിക്കുന്നകതിനവെടിയും മൂന്നാണു്. വിഘ്നേശ്വരന്റെ സന്നിധിയിൽ "ഏത്ത"മിടുന്നതു ചുരുങ്ങിയതു മൂന്നു പ്രാവശ്യമാകുന്നു. ആത്മബന്ധു, പിതൃബന്ധു മാതൃബന്ധു എന്നിങ്ങനെ ബന്ധുക്കളെ മൂന്നു വകയായിട്ടാണു

ഹൈന്ദവധൎമ്മശാസ്ത്രത്തിൽ തരം തിരിച്ചിട്ടുള്ളതു്. ഇസ്ലാം നിയമപ്രകാരമുള്ള അവകാശികളും മൂന്നു തരക്കാരാണു്. ആണ്ടവതികൾ മൂന്നാണു്. മന്ത്രം ഭേദിച്ചു പോകുന്നതു മൂന്നുപേർ അറിയുമ്പോഴാണു്. "ആറു കൎണ്ണങ്ങൾ പുക്കാൽ മന്ത്രവും ഭേദിച്ചിടും" എന്നാണു പഞ്ചതന്ത്രക്കാരൻ പാടിട്ടുള്ളതു്. ഒരാൾക്കു രണ്ടു ചെവിയും കേൾക്കുമെന്നു വിചാരിച്ചു മാത്രമാണു് ആറു ചെവിയുടെ ഉടമസ്ഥന്മാരായി ഞാൻ മൂന്നു പേരെ കണക്കാക്കിട്ടുള്ളതു്. ഒരു ചെവി മാത്രം കേൾക്കുന്നവരാണെങ്കിൽ ശരിക്കു് ആറുപേർ തന്നെ വേണ്ടിവന്നേക്കും. "സ്വയംകൃതാനൎത്ഥം" ദോഷം സംഭവിച്ചതും മൂന്നു പേൎക്കാണു്. "ജംബുകോമേഷയുദ്ധേന ।। വയം ചാഷാഢഭൂതിനാ ।। ദൂതികാപരകാൎയ്യേണ ।। ത്രയോദോഷസ്വയംകൃതഃ" എന്നു പഞ്ചതന്ത്രത്തിൽ വായിച്ചിട്ടുണ്ടു്. കുറുക്കനും, എനിക്കും, ദൂതികൎക്കും മാത്രമായി ദോഷം സംഭവിച്ചതിൽ അത്ഭുതമുണ്ടു്. എല്ലാ ജാതിക്കാൎക്കും ദോഷാനുഭവത്തിൽ തുല്യമായ പ്രാതിനിധ്യം നല്കേണ്ടതായിരുന്നു. പഞ്ചതന്ത്രത്തിൻെറ പരിഷ്ക്കരിച്ച പതിപ്പിൽ ഈ ദോഷം പരിഹരിക്കപ്പെടുമെന്നു തന്നെ നമുക്കാശിക്കാം. എതു കാൎയ്യത്തിന്നായാലും മൂന്നുപേർ ഒന്നിച്ചു പൊയ്ക്കൂടാത്തതാണു്. ഫുൾബെഞ്ചിൽ കേസ്സു ദോഷമാകുന്നതു മൂന്നു ജഡ്ജിമാർ വിചാരണ ചെയ്തിട്ടാണു്. കളവുകൾ തെളിയാത്തതു് ഇൻസ്പെക്ടരും രണ്ടു പോലിസ്സുകാരും കൂടി പോയി അന്വേഷിച്ചിട്ടാണു്. രണ്ടു സ്ഥാനാൎത്ഥികൾ തോററുപോകുന്നതു മൂന്നുപേർ ചേൎന്നു തിരഞ്ഞെടുപ്പിനു നില്ക്കുകൊണ്ടാണു്. മേലാൽ ഈ തെററു പററാതെ കഴിക്കുവാൻ എല്ലാവരും ശ്രമിക്കേണ്ടതുതന്നെയാണു്, സംശയമില്ല. 'മൂന്നാളു'കളിൽ പിറന്നവർ പരസ്പരം യോജിക്കുവാൻ വഴിയില്ലപോലും. കീരിയും പാമ്പും പ്രായേണ മൂന്നാളുകളിൽ ജനിച്ചവരായിരിക്കും. പൂച്ചയും എലിയും, ഗരുഡനും സൎപ്പവും, പൊന്മയും മത്സ്യവും, പുലിയും മാനും എതാണ്ടു ഈ ഗണത്തിൽതന്നെ ചേരും. സഖ്സ്സുകാൎക്കു മൂന്നാളിൻെറ ഉപദ്രവം ബാധിക്കുന്നതല്ല. അവരെ ആരാണു് ഇതിൽ നിന്നൊഴിവാക്കിയതെന്നു് അറിയുന്നതിനു കുറെയേറെ ആഗ്രഹം തോന്നുന്നുണ്ടു്. വിരുന്നു പാൎപ്പാൻ പോയാൽ മൂന്നാംദിവസം മടങ്ങുവാൻ പാടില്ലത്രെ. ബന്ധുക്കളെ അത്രക്ഷണം വിട്ടു പോന്നുകൂടാ. ഭക്ഷിച്ചു തോല്പിക്കുക തന്നെ വേണം. എന്നാണു പോകുന്നതു് എന്നു് അവർ ചോദിപ്പാൻ തുടങ്ങുന്നതുവരെ ബന്ധുഗൃഹത്തിൽതന്നെ കൂടണമെന്നൎത്ഥം. തലയിൽ "മൂച്ചുഴി"യുണ്ടെങ്കിൽ മനുഷ്യനാണെങ്കിൽ മുടിയനാകുമത്രെ. മൃഗമാണെങ്കിൽ അതിൻെറ ഉടമസ്ഥനെ മുടിപ്പിക്കുമെന്നും പറയുന്നുണ്ടു്. കള്ളുകുടിയന്മാർ അധികവും മൂച്ചുഴിക്കാരായിരിക്കും.

പന്തയക്കുതിരക്കാരും അവയുടെ ഉടമസ്ഥന്മാരും മുമ്മൂന്നു ചുഴി കാണാം. സിവിൽ കോടതികളുടെ ഇറയത്തു് ഏററവും വലിയ കടലാസ്സുകെട്ടുകളുമായി ചുററിക്കൂടുന്ന മഹാപുരുഷന്മാരുടെ തലതാഴ്ത്തി നോക്കിയാൽ കാണുന്നതും മുച്ചുഴിയായിരിക്കുമത്രെ. "മുപ്പൂരം" യാത്രയ്ക്കും കൃഷിക്കും വിഹിതമല്ല. മൂപ്പൂരമറിയാതെ യാത്രചെയ്കയോ വിതയ്ക്കുകയോ ചെയ്താൽ പോയവൻ മടങ്ങിവരികയോ ഭൂമിയിൽ വിളവുണ്ടാകയോ ചെയ്യുന്നതല്ല പോൽ. "വിതയ്ക്കിൽ" വിളയാപ്പൂരമൌ യാത്ര പോകിലവൻ വരാ" എന്നാണു പ്രമാണം. 'ടിററാനിക്' കപ്പൽ മഞ്ഞുകട്ടമേൽ ചെന്നടിച്ചു തകൎന്നു പോയതും അമേരിക്കക്കാരുടെ 'ലൂസിററാനിയ' എന്ന കപ്പൽ ജൎമ്മൻകാരാൽ നശിപ്പിക്കപ്പെട്ടതും മുപ്പൂരം വകവെക്കാതെ യാത്ര ചെയ്തിട്ടല്ലെന്നു് ആരറിഞ്ഞു? ഇതുവരെയുണ്ടായിട്ടുള്ള കോൾനാശങ്ങളും നാളുനോക്കാതെ പാടത്തു വിത്തിറക്കിയതുകൊണ്ടാവണം. കല്ലുകളിയിൽ "മുച്ച" വീഴുന്നതും ചൂതാട്ടത്തിൽ രണ്ടത്തൊന്നു് വരുന്നതും തോല്മയാകുന്നു. മുച്ച വീഴാതിരിപ്പാനും രണ്ടത്തൊന്നു കൂടാതെ കഴിപ്പാനും 'ദ്രുതപം' എന്ന മൂന്നക്ഷരംതന്നെ വേണം. മൂന്നിന്റെ പട്ടിക ഇതിലധികം ദീൎഘിപ്പിക്കുന്നതു വായനക്കാൎക്കു 'നിരസ' ജനകമാണെന്നും വന്നേക്കും.

മേൽകാണിച്ച ഉദാഹരണങ്ങൾ മൂന്നിന്നു നാം വിചാരിക്കുന്നതിൽ എത്രയോ വലുതായ ഒരു സ്ഥാനമുണ്ടെന്നു വെളിവാക്കുന്നുണ്ടല്ലോ. അതു മാത്രമല്ലാ, ദോഷഭാഗത്തേക്കാൾ മൂന്നിൽ ഗുണാംശമാണു് അധികമെന്നും വ്യക്തമാകുന്നുണ്ടു്. മൂന്നിന്നു ഇത്ര വലിയ ഒരു സ്ഥാനം എങ്ങനെ ലഭിച്ചു? അതിന്നുള്ള കാരണമെന്തു്? ഇതിനെ പററി നമുക്കു കുറഞ്ഞൊന്നു ചിന്തിച്ചുനോക്കാം. എന്റെ അറിവിൽ പെട്ടേടത്തോളം മൂന്നിന്നു പ്രാധാന്യമോ പ്രചാരമോ കിട്ടുവാനുള്ള ഹേതുക്കളും മൂന്നാകുന്നു. മാമൂൽ പ്രീതി, സൌകൎയ്യേച്ഛ, അന്ധവിശ്വാസം എന്നിവയാണു് ആ കാരണങ്ങൾ. മാമൂൽ പ്രീതിയൊന്നു മാത്രമാണു് അതിന്നുള്ള ഹേതുവെന്നു വാദിക്കുന്ന ഒരു കൂട്ടം ജനങ്ങളുണ്ടു്. അവരോടു എനിക്കു ചോദിക്കുവാനുള്ളതു് അടുപ്പിന്നു കല്ലു മൂന്നാകുവാൻ മാമൂൽ പ്രീതി എത്രത്തോളം കാരണമായിട്ടുണ്ടെന്നാണു്. അടുപ്പിൽ കല്ലു നാലെണ്ണമാക്കിയാൽ എത്ര അസൌകൎയ്യമുണ്ടാകുമെന്നു ഇവർ ആലോചിച്ചിട്ടുണ്ടോ? വായു കടപ്പാനും വിറകു പൂട്ടുവാനും ഏററവും സൌകൎയ്യം മൂന്നു കല്ലുവെക്കുമ്പോഴാകയാലല്ലേ അടുപ്പിന്നു കല്ലു മൂന്നാക്കിട്ടുള്ളതു്? "മുത്തച്ഛന്റെ കാലം മുതൽ" അടുപ്പിന്നു മൂന്നുകല്ലാണു്. ഞാനും മുത്തച്ഛൻ പോയ വഴിക്കുതന്നെ പൊയ്ക്കൊള്ളയാം" എന്നുള്ള വിചാരമാണു് അടുപ്പിന്നു മൂന്നു കല്ലാ

248



ക്കുവാൻ പൌത്രനെ പ്രേരിപ്പിച്ചതു് എന്നു പറയുന്നതു പരമാബദ്ധമായിവരികയില്ലേ? ഇതു പ്രകാരംതന്നെ കയറിന്നു മുറ്റിരിയാക്കിയതും, തുഫലയിലും മുക്കുമിലും മൂന്നുമരുന്നുകൾ വീതം ചേൎത്തുവരുന്നതും മാമൂൽ പ്രീതികൊണ്ടാണെന്നു് എങ്ങനെ സമൎത്ഥിക്കും? പല മൂന്നുകളുടേയും സ്ഥിതി ഈവിധം തന്നെയാണു്.

'സൌകൎയ്യേച്ഛ'യൊന്നുകൊണ്ടാണു് മൂന്നിന്നു പ്രാധാന്യം സിദ്ധിച്ചിരിക്കുന്നതെന്നു ശഠിക്കുന്ന ചിലരുണ്ടു്. അവരോടു എനിക്കു ചില ചോദ്യങ്ങൾ ചോദിപ്പാനുണ്ടു്. മൂന്നു വിരൽ കൊണ്ടു ഭസ്മം തൊടുന്നതു സൌകൎയ്യമോൎത്താണെന്നു പറയുന്നതു വിഡ്ഢിത്തമല്ലേ? മൂന്നു വിരൽ കൊണ്ടു ഭസ്മധാരണം ചെയ്യുന്നതിൽ അധികം സൌകൎയ്യമായിട്ടുള്ളതു് ഒരു വിരൽകൊണ്ടു തൊടുന്നതിന്നല്ലേ? അയ്യങ്കാൎക്കു നെററിത്തടത്തിൽ മൂന്നു ഗോപി വരയ്ക്കുന്നതിൽ അധികം സൌകൎയ്യം ഒററഗോപിയോ 'ഇരട്ടഗോപി'യോ വരക്കുന്നതിന്നല്ലേ? മുക്കൂട്ടിൽ ഒററ മരുന്നു ചേൎപ്പാനല്ലേ അധികം എളുപ്പം? ത്രിമൂൎത്തികളെ കല്പിക്കുന്നതിൽ കൂടുതൽ സൌകൎയ്യം ഒരു മൂൎത്തിയെ കല്പിയ്ക്കുന്നതിന്നല്ലേ? ഓണേഴ്സ് പഠിച്ചു ഒരു കൊല്ലംകൊണ്ടവസാനിപ്പിയ്ക്കുന്നതല്ലേ വിദ്യാൎത്ഥികൾക്കും രക്ഷിതാക്കന്മാൎക്കും സൌകൎയ്യം? ഒരു വായനകൊണ്ടു തന്നെ ഒരു ബില്‍ നിയമമാകുന്നതായിരിക്കയില്ലേ നിയമസഭക്കു ഏററവും സൌകൎയ്യം? ദൃഷ്ടാന്തങ്ങൾ വേണമെങ്കിൽ ഇനിയും വൎദ്ധിപ്പിക്കാം. പക്ഷേ പ്രകൃതത്തിലേയ്ക്കു ഇവതന്നെ ധാരാളമാണു്.

'അന്ധവിശ്വാ'സവാദികളോടും ചിലചോദ്യങ്ങൾ ചോദിച്ചുകൊള്ളട്ടെ. ഊട്ടിൽ പോകുന്നവൎക്കു മൂന്നുനേരം ഭക്ഷണം കൊടുക്കുന്നതു അന്ധവിശ്വാസംകൊണ്ടാണെന്നു പറവാൻ തരമുണ്ടോ? ഉള്ളൂപ്പാട്ടുകൾ മൂന്നുവിധമായിത്തിൎന്നിട്ടുള്ളതു എന്തു കാരണത്താലാണു്? മുച്ചാൺവടിയ്ക്കു നിളംകൂട്ടാത്തതു അന്ധവിശ്വാസംകൊണ്ടാണോ? ദിവസത്തിൽ മൂന്നുപ്രാവശ്യം കൂട്ടമണി മുട്ടുന്നതു എന്തു പ്രത്യേകകാരണത്താലാണു്? ശൂലത്തിന്റെ മുനകൾ മൂന്നായിട്ടുള്ളതു അന്ധവിശ്വാസിയായ കരുവാന്റെ കൈക്കുററപ്പാടായതുകൊണ്ടാണോ? തീൎച്ചയായും ഇവയൊന്നും അന്ധവിശ്വാസജന്യമാകാൻ തരമില്ല.

വാസ്തവത്തിൽ മൂന്നിന്റെ മററിമക്കു മുൻപറഞ്ഞ മൂന്നു കാരണങ്ങളും ഉത്തരവാദികളാണു്. കോടതികളിൽ പേർ വിളിച്ചു ചോദിക്കുന്നതു മൂന്നു പ്രാവശ്യമായിരിക്കണമെന്നു വെച്ചിട്ടുള്ളതു വെറും മാമൂൽ പ്രീതികൊണ്ടാണു്. ശുദ്ധമാകണമെങ്കിൽ മൂന്നുപ്രാവശ്യം മുങ്ങണമെന്നു പറയുന്നതു മികച്ച അന്ധവിശ്വാസത്തിന്റെ ഫലമാണു്. മൂന്നു

പേർചേൻറ് യാതൊരു കാൎയ്യവും ഇറങ്ങിക്കൂടെന്നു പറയുന്നതും ഒന്നിൽ തെററിയാൽ മൂന്നിൽ കലാശിക്കുമെന്നു പറയുന്നതും ഈഗണത്തിൽ തന്നെ പെടുന്നതാകുന്നു. മൂന്നാളുകളിൽ ജനിച്ചിട്ടുള്ളവർ സൌഹാൎദ്ദത്തോടുകൂടി വൎത്തിക്കുന്നതും ഒന്നാമത്തെ ഭാൎയ്യ മരിച്ചിട്ടും മൂന്നുപ്രാവശ്യം വേൾക്കാതിരിക്കുന്നതും കാണുന്നുണ്ട്. മൂപ്പൂരത്തിൽപെട്ട ഒരു നാളിൽ യാത്രപോയിട്ട് മടങ്ങിവരുന്നതും അന്നു വിതച്ചിട്ടു വിളവുണ്ടാകുന്നതായിട്ടാ അനുഭവമുണ്ട്. മന്ത്രിസഭകളിൽ മൂന്നിലധികം മെമ്പർമാർ ഉണ്ടായിരുന്നിട്ടും അവരുടെ തീരുമാനങ്ങൾ എത്രയും ഗോപ്യങ്ങളായിതന്നെ ഇരിക്കുന്നുണ്ട്. ഗുണങ്ങൾ മൂന്നായതു മാമൂലിൻെറ ഫലമല്ല. വസ്തുക്കളുടെ അവസ്ഥാഭേദങ്ങൾക്കു പ്രകൃതിനിയമങ്ങൾതന്നെയാണു കാരണം. പാവങ്ങൾ മൂന്നു പുസ്തകങ്ങളായി പ്രസിദ്ധം ചെയ്തിട്ടുള്ളതു സൌകൎയ്യമോൎത്തു മാത്രമാണ്. മൂന്നു കുറി മുടക്കംവരുത്തിയാൽ സംഖ്യ ഒന്നായി കെട്ടിപ്പിക്കുന്നതും, വിളക്കുവെപ്പിനും വഴിവാടിനും മുറക്കാനും വകകാണുന്നതും അനുകണഭ്രമംകൊണ്ടാണ്. മംഗലാപുരത്തുനിന്നു "ശാന്തി" തേടിവരുന്ന ബ്രാഹ്മണൎക്കും മൂന്നു പേരുകൾ പറയുന്നതു ദേശഭേദംകൊണ്ടാണ്. ചില മലയാളമാസികകൾ ആണ്ടിൽ മൂന്നുപ്രാവശ്യം പുറപ്പെടുന്നതു ദാരിദ്ര്യത്തിൻെറ ഫലമാണ്. ഫുൾബെഞ്ചിൽ മൂന്നു ജഡ്ജിമാർ വേണമെന്നു വെച്ചിട്ടുള്ളതു് അഭിപ്രായവ്യത്യാസമുണ്ടായേക്കാമെന്നു കരുതിട്ടാണ്. നേന്ത്രപ്പഴം മൂന്നു കഷണങ്ങളാക്കിനുറുക്കുന്നതു തിന്നാനുള്ള സൌകൎയ്യമോൎത്തിട്ടാണ്. സേവകപീഠത്തിന്നു കാലുമൂന്നാക്കിട്ടുള്ളതു് നാലാമത്തൊരുകാൽ അനാവശ്യമാകയാലാണ്. ക്ഷത്രിയരുടെ പേരുകൾക്കു പരിധി കല്പിച്ചിട്ടുള്ളതു ചരിത്രപരങ്ങളായ കാരണങ്ങൾകൊണ്ടുമാത്രമാകുന്നു. വഴിപോക്കൎക്കു മൂന്നുനേരം ഭക്ഷണം കൊടുത്തുവരുന്നതു ഭക്ഷിക്കുന്നതിനുവേണ്ടി ജനങ്ങൾ വഴിപോക്കരാകാതെ കഴിപ്പാനാണ്. ദേശീയ പതാകയുടെ വൎണ്ണങ്ങൾ കുങ്കുമവും, വെളുപ്പും, പച്ചയും ആക്കിയതു ഒരു പ്രത്യേക കാരണത്താലാണ്. മററുനിറങ്ങളൊന്നും കിട്ടാത്തതുകൊണ്ടല്ല. കുട്ടികൾക്കു ത്രിചക്രവാഹനം നല്കുന്നതു് അവർ വീഴാതിരിപ്പാൻ വേണ്ടിയാണ്. ശിവനു തൃക്കണ്ണുകൾ മൂന്നാണെന്നു സങ്കല്പിച്ചിട്ടുള്ളതു നാളികേരം നോക്കിട്ടായിരിക്കയില്ല. ബില്ലുകൾ മൂന്നാവൎത്തിവായിക്കുന്നതു ബദ്ധപ്പാടുകൊണ്ടുള്ള ന്യൂനതകൾ വരാതെ കഴിപ്പാനാണ്. മൂൎത്തികൾ മൂന്നായിട്ടുള്ളതു ഹിന്ദുമതത്തിൻെറ പ്രത്യേകതയല്ല. അതുകൊണ്ടു മൂന്നിൻെറ പ്രാധാന്യം ഒരു കാരണത്തെ മാത്രം ആശ്രയിച്ചല്ലാ ഇരിക്കുന്നതു്.

എ. രാമപൊതുവാൾ ബി. എ., ബി. എൽ.

# അന്വേഷണം.

കവിൾ ചോദിച്ചു:—"കൊച്ചു-
തെന്നലേ, ഭവാനാരെ-
ക്കവിയും പ്രേമം മൂലം
വെമ്പലാർന്നന്വേഷിപ്പൂ?
ഇല്ല വിശ്രമമായു-
ന്നില്ല മറ്റൊരു ചിന്ത,
യല്ലിലും പകലിലും
ഭ്രാന്തനെപ്പോലോടുന്നു!
കൊച്ചലർ തവോന്മാദ
ചാപലം കണ്ടിട്ടാവാ-
മുച്ചലം പകച്ചുലം
നോക്കുന്നു മേലും കീഴും.
പ്രേമത്തിൻ പേരൊന്നല്ലീ
ശബ്ദിപ്പതവ്യക്തം നീ,
പ്രേമത്തിൽ ലഹരിയാ-
ലുറങ്ങുന്നില്ലല്ലീ കാൽ?
അന്യന്നു ലഭിക്കയി-
ല്ലീദൃശം ദിവ്യസ്നേഹ-
മന്യമന്മാർക്ക്; സത്യം,
ഞാനിതിലസൂയാലു.
തിരയൂ! വേഗം തോഴ,
തിരയൂ! മുളങ്കാട്ടിൻ-
ചിരിയെഗ്ഗണിക്കാതെ;
യില്ലതിനന്തസ്സാരം."
ഉദയനിശ്വാസത്തോടുച്ചരിച്ചിതക്കാറ്റു
സഭയം മദംഗത്തെത്തടവിസ്സഗൽഗദം:—
"ശ്രീമൻ, നിന്നനുമാനം
തെറ്റല്ല; ചുറ്റുന്നു ഞാൻ
പ്രേമസർവ്വസ്വത്തിന്റെ
മുഖദർശനത്തിനായ്.
ചിരകാലമായ് ഞങ്ങൾ
വേർപിരിഞ്ഞിട്ടു; നാളും

സ്വൎണ്ണ നട്ടക്കനി-
ന്നെന്നെയിട്ടലട്ടുന്നു.
ഞാനന്നൎപ്പാള്ളാദി-
പ്പുലർ കാലത്തി,പ്പാരം
വാനു മനോന്ന്യം നോക്കി
ശ്ശോകമൂകമായ് നിൽപാം.
മാമകപാർശ്വസ്ഥലം
ശ്ശൂന്യമായ്കണ്ടു; പോയോ-
ളോമലാളയ്യോ! രാഗ-
വിശ്വാസ പരീക്ഷാൎത്ഥം.
വേണിയന്നോഴന്നാ രണ്ടാ
വെൺതാരമന്ദാരപ്പൂ
വേണിയിങ്കൽ നിന്നുതിൎന്നു
വീണിരുന്നിത്തു പോകെ;
കളന്തൂ പൂരാരാവം
കേട്ടുഞാനയ്യോ പക്ഷി-
ഗളനിർഗ്ഗളന്നാദ-
മെന്നല്ലോ വിചാരിച്ചു!
പുലരിത്തുട്ടപ്പെന്നു
ചിന്തിച്ചുപോയീ പാദ-
മലരിന്നലക്തക-
രക്തമാം പാടന്നേരം.
കനകാംഗുലീയക
മൂരിയിട്ടുന്നത-
നിൻബിംബമാണെന്നു
ഞാൻ വിചാരിച്ചുമൂഢൻ.
മാനിമോൎമ്മസ്സായിട്ട-
പോയ പട്ടുവമാല്യ
വാടിഭശകലമെ-
ന്നോൎത്തു ഞാൻ സൂക്ഷിച്ചില്ല.
പ. ദാലം പാദാവാര-
മെന്നോൎത്തു പാദാരക്ത-
പ്പാടണിച്ചുളി വിരി-
തലപ്പിൽ ചുംബിച്ചില്ല.

അന്നു തൊട്ടന്വേഷിപ്പൂ
നാലുദിക്കിലും തെണ്ടി-
യെന്നുടെ കഥമാ-
നാരസസ്വരൂപത്തെ.
കണ്ടവരില്ലാ പാരിൽ;
കണ്ടുവെന്നുരപ്പവർ
കണ്ടവരല്ലാ; കാണാൻ
ഞാൻ സ്വയം യതിക്കേണം.
ആരെ ഞാനന്വേഷിപ്പ-
താപ്രേമപുഞ്ജം തന്നെ
തിരയില്ലെന്നോതുന്ന
നാവെനിക്കവിശ്വാസ്യം.
ആ മുഗ്ദ്ധമുല്ലപ്പൂക്കൾ
മുകരുന്നനേരം ഞാ-
നാമുഖമനോഹര-
സൗരഭം സ്മരിക്കുന്നു.
ചോലയിൽ സതൃഷ്ണനായ്
ചുണ്ടടുപ്പിക്കെ സ്നിഗ്ദ്ധ-
ലോലമാംകപോലത്തിൻ
തണുപ്പു ഞാനോർമ്മിപ്പൂ.
മാനസം സ്മരണയാ-
ലുന്മത്തമാവില്ലല്ലോ
ഞാനലഞ്ഞന്വേഷിക്കു-
മോമൽ മിത്ഥ്യയാണെങ്കിൽ.
വല്ലിതൻ പരിമൃദു-
പല്ലവക്കൈത്തണ്ടിന്മേ-
ലുല്ലസന്നീഹാരത്തു-
വെൺവിരിക്കിടക്കമേൽ,
ഇല്ലമേ മനശ്ശാന്തി;
യോമലിന്നരികത്തു
വല്ലകാലത്തും ചെല്ലാം;
ഈയാശയാണെൻശക്തി.
ക്ഷീണനായ് നിശീഥത്തിൽ
വീതബോധനായ് കാട്ടിൽ

വീണുപോകും ഞാൻ; കാണാ-
തോമലാളുടനെത്തും;
ശീതളകരത്തിനാൽ
തടവും; പിടഞ്ഞേൽക്കും
പ്രീതനായ് ക്ഷണത്താലേ
—വിലപിക്കുവാൻ മാത്രം.
ഉറങ്ങും കടലിനെ-
ച്ചെന്നുണർത്തി ഞാൻ 'തോഴർ
പറഞ്ഞുതരണമെ-
ന്നോമലെങ്ങെന്നായ് ചൊൽകെ,
ദീനനാമിവൻ ഭ്രാന്ത-
നാണെന്നു ചിന്തിച്ചാവാം
ഫേനപ്പുല്ലിവമ്മിക്കൊ-
ണ്ടുറക്കെഗ്ഗർജ്ജിക്കുന്നു.
പാദപത്തലപിടി-
ച്ചിടഞ്ഞു കുലുക്കിഞാൻ
പാരമുൽക്കണ്ഠാഭാര-
മാന്റെന്തു ചോദിച്ചീല,
കമ്പിതാംഗമായ് "അയ്യോ,
കണ്ടില്ല"യെന്നല്ലാതെ
വെമ്പിടും തരു തരു-
ന്നില്ലമേ സമാധാനം.
ധ്യാനനിശ്ചലം നിൽക്കും
പർവ്വതം ചൂണ്ടിക്കാട്ടി
വാനിൻനേർക്കുകത്തികൽ
വീണുഞാൻ വിലപിക്കെ;
താനറിഞ്ഞില്ലെന്നപ്പോൾ
സുവ്യക്തമാക്കി നാകം
മൗനത്താൽ; നിരന്തമോ
ദുസ്സഹം വിരഹമേ"!

ജി. ശങ്കരക്കുറുപ്പ്.

# മുള്ളുകൾക്കുള്ളിലെ മലർക്കുല.

അകൃത്രിമരണീയങ്ങളായ പദാൎത്ഥങ്ങളാകട്ടെ നിരാഡംബരസുന്ദരങ്ങളായ ജിവിതഗതികളാകട്ടെ ലോകത്തിന്റെ ദൃഷ്ടിയിൽ പെടുന്നതു അനേകകാലത്തെ അവഃഹേളനത്തിനുശേഷം മാത്രമാണ്. പാശ്ചാത്യപരിഷ്ക്കാരാനിലൻ പൌരസ്ത്യദേശങ്ങളിലേക്കു വീശിത്തുടങ്ങിയതുമുതൽ ഇന്ത്യയുടെ ദൃഷ്ടി സശ്രദ്ധം പതിഞ്ഞുപായി, ഭൌതികപരിഷ്ക്കാരങ്ങളിലും ആത്മസംസ്ക്കാരദൂരീകരണങ്ങളിലും. ഇപ്രകാരം ധൂളീധൂസരമായ ഒരന്തരിക്ഷത്തിൽ നൈസൎഗ്ഗികമായ പ്രകാശം കൊണ്ടു തിളങ്ങിനില്ക്കുവാൻ പ്രാപ്തിയുള്ളതാരങ്ങളുടെ അഭാവത്താലും അനുകരണഭ്രമംമൂലം പുതുമയുടെ പിന്നാലെ പാഞ്ഞു അന്ധകാരത്തിൽ ലയിക്കുന്ന നക്ഷത്രതതികളുടെആവിൎഭാവത്താലും ഭാരതത്തിന്റെ സുശോഭനമായിരുന്ന അന്തരിക്ഷം അല്പകാലത്തേക്കു മലിനമായി. അതിശയിപ്പാനില്ല, ഇപ്രകാരമുള്ള ഘട്ടങ്ങൾ ലോകചരിത്രത്തിൽ ദുൎല്ലഭങ്ങളല്ല.

പുതുമ എവിടേയും ആനന്ദപ്രദമാണ്. മഹാന്മാർ പറയുന്നു, സൌന്ദൎയ്യത്തിന്റെ രൂപം പുതുമയാണെന്നു്. "ക്ഷണേക്ഷണേയന്നവതിമുപൈതി തദേവരൂപം രമണീയതായാഃ" പക്ഷെ ഇതു മറക്കത്തക്കതല്ല. സുന്ദരങ്ങളായ വസ്തുക്കൾ മുഴുവൻ അനുഭവിക്കുന്നതിന്നു തുനിയുന്നതായാൽ അതിന്നു പ്രത്യേകമായ ഒരു പേരുണ്ടു്, ഭ്രാന്തു്. ആസ്വദിക്കുക, ആവുന്നേടത്തോളമാസ്വദിക്കുക; എന്നാൽ അനുകരിക്കുന്നതു തങ്ങളുടെസ്ഥിതിഗതികളുടെ ഔചിത്യം പോലെആയിരിക്കണം. ആരംഭത്തിൽ പാശ്ചാത്യരാജ്യങ്ങളിൽനിന്നുവന്നിരുന്ന സാധനങ്ങളെല്ലാം പുതുമയുള്ളവയായിരുന്നു. ഭാരതത്തിന്നു കണികാണുന്നതിന്നുകൂടി കഴിയാത്ത സാധനങ്ങൾ അവർ ഇവിടെ ഇറക്കുമതി ചെയ്തിരുന്നു. അതിനൎത്ഥമില്ല, നമുക്കുവേണ്ടിയാണു അവർ അതു കൊണ്ടുവന്നിരുന്നതെന്നും, നാം അതു വാങ്ങിക്കുന്നതിന്നു നിൎബ്ബന്ധിതരാണെന്നും. ആൎഷഭൂമിയുടെ അഭിമാനംതന്നെ ആത്മസംസ്കരണമായിരുന്നു. ഭൌതികങ്ങളായസകല അഭിവൃദ്ധികൾക്കും പാശ്ചാത്യർ നമുക്കു മാൎഗ്ഗദൎശികളായിരിക്കാം. ഞാൻ വിസമ്മതിക്കുന്നില്ല. എന്നാൽ ആത്മീയോൽക്കൎഷത്തിൽ ആനതമൌലികളായി ആൎഷഭൂവിനെ വീക്ഷിക്കാതെ അവൎക്കു ഗത്യന്തരമില്ല. സ്വാഭിമാനം വിറ്റും ഭാരതം വാനരാചാരം സ്വീകരിച്ചു. അന്ധകാരാവൃതമായ ഒരു രജനിയിൽകൂടി നടക്കുകയായി, ബാലികകളും ബാലന്മാരും, യുവതികളും യുവാക്കന്മാരും, വൃദ്ധകളും വൃദ്ധന്മാരും. എന്നാൽ "അന്ധകാരത്തിയിലും പു

ഷ്പങ്ങൾ വികസിക്കാറില്ലേ? വിജനമായ വിപിനാന്തരത്തിലും കോകിലം കൂകാറില്ലേ? മേഘച്ഛന്നമായ ആകാശത്തിലും ചന്ദ്രൻ വിഹരിക്കാറില്ലേ?" ഏതാദൃശമായ ഘട്ടത്തിൽ നേർവഴി തെളിക്കുന്നതിന്നു ഒരു ചന്ദ്രബിംബമുദിച്ചു: 'ചാന്ദബിബി.' നിങ്ങൾ കേട്ടിട്ടില്ലേ ലോകത്തിൻെറ നാശത്തിൽ അതിനെ ഉദ്ധരിക്കുന്നതിന്നു ഓരോ അവതാരങ്ങൾ സാധാരണങ്ങളാണെന്നു്? അപ്രകാരം നമ്മുടെ മാതാവിൻെറ ദുർദശയെ ദൂരീകരിക്കുവാൻ ഉദിച്ചതാണു ഭാരതത്തിൻെറ അഭിമാന പുഞ്ജം. ഭാരതം ഇന്നും വിങ്ങിടുന്നുണ്ടു്, ആ സുവൎണ്ണകാലത്തെ സ്മരിച്ചുകൊണ്ടു്.

കവിപറയുന്നു:—"ലോകത്തിൻെറ ചില്ലയിൽ രണ്ടുപുഷ്പങ്ങളേ വിടൎന്നിട്ടുള്ളു; ഗോപകുലത്തിലെ രാധ, രാജകുലത്തിലെ മീര." ഞാൻ ചോദിക്കുന്നു, അഹമ്മദുനഗരത്തിലെ ചാന്ദബീബി എവിടെയാണാവോ വിടൎന്നതു്? അഥവാ വിടൎന്നിട്ടില്ലായിരിക്കാം. ഒരു മുകുളിതസുമമായിത്തന്നെ കാലയവനികക്കുള്ളിൽ മറഞ്ഞിരിക്കാം. ഇതുതന്നെയാണു അതിൻെറ സൌരഭ്യം ദിന്നാൾ വിശിനിൽക്കുന്നതിന്നും സംഗതിവരാതിരുന്നതു്. ലോകത്തിലെ കവിഷ്ഠികാധിഷ്ഠിതമായ ശക്തിയോടു്—അക്ബർ പാദുഷായുടെ മുഗിലസാമ്രാജ്യത്തോടു്—മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യുവാനുറച്ചു് അഹമ്മദുനഗരത്തിൻെറ ആ ദുൎഗ്ഗപ്പിളൎപ്പിൽ വിദ്യുല്ലതികപോലുള്ള കരവാളികയോടുകൂടി അന്യസഹായമെന്യേ അരികളെ അരിഞ്ഞരിഞ്ഞു വീഴ്ത്തി ആത്മരക്തംകൊണ്ടു പൌരാവലിയുടെ ദാഹംതീൎത്ത ആ ധീരവനിത ഗോപവംശത്തിലെ രാധയല്ല, രാജവംശത്തിലെ മീരയുമല്ല. അവരുടെ രണ്ടുപേരുടേയും ഹൃദയം ആത്മത്യാഗമെന്ന ദിവ്യസൂത്രത്തിന്മേൽ കോൎത്തിണക്കിയിട്ടുള്ള ചാന്ദബീബിയാണു്. പൌരാവലി ആ ദിവ്യവിഗ്രഹത്തിൻെറ മുമ്പിൽ നമസ്കരിക്കട്ടെ.

ഇന്നു് ആഷ്ഭൂവിൽ ജന്മമെടുത്തിട്ടുള്ള വനിതാരത്നങ്ങളെ, ഇതാ ഇങ്ങോട്ടു നോക്കുക. സന്തുഷ്ടിയും സംതൃപ്തിയും തികഞ്ഞ ഒരു കണ്ണുകൊണ്ടു ഭാരതമാതാവു് ആ പൂൎവ്വകാലത്തേക്കു നോക്കുന്നു. നൈരാശ്യവും പാരവശ്യവും കലൎന്നിരിക്കുന്ന മറേറക്കണ്ണു നിങ്ങളുടെ നേരെയാണു പതിയുന്നതു്. നിങ്ങളുടെ മുൻഗാമികൾ നിങ്ങൾക്കു നേർവഴി തെളിച്ചുതന്നിട്ടുണ്ടു്. ചാന്ദബീബിയെപ്പോലുള്ള അനഘരത്നങ്ങളുടെ വിളനിലമായ ഭാരതത്തിൽ ഇന്നു് ഒരു കരികൽചില്ലുപോലുമെടുക്കുവാനില്ലെന്നു വരുന്നതു ശോചനീയമാണു്. നിങ്ങളുടെ ആദൎശത്തിൻെറ ജാതകം ഒന്നു തിരുത്തേണ്ടിയിരിക്കുന്നു. പ്രിയസോദരികളെ, നിങ്ങളുടെ സങ്കല്പലോകം ചാന്ദബീബിയുടെ സ്മശാനസ്ഥലമായി തീരട്ടെ.

ഇപ്രകാരമുള്ള ഭണ്ഡാരങ്ങളെ സസ്നേഹം പരിലാളിച്ച വസുന്ധരേ, വീരപ്രജയെന്ന നാമം അവിടേക്കു അന്വർത്ഥമായിത്തീർന്നിട്ടുണ്ട്. നിസ്സീമപ്രകാശം വീശിക്കൊണ്ടിരുന്ന നിരവധി രത്നങ്ങൾ അവിടത്തെ സന്താനങ്ങളായിരുന്നു. ചാന്ദബീബി അതിലെ നടുനായകവുമായിരുന്നു. പിതാവിന്റെ വാത്സല്യധാമമായിരുന്ന ആ പൈതൽ കൌമാരത്തിൽനിന്നും യൌവനത്തിലേക്കു കാലെടുത്തുവെച്ചു. പക്ഷെ അസൂയാസർപ്പം ആ കാൽ വിഴുങ്ങിക്കളഞ്ഞു, പരിഷ്കാരം അവൾക്കജ്ഞാതമായിരുന്നു; കാരണം, പൈതൃകസ്വത്തായ പൌരാണികത്വം അവൾ ധാരാളം പാനംചെയ്തിരുന്നു. ഈശ്വരസൃഷ്ടികളെ സമഭാവനയോടുകൂടി നിരീക്ഷിക്കുന്നതിനുള്ള കണ്ണുകളായിരുന്നു അവളുടെതു്. അനർഗ്ഗളം നിർഗ്ഗളിച്ചിരുന്ന ഭാരതാംബികയുടെ കണ്ണുനീർ തുടക്കുന്നതിനുള്ള കൈകളായിരുന്നു അവളുടേതു്. മാതാവിന്റെ പാരതന്ത്ര്യത്തെ പടിപടിയായി ചവിട്ടിത്താഴ്ത്തുന്നതിനുള്ള കാലുകളായിരുന്നു അവളുടേതു്. സമസൃഷ്ടികളെ മുഴുവൻ ഏകഭാവനയോടെ സ്നേഹിക്കുന്നതിനുള്ള ഹൃദയമായിരുന്നു അവളുടേതു്. ഭാരതമാതാവിന്റെ നിരവധി ദരിദ്രസന്താനങ്ങളുടെ ദുഃഖനിവാരണത്തിനുവേണ്ടി ഉഴിഞ്ഞിട്ടിട്ടുള്ള ജീവിതമായിരുന്നു അവളുടേതു്. എന്തിനേറെ, അമേരിക്കക്കും ഇംഗ്ലണ്ടിനും കഴിഞ്ഞിട്ടില്ല ഇതുപോലെ ഒരു തരുണീരത്നത്തെ പ്രസവിക്കുന്നതിന്നു". അക്ബർ ചക്രവർത്തിയുടെ ഭാഗ്യാതിരേകത്താൽ—അഹമ്മദു നഗരത്തിന്റെ ദുർദ്ദശാപരിപാകത്താൽ—ചാന്ദബീബി വഞ്ചകന്മാരുടെ വാളിന്നിരയായി. ലോകം ഇതേവരെ കണ്ടിട്ടില്ല ഇപ്രകാരമുള്ള ഒരു സ്ത്രീ സൌഭാഗ്യപാരമ്യം. ഇനിയൊട്ടു കാണുകയുമില്ല. ഭാരതാംബ! ആ ഭാസുരമായിരുന്ന ഭൂതത്തെ സ്മരിച്ചെങ്കിലും ഭവതിക്കു സമാശ്വസിക്കാം.

എം. എസ്സ്. കൃഷ്ണൻനമ്പൂതിരി.

## സുഷുപ്തോത്ഥിതൻ

### രംഗം. 2.

[പപ്പാതി നഗരത്തിൽ "യുവാവിന്റെ സുഷുപ്തിയുടെ അഗാധതയിൽ കെട്ടപ്പെട്ട ദുഃസ്വപ്നക്കൊട്ടാരം. അസ്ഥികളെക്കൊണ്ടും കപാലങ്ങളെക്കൊണ്ടും അലങ്കരിക്കപ്പെട്ട ചുവരുകൾ. ഒരു മൂക്കിൽ ഒരു 'പിയാനോ'. മറെറാരുമൂക്കിൽ യുവാവിന്റെ കിടക്കയുടെ അരികിലായിട്ടിട്ടുള്ള ഒരു മേശമേൽ ഒരു "ഗ്രാമഫോൺ". മേശയുടെ ചുവട്ടിൽ കുറെ പാട്ടുതകിടുകൾ. യുവാവിന്റെ തലക്കൽ ഒരു "ഇലക്ട്രിക്ഫാൻ",

ഉറങ്ങുന്ന യുവാവിനെ വീശിക്കൊണ്ടു രണ്ടു സഹോദരന്മാർ. ചുവരിനെതിരായി കിടക്കുന്ന ഒരു പരുപരുത്ത മേശമേൽ കപ്പുകളും പിഞ്ഞാണങ്ങളും മുള്ളുകളും സ്പൂണുകളും കത്തികളും ഗ്ലാസുകളും ഒരുക്കിവെച്ചിരിക്കുന്നു.]

പ്രധാനമന്ത്രി.

ഇവൻ ചത്തപോലെ കിടന്നുറങ്ങുന്നു.

വിസ്കി.

മരിക്കാറായ ഒരു മനുഷ്യനെപ്പോലെ എന്നായിരിക്കും നിങ്ങൾ വിചാരിക്കുന്നതു്; അല്ലേ?

പ്ര:മന്ത്രി.

മൃതമായ അവസ്ഥയിലുള്ള ഒരു മനുഷ്യനെപ്പോലെ എന്നാണു് ഞാൻ പറയുന്നതു്. ഒന്നിനു പുനരുജ്ജീവനം ഉണ്ടു്. മററതിനൊന്നും തന്നെയില്ല.

ആധുനികവിദ്യാഭ്യാസം

രസം പിടിച്ച വ്യത്യസ്തതകളുടെ കാലമാണിതു്. (അവർ പതുക്കെ ചിരിക്കുന്നു.) ഹെ ൗ! ഈ 'ചെക്കൻെറ' കൂക്കം വലി! നിറുന്നതുമില്ല. ശ്വാസകോശങ്ങൾക്കു പകരം ഇവൻെറ മാറിൽ ഒരു വലിയ വെള്ളക്കുഴലാണെന്നാണു് തോന്നുന്നതു്.

പ്ര:മന്ത്രി.

ഇവനെ നമുക്കു് 'പപ്പാരിനഗരത്തിലെ' രാജാവാക്കാം. ഇവനുണ്ടാക്കട്ടെ ഈ നാട്ടുകാൎക്കു വേണ്ട നിയമങ്ങളും സമ്പ്രദായങ്ങളും. ആധുനികവിദ്യാഭ്യാസമേ, ദയവുചെയ്തു് ആ പിയാനോവിൽ ഒരു നല്ല പാട്ടുപാടാമോ? ഒരുപക്ഷെ, നമ്മുടെ കൊച്ചുതമ്പുരാൻ മധുരമായ പാട്ടു കേട്ടു് ഉണൎന്നേക്കാം.

ആ: വിദ്യാഭ്യാസം.

(അധരങ്ങൾ കൂമ്പിച്ചുകൊണ്ടു്) എൻെറ കൈവിരലുകൾ വല്ലാതെ തളൎന്നിരിക്കുന്നു.

പ്ര: മന്ത്രി.

അതു് ഒരു ഒഴിവാകയില്ല. കാരോരുത്തനും അവൻെറ കൃത്യം ശരിക്കു നിൎവ്വഹിക്കണം. അതാണു് നമ്മുടെ കൊച്ചുതമ്പുരാൻെറ ഹിതം.

ആ: വിദ്യാഭ്യാസം.

അവളുടെ കൃത്യം. അല്ലേ? (പിയാനോവിനടുത്തുപോയി വായിക്കുന്നു.)

പ്ര: മന്ത്രി.

ഹാ! എത്ര മധുരം! (യുവാവ് ഒന്നനങ്ങുന്നു. വീണ്ടും ഉറങ്ങുന്നു.) ഇവൻെറ ചെവികളിൽ അതു പല ഇന്ദ്രജാലവും കാണിക്കുന്നുണ്ടു്.

ആ: വിദ്യാഭ്യാസം.

ഇതു് വളരെ ചുരുക്കത്തിലുള്ള ഒരു പുനരുജ്ജീവനമേയായുള്ളു.

വിസ്കി.

നമ്മുടെ 'കൊച്ചെജമാനൻ' ഒരു 'സംഗീതകമ്പക്കാരനാണെന്നാണു് തോന്നുന്നതു്.

അധഃപതനം.

ഇവന്റെ ചെവി ഒന്നാന്തരം!

പ്ര: മന്ത്രി.

ഹേ, ആധുനിക വിദ്യാഭ്യാസമേ, നമ്മുടെ കൊച്ചെജമാനനു് ഒരു രാജകീയമായ പ്രാതൽ തയ്യാറാക്കുന്നതിനു ദയവുണ്ടാവുമോ?

ആ: വിദ്യാഭ്യാസം.

ഒന്നുമില്ല കലവറയിൽ. സാധനങ്ങളെല്ലാം കഴിഞ്ഞിരിക്കുന്നു. അവസാനമായി ഒരു കഷ്ണം റൊട്ടിയുണ്ടായിരുന്നതുംകൂടി എലികൾ തിന്നുതീർത്തു.

പ്ര: മന്ത്രി.

എന്തു്? കലവറയിലൊന്നുമില്ലെന്നോ? അങ്ങിനെയാണെങ്കിൽ നിങ്ങൾക്കു അങ്ങാടിക്കു പോകേണ്ടിവരും. നിങ്ങളുടെ കാര്യങ്ങൾ ക്ഷീണിച്ചിരിക്കുന്നു എന്നൊന്നും എന്നോടു പറയേണ്ട. ഞാനതു സമ്മതിക്കയുമില്ല. അഥവാ, അങ്ങിനെയാണെങ്കിൽകൂടി അതു് ഒരു കഴിക്കഴിവല്ല. കാരണം, റൊട്ടിക്കാരും, കശാപ്പുകാരും, മദ്യവില്പനക്കാരും, എല്ലാം കൊട്ടാരത്തിനു വളരെ അടുത്താണു്.

ആ: വിദ്യാഭ്യാസം.

അതു സമ്മതിച്ചു. എന്നാൽ എവിടെനിന്നാണാവോ പണം?

പ്ര: മന്ത്രി.

ഭണ്ഡാരവും കഴിഞ്ഞിരിക്കുന്നു എന്നു നിങ്ങൾ എന്നോടു പറയുവാൻ ഭാവമുണ്ടോ? അവസാനമായി ശേഷിച്ചിരുന്ന വെള്ളിനാണ്യവും എലി തിന്നുവോ? അതു നന്നു്. എന്നാൽ നിങ്ങൾ കുറച്ചുപണം നമ്മുടെ അയൽവക്കക്കാരന്റെ പണക്കാരിയായ ശത്രുവിനോടു കടം വാങ്ങിക്കണം.

ആ: വിദ്യാഭ്യാസം.

എന്താണിതു്? പിന്നെയും കടംവാങ്ങിക്കുകയോ? ഈ കൊട്ടാരം പണിതതിൽപിന്നെ കടംതന്നെ, കടം തന്നെ, കടംതന്നെ.

പ്ര: മന്ത്രി.

പക്ഷെ എന്തു ചെയ്യാം? ഒരു പാടുപണം വേണം ഈ പപ്പാതിനഗരത്തിൽ സാമാന്യം പോലെ കഴിച്ചുകൂട്ടുവാൻ. ഇതാണു് ഇപ്പോൾ മ

ട്ടപ്പെട്ട സ്ത്രീപുരുഷന്മാരുടെ സുവൎണ്ണാദൎശ്ശനമുണ്ടാക്കുക, കടം വാങ്ങിക്കുക; അല്ലെങ്കിൽ കക്കുക!

(ആ: വിദ്യാഭ്യാസം മുഖം വിഷ്പിച്ചുകൊണ്ടു പോകുന്നു.)

ഒന്നാമത്തെ സഹോദരൻ

സൂൎയ്യൻ ഉദിച്ചു പൊന്താറായി.

രണ്ടാമത്തെ സഹോദരൻ

ഒരു കഷ്ണം സ്വാദുള്ള ആട്ടുമാംസംപോലെ.

പ്ര: മന്ത്രി.

ഇനി കുറച്ചുനേരം ഗ്രാമഫോണാവട്ടെ. ദയവുണ്ടായി നല്ലതു് വല്ലതും.

(1.ാം സഹോദരൻ ഒരു പ്ലേയിററ് വയ്ക്കുന്നു. 'ഹാരിലോഡറി'ന്റെ സുപ്രസിദ്ധമായ ചിരിപ്പാട്ടു്).

യുവാവ്.

(കോട്ടുവായിടുന്നു. ഇളകുന്നു. പതുക്കെ എഴുനേല്ക്കുന്നു.

എന്താണു നിങ്ങളെല്ലാവരും ചിരിക്കുന്നതു്? കാഹോ! ഞാനിവിടെയാണല്ലെ—ശരി (കണ്ണുതിരുമ്മുന്നു. അന്ധനായി തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നു).

പ്ര: മന്ത്രി.

മഹാരാജാവ് ജയിച്ചാലും, ജയിച്ചാലും!

സഹോദരന്മാർ.

ഈ മനോഹരമായ രാജധാനിയുടെ ഉടമസ്ഥനായ അവിടുന്നു ദീൎഘായുഷ്മാനായിരിക്കട്ടെ!

യുവാവ്.

അമ്മേ, അമ്മേ,

പ്ര: മന്ത്രി.

ഹായ് പ്രഭോ! അമ്മയെ വിളിക്കുകയോ? അതു് ഒരു കുററമാണു്.

യുവാവ്.

അപ്പോൾ, ഇതു വെറും സ്വപ്നം .........

പ്ര: മന്ത്രം.

പ്രഭോ, തീൎച്ചയായും, അല്ല. ഇതു ശക്തിയോടുകൂടിയ ഒരു ഉണൎവ്വ്.

യുവാവ്

(വിസ്മയത്തോടുകൂടി നാലുപാടും പകച്ചുനോക്കിയിട്ടു്) എവിടെയാകുന്നു ഞാൻ,

പ്ര: മന്ത്രി.

പപ്പാതിനഗരത്തിൽ
സഹോദരന്മാർ
ദുഃസ്വപ്നക്കൊട്ടാരത്തിൽ.

യുവാവ്.

(വിറച്ചുകൊണ്ട്) തലയോട്ടുകളും എല്ലുകളും!
തലയോട്ടുകളും എല്ലുകളും!!

പ്ര: മന്ത്രി.

വേണ്ട, പേടിക്കേണ്ട, പ്രഭോ, അവിടത്തെ കണ്ണുകൾക്ക് അവയെല്ലാം വേഗത്തിൽ സുപരിചിതങ്ങളാവും. അപ്പോൾ ബോദ്ധ്യപ്പെടും ഇവയെല്ലാം നല്ല കൊത്തുപണികളോടുകൂടിയ അലങ്കാരസാധനങ്ങളാണെന്ന്.

യുവാവ്.

(താൻ ധരിച്ചിരിക്കുന്നതു് ഒരു പുതിയവേഷമാണെന്നറിഞ്ഞിട്ടു) ഹാവൂ! എന്തൊരു മുറുക്കമാണ്! ഈ വസ്ത്രങ്ങൾക്കെല്ലാം.

പ്ര: മന്ത്രി.

മഹാരാജാവേ, അതാണ് സൂട്ട്!

യുവാവ്.

(കോളറും ടൈയും തൊട്ടുനോക്കിയിട്ട്) അയ്യോ! എന്റെ കഴുത്തിൽ കുടുക്കിട്ടിരിക്കുന്നു! എനിക്കു ശ്വാസം മുട്ടുന്നു! അയ്യോ!

പ്ര: മന്ത്രി.

അതാണു ടൈയും കോളറും.

യുവാവ്

എന്തു കുററമാണു ഞാൻ ചെയ്തിട്ടുള്ളതു്?

പ്ര: മന്ത്രി.

പ്രഭോ, ഒരിക്കലും അതു കുററത്തിനുള്ള ശിക്ഷയല്ല. നന്മയ്ക്കുള്ള പ്രതിഫലം മാത്രം. അവിടുന്ന് ഇപ്പോൾ പരിഷ്കാരിയായിത്തീർന്നിരിക്കുന്നു.

യുവാവ്.

പരിഷ്കാരിയോ! വാക്ക് ഊക്കൻ!

പ്ര:മന്ത്രി.

ഇതിലും വലിയ വാക്കുകളുണ്ട് ഞങ്ങളുടെ ശബ്ദകോശത്തിൽ;

യുവാവ്.

അയ്യോ! എനിക്കു ശ്വാസം പോകുന്നില്ലല്ലോ ഈശ്വരാ!

പ്ര: മന്ത്രി.

ഛേ! ഈ അരമനയിൽ വച്ച് പുറപ്പെട്ടവിക്കരുത് ആ ശബ്ദം! ഒരു ഹീനപദമാണതു്. അതു പറയുന്നവനും ഹീനൻ!

യുവാവ്.

ഓഹോ! ശരി. എന്റെ വേഷം മാറിയല്ലോ. അതുപോലെത്തന്നെ വാക്കുകളും മാറേണ്ടിയിരിക്കുന്നു.

പ്ര: മന്ത്രി.

പ്രഭോ, വല്ലപ്പോഴും വല്ല (ഉൽകൃഷ്ടശക്തി) ദിവ്യശക്തിയേയും ഞങ്ങൾക്കു വിളിക്കേണ്ടിവന്നാൽ—അങ്ങിനെ വേണ്ടി വരാറില്ല ഞങ്ങിളുടെ നാട്ടിൽ—ഞങ്ങൾ ഒരാളേ വിളിക്കാറുണ്ട്. God എന്നാണ് അദ്ദേഹത്തിന്റെ പേരു്. ഇപ്പോൾ അദ്ദേഹവും നിരുപയോഗമായിത്തീൎന്നു വരികയാണ്. വാസ്തവത്തിൽ മിക്കവാറും നിരുപയോഗമായിത്തീൎന്നിരിക്കുന്നു.

യുവാവ്.

ഞാൻ ചോദിക്കട്ടെ നിങ്ങൾ ആരാണ്?

പ്ര: മന്ത്രി.

ഞാനോ? പ്രധാനമന്ത്രി.

യുവാവ്.

എന്താണ് ജോലി?

പ്ര: മന്ത്രി.

ഒരു മതപ്രാസംഗികൻ.

യുവാവ്.

എന്താണതു്?

പ്ര: മന്ത്രി.

പപ്പാതിനഗരത്തിലെ ജനങ്ങളെ ഒരു പുതിയ ധൎമ്മം പഠിപ്പിക്കുകയാണ് ഞാൻ. അതില്ലെങ്കിൽ അവൎക്ക് സ്വൎഗ്ഗത്തിൽ പ്രവേശനമില്ല.

യുവാവ്.

അതു പഠിക്കാത്തവൎക്കോ?

പ്ര: മന്ത്രി.

പുറത്തുനിൽക്കേണ്ടിവരും.

(ആധുനികവിദ്യാഭ്യാസം പ്രവേശിക്കുന്നു; മേശയുടെ അടുക്കൽ പോയി ഭക്ഷണസാധനങ്ങൾ ഒരു വലിയ താമ്പാളത്തിൽ ശരിപ്പെടുത്തുന്നു.)

യുവാവ്.

ഇതൊരുവല്ലാത്ത ദിക്ക്! ഞാനാരാ?

പ്ര: മന്ത്രി

അവിടന്നോ? ഈ നഗരത്തിലെ രാജാവ്, രാജധാനിയുടെ ഉടമസ്ഥൻ.

യുവാവ്.

ഞാൻ രാജാവോ . . . . 'പപ്പാതിനഗരത്തിൽ . . . . തലയോട്ടുകളും എല്ലുകളും നിറഞ്ഞ അരമനയിൽ . . . .

(ഒരു സേവകൻ വെയ്ലുകൊള്ളാതിരിപ്പാനുള്ള ഒരു തൊപ്പി, വസ്ത്രംകൊണ്ടു മൂടി, തളികയിൽവെച്ചുകൊണ്ടു പ്രവേശിക്കുന്നു.)

സേവകൻ.

മഹാരാജാവു കിരീടം ധരിച്ചാലും (മൂടി എടുക്കുന്നു.)

യുവാവ്.

ഇതാണോ എന്റെ കിരീടം? . . . എന്റെ ഈശ്വരാ, അല്ല God എന്തൊരുപദ്രവമാണ്? പക്ഷെ, ഞാനിതു ധരിക്കണമെന്നാണ് തോന്നുന്നതു് ഇവിടത്തെ രാജാവാകണമെങ്കിൽ.

(അതു തെററായി ധരിക്കുന്നു.)

പ്രഭോ,

സഹോദരന്മാർ.

അവിടന്നു അതു വേണ്ടവിധത്തിലല്ലാ അണിഞ്ഞിരിക്കുന്നതു്.

സേവകൻ.

അങ്ങിനെയല്ല അതു ധരിക്കുക.

യുവാവ്.

(ശുണ്ഠിയോടുകൂടി) അതെന്റെ ഇഷ്ടംപോലെയാണ്. എനിക്കു തോന്നിയാൽ തെററായിട്ടുള്ളതും ശരി. ഓർമ്മയിരിക്കട്ടെ. നിങ്ങളുടെ രാജാവാണ് ഞാൻ. (ഇലക്ട്രിക് ഫാൻകാണുന്നു) ഇതെന്താണ് സാധനം? അതെ അതെ ഒരു പുതിയ ജാതി നൂൽചക്രം.

പ്ര: മന്ത്രി.

ഹായ്! എജമാനന്നെ, അതു പറയാതിരിക്കണേ. ആഭാസം. 'ശുദ്ധകാടൻ' എന്നു പറയും പരിഷ്കാരികൾ.

യുവാവ്

'ശുദ്ധകാടൻ'........പുതിയ ചില വാക്കുകൾ. മന്ത്രി, പകലല്ലേ ഇപ്പോൾ?

പ്ര: മന്ത്രി.

അതെ പ്രഭോ പത്തരമണി കഴിഞ്ഞു.

(തുടരും.)

രാജൻ.

# ഖദർ.

## I

പാശ്ചാത്യരുടെ ആഗമനത്തിനുമുൻപ് ഇൻഡ്യ ലോകത്തിൽ ഉള്ള മിക്ക രാജ്യങ്ങളേക്കാളും ധനസമൃദ്ധിയുള്ളരാജ്യമായിരുന്നു. കുടിൽ വ്യവസായങ്ങൾ മൂലമാണ് ഭാരതഭൂമി അത്രമാത്രം സമ്പൽ സമ്പൂർണ്ണമായിരുന്നതു്. കുടിൽ വ്യവസായങ്ങളിൽ നൂൽ നൂൽപ്പും നെയ്ത്തുമാണ് ഭൂരിപക്ഷജനങ്ങളും വൃത്തിമാർഗ്ഗമായി സ്വീകരിച്ചിരുന്നതു്. നമ്മുടെ നാട്ടിൽ ഉണ്ടാക്കിയിരുന്ന വസ്ത്രങ്ങളുടെ ഗുണങ്ങൾ ലോകപ്രസിദ്ധമാണ്. എന്നാൽ ബ്രിട്ടിഷ്കാർ നമ്മുടെ കച്ചവടമെല്ലാം കൈവശപ്പെടുത്തിയതിൻെറ ഫലമായി നമ്മുടെ വ്യവസായങ്ങളും ക്ഷീണങ്ങളായി. കുടിൽ വ്യവസായങ്ങൾകൊണ്ടു് സുഖമായി ജീവിതം നയിച്ചിരുന്ന സാധുക്കൾ ജോലിയില്ലാതെ ദാരിദ്ര്യദുഃഖത്തിൽ പതിച്ചു കഷ്ടപ്പെടേണ്ടിവന്നു. നഗ്നതമറയ്ക്കുവാൻ ഒരു തുണിക്കഷണംപോലും കിട്ടുവാനോ, വിശപ്പുതീർക്കുവാൻതക്കവണ്ണം ഒരു നേരമെങ്കിലും ഭക്ഷണം കഴിക്കുവാനോ സാധിക്കാത്തവരാണ് നമ്മുടെ നാട്ടിലെ ജനങ്ങളിൽ അധികവും എന്നറിയുമ്പോൾ ഏതൊരു സ്വരാജ്യസ്നേഹിയുടെ അഥവാ, സഹജീവിസ്നേഹിയുടെയാണ് മനസ്സലിയാതിരിക്കുക? ഈ ദാരിദ്ര്യജന്യമായ ദുഃഖത്തിൽനിന്നുള്ള ത്രാണനത്തിന്നു് ഏകമാർഗ്ഗം ചർക്കയുടെ പുനഃസ്ഥാപനമാണെന്നു മഹാത്മജി കണ്ടുപിടിച്ചിരിക്കുന്നു. ഖദറിൻെറ അടിക്കല്ലാണല്ലൊനൂൽനൂൽപ്പ്.

ചർക്കയിൽ നൂൽനൂൽക്കുക എത്ര എളുപ്പമായ ജോലിയാണ്. കുരുടന്മാർക്കും മുടന്തന്മാർക്കും ക്ഷീണിച്ചവർക്കും അംഗഹീനന്മാർക്കും കൂടിചെയ്യാവുന്ന ഒരു പ്രവൃത്തിയാണ് ഇതു്. എന്നാൽ നൂൽനൂൽപ്പു സമ്പാദ്യമുണ്ടാകത്തക്ക ഒരു ജോലിയല്ല എന്നാണു ചിലരുടെ വാദം. വളരെ അധികം സമ്പാദ്യമൊന്നും ഇതിൽനിന്നുണ്ടാകയില്ലെന്നുള്ളതു വാസ്തവം തന്നെ. ദിവസത്തിൽ ശരാശരി 1ണ 8പൈ. മാത്രമേ അതിൽനിന്നു ലഭിക്കയുള്ളു. എന്നാൽ ഒരു ഇന്ത്യൻെറ ദിവസത്തിൽ ശരാശരി സമ്പാദ്യം എന്താണെന്നറിയാമോ? 1 ണ 9 പൈമാത്രം. അതു തന്നെ കോടീശ്വരന്മാരുടെ കോടികളും ലക്ഷപ്രഭുക്കന്മാരുടെ ലക്ഷങ്ങളുംകൂടി ഉൾപ്പെടുത്തിയിട്ടാണ് ശരാശരി കണക്കാക്കിയിരിക്കുന്നതു്. അതുകൊണ്ടു് ഒരൊററപൈപോലും സമ്പാദിക്കുവാൻ സാധിക്കാത്ത എത്രആയിരം സാധുക്കൾ നമ്മുടെ നാട്ടിൽ ഉണ്ടായിരിക്കുമെന്നു ഊഹിക്കാമല്ലോ. ഈവി

ധത്തിൽ പട്ടിണികിടന്നുഴലുന്ന ആയിരക്കണക്കായുള്ള ദരിദ്രക്ക് ഓരോ രുത്തക്കും ഓരോ ഇന്ത്യക്കാരന്നു ശരാശരികണക്കാക്കിയിട്ടുള്ള സമ്പാദ്യം കൂടുതൽ ബുദ്ധിമുട്ടുതല്ലോ പണച്ചിലവോ കൂടാതെ വീട്ടിലിരുന്നുതന്നെ ഉണ്ടാക്കിക്കൊടുക്കുന്നതിൽ എന്താണു തെററുള്ളത്?

നല്ലപോലെ പരിശീലനം സിദ്ധിച്ചിട്ടുള്ള ഒരാൾക്കു ഒരു മണിക്കൂറിൽ 12—15 കൌണ്ടിൽ 350-ം അതിലധികവും വാരനൂൽ നൂല്ക്കുവാൻ സാധിക്കും. ആയാൾ ദിവസം 5മണിക്കൂർ ജോലിയെടുക്കുന്നുവെന്ന് വിചാരിക്കുക. 5മണിക്കൂറിൽ ഏകദേശം 1680വാര നൂലുണ്ടാകുന്നു. ഈകണക്കുപ്രകാരം മംസംതോറം ആയാൾ 4റാത്തൽ നൂലുണ്ടാക്കും. 1റാത്തൽ നൂലുകൊണ്ടു് 4ചതുരശ്രവാര വസ്ത്രം നെയ്യാമെങ്കിൽ ഒരു കൊല്ലത്തിൽ ഒരാൾ തനിയെ 192 ച വാര തുണിക്കുള്ള നൂലുണ്ടാക്കുന്നു. ആ സ്ഥിതിക്കു നമ്മുടെ രാജ്യത്തു 150ലക്ഷം ചതുരശ്രവാരവസ്ത്രം ഒരു കൊല്ലത്തിൽ ഉണ്ടാക്കാം. 1929—30ൽ ആകെ ആവശ്യമുണ്ടായിരുന്നതു് 418 കോടി 37ലക്ഷം വാര തുണിയാണ്. ഈ കണക്കിൽ നിന്നു നാം ചക്രയുടെ എണ്ണം കുറെക്കൂടി വദ്ധിപ്പിച്ചാൽ ഈ രാജ്യക്കാക്ക് വേണ്ടവസ്ത്രം നെയ്യുവനുള്ള നൂൽമുഴുവൻ ഇവിടെതന്നെ ഉണ്ടാക്കാമെന്നു് വരുന്നുണ്ടല്ലോ.

ചക്രയുടെ എണ്ണം വദ്ധിപ്പിക്കുക ഏററവും എളുപ്പമായ ജോലിയാണ്. ഇന്ത്യയിലെ ഭൂരിപക്ഷം ജനങ്ങളും കൃഷിക്കാരായതുകൊണ്ടു കൃഷിപ്പണിയുള്ള 6മാസംമാത്രമേ അവക്ക് ജോലിയുണ്ടാകുന്നുള്ളു. ശേഷം 6മാസം അവരിൽ മിക്കവരും സമയം വെറുതെകളഞ്ഞു പട്ടിണികിടക്കുകയാണ്. ജോലിയില്ലാത്ത ഈ 6മാസം ചക്രകൊട്ടത്തു നൂലുണ്ടാക്കിച്ചാൽ അതവക്ക്തന്നെ ഉപജീവനമാഗ്ഗമായിത്തീരുകയും, നമുക്കും അവക്കും ആവശ്യമായ വസ്ത്രം ഉണ്ടാക്കുവാനുള്ള നൂൽ കിട്ടുകയുംചെയ്യും.

ആവശ്യമുള്ളേടത്തോളം നൂൽ കിട്ടിയാൽ അതു നെയ്യുന്നതിന്നുള്ള സൌകര്യം നമ്മുടെ രാജ്യത്തുണ്ടോ എന്നു പരിശോധിക്കാം. രണ്ടായിരത്തിച്ചില്വാനം കൊല്ലങ്ങൾക്കു മുമ്പു ഇന്ത്യയിൽ നെൽകൃഷി ഉണ്ടായിരുന്നുവെന്നു ചരിത്രത്തിൽ നിന്നറിയാം. എന്നാൽ, വസ്ത്രങ്ങൾ നെയ്യുന്നതിൽ അസാമാന്യസാമത്ഥ്യം അതിന്നു എത്രയോ കാലംമുമ്പുതന്നെ ഇൻഡ്യ കാണിച്ചിരുന്നുവെന്നുള്ളതിന്നു ധാരാളം തെളിവുണ്ടു്. ബ്രിട്ടീഷ് ആധിപത്യസ്ഥാപനത്തോടുകൂടിമാത്രമാണ് ഈ വ്യവസായത്തിന്നു ഉടവുതട്ടിയതു്. അതിന്നു മുമ്പു കൃഷി, നൂൽനൂല്പ്, നെയ്ത്തു് ഇവകൊണ്ടാണു ജനസഞ്ചയം അഹോവൃത്തി കഴിച്ചിരുന്നതെന്നു മുൻപ്രസ്താവിച്ചുവല്ലോ. പാശ്ചാത്യർ അവരുടെ മില്ലുകളിൽ യന്ത്രംകൊണ്ടു

ണ്ടാക്കിയ വസ്ത്രങ്ങൾ ചുരുങ്ങിയവിലയ്ക്കു ഇവിടെ കൊണ്ടുവന്നു കച്ചവടം ചെയ്യുവാൻ തുടങ്ങിയപ്പോഴാണു നമ്മുടെ നാട്ടിൽ കൈത്തറികളിൽ നെയ്ത വസ്ത്രങ്ങൾക്കു ചിലവില്ലാതായതു്, നമ്മുടെ നാട്ടിൽനിന്നു സമ്പത്തു പടികടന്നതു്.

എന്നാൽ നമ്മുടെ നാട്ടിലും മില്ലുകൾ സ്ഥാപിച്ചു ശീമച്ചരക്കുപോലെ നേരിയതും വിലകുറഞ്ഞതുമായ വസ്ത്രങ്ങൾ നെയ്യുവാൻ സാധ്യമല്ലേ? എന്ന ചോദ്യത്തിന്നവകാശമുണ്ടു്. (ഇത്തരം നമ്മുടെ മില്ലുകളിൽ മെഷിൻകൊണ്ടുണ്ടാക്കിയ നൂൽകൊണ്ടു നമ്മുടെ നാട്ടിൽതന്നെ നെയ്ത വസ്ത്രമാണു സ്വദേശി എന്നു പറയപ്പെടുന്നതു്). ഈ ചോദ്യത്തിന്നുള്ള ഉത്തരം ഇതാണ്. ഇപ്പോൾ ഇന്ത്യയിലാകെ 347 മില്ലുകളാണുള്ളതു്. അവയിൽ ഓരോന്നിന്നും 25 മുതൽ 50 ലക്ഷംവരെ മൂലധനമുണ്ടാകും. ആകെ 350 താലൂക്കുകളുള്ളവയിൽ ഓരോ താലൂക്കിന്നു് ഓരോ മിൽ കഷ്ടിയായുണ്ടെന്നു കണക്കാക്കുക. ഓരോ മില്ലിലും ദിവസേന ശരാശരി 15000 വാര തുണിനെയ്യുന്നു. ഒരിന്ത്യക്കാരന്നു് ഒരു കൊല്ലത്തേക്കു് ശരാശരി 13½—15 വാര വസ്ത്രം ആവശ്യമുണ്ടു്. അപ്പോൾ ഒരു ദിവസം ഒരു മില്ലുണ്ടാക്കുന്ന തുണി ഒരു കൊല്ലത്തേക്കു് 1000 ആളുകൾക്കു് മതിയാകും. ഇപ്രകാരം ഒരു കൊല്ലത്തിൽ 3 ലക്ഷം ആളുകൾക്കുള്ളതാകും. ഈ കണക്കുപ്രകാരം 10 ലക്ഷം ആളുകൾക്കുള്ള വസ്ത്രം ഉണ്ടാക്കുവാൻ 3 മില്ലുകളെങ്കിലും വേണ്ടിവരുമല്ലോ. അതുകൊണ്ടു 350 ലക്ഷം ജനങ്ങൾക്കാവശ്യമുള്ള വസ്ത്രം നെയ്യുവാൻ 5100 മില്ലുകൾ വേണ്ടിവരും. അതായതു് ഓരോ താലൂക്കിലും മുമ്മൂന്നു മില്ലുകളെങ്കിലും വേണമെന്നു വരുന്നു. ദാരിദ്ര്യത്തിൻെറ അററം കണ്ടുകഴിഞ്ഞിരിക്കുന്ന ഇന്ത്യയിലുള്ള താലൂക്കുകളിൽ എവിടെനിന്നാണു മിൽ സ്ഥാപിക്കുവാൻ ആവശ്യമായ ഇരിപത്തഞ്ചോ നാല്പതോ അമ്പതോ ലക്ഷം ഉറുപ്പികയുണ്ടാകുന്നതു്? നേരെ മറിച്ചു് ഒരു ചക്രത്തിന്നു് മൂന്നോ നാലോ ഉറുപ്പികമാത്രം മൂലധനമേ വേണ്ടിവരുന്നുള്ളു. അതിൽ ജോലി എടുക്കുവാൻ ഒരു മാസത്തേക്കു് 4ണക്കുള്ള പഞ്ഞി മതിയാകും. ഓരോ വീട്ടിലും ഓരോ ചക്രം നിയമേന ഉപയോഗിക്കുന്നപക്ഷം ആ വീട്ടിലുള്ളവർക്കു് വേണ്ടതിലധികം വസ്ത്രം ഉണ്ടാക്കുവാനുള്ള നൂൽ എടുക്കുവാൻ സാധിക്കുമെന്നതു് അനുഭവപ്പെട്ടുകഴിഞ്ഞിട്ടുള്ള വാസ്തവമാണ്. ഒരു കൈത്തറിയ്ക്കാണെങ്കിൽ 20ക. യിലധികം വിലയാകയില്ല. ഒരു കൈത്തറി സ്ഥാപിച്ചു നെയ്ത്തു നടത്തിപ്പോരുവാൻ മാസത്തിൽ 3ക. യിലധികം മൂലധനവും വേണ്ടിവരികയില്ല.

ഇതിൽനിന്നു മില്ലോ കുടിൽ വ്യവസായമോ, അധികം ലാഭവും സുസാദ്ധ്യവുമായിട്ടുള്ളതെന്നു തീച്ചയാക്കാമല്ലോ. ഇതിന്നും പുറമെ, ഇ

ന്ത്യൻ മില്ലുകളിൽതന്നെ മെഷിനുകളിൽ നൂൽനൂററു വസ്ത്രമുണ്ടാക്കിയാലും മില്ലുകളിലെ മെഷിനറികളുള്ള പണം പാശ്ചാത്യദേശങ്ങളിലേക്കല്ലെ പോകുന്നതു്. നേരെമറിച്ചു ചൎക്കും തറിക്കും ചിലവാകുന്ന പണം മുഴുവനും നമ്മുടെ നാട്ടുകാൎക്കുതന്നെയാണല്ലൊ ലഭിക്കുക. അതുകൊണ്ടു് ഏതു വിധത്തിൽ നോക്കിയാലും ദാരിദ്ര്യോന്മൂലന പ്രസ്ഥാനത്തിൽ മിൽ വസ്ത്രത്തേക്കാൾ ഖദ്ദറിന്നു തന്നെയാണു പ്രാധാന്യം കൊടുക്കേണ്ടതു്.

ഈ അവസരത്തിൽ "വിദേശവസ്ത്രബഹിഷ്കരണ പ്രസ്ഥാന"ത്തെപ്പററി രണ്ടുവാക്കു പറയുന്നതു അസ്ഥാനത്തിലാകുവാൻ തരമില്ല. ഈ പ്രസ്ഥാനത്തെപ്പററി യാതൊരറിവും ഇല്ലാത്തവൎക്കു ഒരു ധാരണയുള്ളതു്, ഈ പ്രസ്ഥാനം ബ്രിട്ടീഷു തുണിച്ചരക്കുകൾക്കു് ഇവിടെ ചിലവില്ലാതാക്കി ബ്രിട്ടീഷുകാരെ തോല്പിക്കുവാനായി ഭാരതമഹാസഭ അഥവാ മഹാത്മാഗാന്ധി കണ്ടുപിടിച്ചിട്ടുള്ള ഒരു ആയുധമാണെന്നാണ്. ഇതു് എത്രയും തെററായ ഒരു ധാരണയാണ്. ഈ പ്രസ്ഥാനത്തിൻെറ ഏകോദ്ദേശം നമ്മുടെ നാട്ടിൽ പടൎന്നുപിടിച്ചിരിക്കുന്ന കഠിനമായ ദാരിദ്ര്യത്തിൻെറ ഉന്മൂലനാശത്തിന്നുവേണ്ടി ഒരു കാലത്തു നമ്മുടെ സാധുക്കളായ നാട്ടുകാരുടെ നിത്യവൃത്തിമാൎഗ്ഗമായിരുന്ന നൂൽനിൎമ്മാണം, നെയ്ത്തു മുതലായ കുടിൽ വ്യവസായങ്ങളുടെ ഉദ്ധാരണം അഥവാ പുനഃസ്ഥാപനം മാത്രമാണ്. ഈ കാൎയ്യം സാധിക്കേണമെങ്കിൽ ഇപ്പോൾ ഈ നാട്ടിൽ പ്രചാരത്തിലിരിക്കുന്ന വിദേശവസ്ത്രങ്ങളെ ബഹിഷ്കരിച്ചാൽ മാത്രമേ ആകുകയുള്ളു. അതുകൊണ്ടാണ് ഈ പ്രസ്ഥാനത്തെ മുറുകെപ്പിടിച്ചിരിക്കുന്നതു്. അതല്ലാതെ ഇംഗ്ലീഷുകാരോടോ, വേറെ ഏതെങ്കിലും രാജ്യക്കാരോടോ ഉള്ള വൈരത്തിൻേറയും ശത്രുത്വത്തിൻേറയും അടയാളമല്ല ഇതു് എന്നു പ്രത്യേകം മനസ്സിലാക്കേണ്ടതുണ്ടു്.

ഇനി, നമ്മുടെ നാട്ടിലെ നെയ്ത്തുകാൎക്കു് ഇന്ത്യയുടെ ആവശ്യം മുഴുവൻ നിറവേററുവാൻ സാധിക്കുമോ എന്ന സംശയം ചിലൎക്കുണ്ടാകാം. ഈ സംശയത്തിന്നവകാശമില്ലെന്നു് അഖിലേന്ത്യാ നൂൽനൂൽപ്പു് സംഘത്തിൻെറ കഴിഞ്ഞ കൊല്ലത്തെ റിപ്പോൎട്ടു് നോക്കിയാൽ മനസ്സിലാക്കാം.

ഈ നൂൽനൂൽപ്പു് സംഘത്തിൻെറ സ്ഥാപനത്തിനുള്ള മുഖ്യകാരണം ഖദർ പ്രസ്ഥാനത്തിന്നു ശക്തിയും പ്രചാരവും വൎദ്ധിച്ചതോടുകൂടി ഈ വ്യവസായം ഓരോരുത്തരും അവരവരുടെ സ്വന്തം ചുമതലയിന്മേൽ പ്രവൃത്തിക്കുന്നതിന്നു പകരം, ഒരു സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തുന്നതാണ് അധികം ഫലപ്രദമായിത്തീരുക എന്നു അനു

ഭവപ്പെട്ടതുകൊണ്ടാണ്. ഈ സംഘത്തിൻെറ ശാഖകളും ഉപശാഖകളും ഇന്ത്യയിൽ പലയിടത്തുമുണ്ട്. കേന്ദ്രസംഘവും, ശാഖകളും, ഉപശാഖകളും ചെയ്തുവരുന്ന പ്രവൃത്തി സ്തുത്യർഹംതന്നെയാണ്.

മഹാത്മജി ചരിത്രപ്രസിദ്ധമായ ദണ്ഡിയാത്ര തുടങ്ങിയതോടുകൂടി ഭാരതവർഷം ഒട്ടുക്ക് ഒന്നിളകിവശായി ഒരു നവജീവൻ രാജ്യമാസകലം വ്യാപിച്ചു. ഉടനെ തന്നെ ഖാദിക്കു വലിയ പ്രചാരം സിദ്ധിക്കയും ചെയ്തു. മഹാത്മജി ദണ്ഡിയിൽ എത്തി ഉപ്പ് നിയമം ലംഘിക്കുന്നതിന്നുമുമ്പുതന്നെ രാജ്യത്തുണ്ടായിരുന്ന ഖദർ മുഴുവൻ ചിലവായി കഴിഞ്ഞുവെന്നു മാത്രമല്ല, ആവശ്യക്കാരിൽ അധികം പേൎക്കും ഖദർ കിട്ടാനില്ലാതാകയും ചെയ്തു. ഖദറിൻെറ ആവശ്യക്കാർ പതിന്മടങ്ങ് വൎദ്ധിക്കയാണ് ചെയ്തത്. ആവശ്യമുള്ളേടത്തോളം ഖാദി ഉണ്ടാക്കുവാൻ പ്രയാസമായതുകൊണ്ടു മഹാത്മജിയുടെ ഉപദേശപ്രകാരം അവസാനത്തെ കയ്യായി നൂലിന്നുപകരമല്ലാതെ പണത്തിന്നു ആൎക്കും ഖദർ കൊടുക്കയില്ലെന്നു നിശ്ചയിച്ചു. അതിന്നിടക്ക് സംഘം ഖാദി നിൎമ്മാണം വൎദ്ധിപ്പിക്കുവാനുള്ള വഴികൾ ആലോചിച്ച് തുടങ്ങി. എവിടെയെല്ലാമാണ് ഖദർ നിൎമ്മാണത്തിന്നു പററിയ സ്ഥലങ്ങൾ എന്നു കണ്ടു പിടിച്ച് ആ സ്ഥലങ്ങളിലുള്ള നിവാസികളെ ഈ പ്രവൃത്തിക്കായി ഉത്സാഹിപ്പിക്കയും അവൎക്കു വേണ്ട സഹായസഹകരണങ്ങൾ ചെയ്തു കൊടുക്കയും ചെയ്തു.

ഈ സമയത്ത് പഞ്ഞിയുടെ വില വളരെ കുറഞ്ഞതുകൊണ്ടു പഞ്ഞിവിററാൽ ചിലവാക്കിയ മുതൽ തന്നെ കിട്ടാതെ നഷ്ടപ്പെടുവാൻ വഴിയുണ്ടായിരുന്നതിനാൽ കൃഷിക്കാർ നൂലുണ്ടാക്കി വിററ് തുടങ്ങി. ഇങ്ങിനെ ഖദർ നെയ്ത്തിന്നാവശ്യമായ നൂൽ ലഭിച്ചു. പക്ഷെ ഇപ്രകാരം ലഭിച്ചിരുന്ന നൂൽ 9-0, 9-0 കൌണ്ടുകൾക്ക് മീതെയില്ലാതിരുന്നതുകൊണ്ടു വളരെ കട്ടിയുള്ള വസ്ത്രം മാത്രമേ അതുകൊണ്ടു നെയ്യുവാൻ സാധിച്ചിരുന്നുള്ളു. എന്നാൽ അക്കാലത്തു 16-0, 12-0 കൌണ്ടിലുള്ള നൂലുകൊണ്ടുള്ള വസ്ത്രത്തിന്നായിരുന്നു അധികം ആവശ്യം. ഇന്നിന്നും പുറമെ പണത്തിൻെറ ബുദ്ധിമുട്ടും കൃത്രിമഖദർ ചുരുങ്ങിയ വിലക്ക് മില്ലുടമസ്ഥന്മാർ വിററിരുന്നതുകൊണ്ടും മററും ഖാദി പ്രചരണത്തിന്നു വളരെ തടസ്സം നേരിട്ടു എങ്കിലും ഈ പ്രതിബന്ധങ്ങളോടെല്ലാം മല്ലിട്ട് ഖാദി ധാരാളം പ്രചരിച്ചുവെന്നതിന് 1930-ൽ 1929-ലേക്കാൾ. 74 ശതമാനം അധികം ഖാദി നിൎമ്മാണം വൎദ്ധിച്ചിരുന്നുവെന്നത് തന്നെ തെളിവാണ്. ഇതിൽ മഹാരാഷ്ട്രം, ആന്ധ്ര, പഞ്ചാബ്, സംയുക്ത സംസ്ഥാനം, ദൽഹി മുതലായ പ്രദേശങ്ങളിൽ 152, 136, 115, 173 ശതമാനം വിതമാണ് വൎദ്ധിച്ചിരിക്കുന്നത്.

ഇപ്രകാരം ഖദർനിർമ്മാണം വർദ്ധിച്ചതിൻെറ ഫലമായി ദാരിദ്ര്യത്തിൽ പെട്ടുഴന്നിരുന്ന 7000ത്തിലധികം ഗ്രാമക്കാൎക്ക് ഇതു വയർ പിഴപ്പിന്നു മാൎഗ്ഗമായിത്തീൎന്നിട്ടുണ്ട്. 1930-ൽ നൂൽനൂൽപ്പ് സംഘത്തിൻെറ കീഴിൽ മാത്രം നൂൽനൂററിരുന്നവരുടെ ഒരു ഏകദേശസംഖ്യ 179453-ം നെയ്ത്തുകാരുടെ എണ്ണം 13733-ം ആണ്. ഇതു് ഒരു പൂൎണ്ണമായ പട്ടിക അല്ല എന്നു പ്രത്യേകം ഓൎമ്മയുണ്ടായിരിക്കണം.

ഓരോ സംസ്ഥാനത്തിലും നൂൽനൂൽപ്പുകാരും, നെയ്ത്തുകാരും സമ്പാദിക്കുന്ന കൂലിയുടെ കണക്കു താഴെ ചേൎക്കുന്നു.

| | നെയ്ത്തുകാർ | കൂലി | നൂൽനൂൽപ്പുകാർ | കൂലി |
|---|---|---|---|---|
| ആന്ധ്ര | 1246 | ക 285053-10-5 | 20716 | ക 209379-8-0 |
| ബിഹാർ | 1181 | ക 80563-7-0 | 13422 | ക 99939-7-9 |
| ബങ്കാളം | 441 | (കണക്കു കിട്ടിയിട്ടില്ല) | 3025 | (കണക്കുകിട്ടിയിട്ടില്ല) |
| ദൽഹി, യു. പി. | 1560 | 117812-6-9 | 2292 | 160,183-15-6 |
| ഗുജറാത്ത് | 79 | | 4356 | |
| കൎണ്ണാടകം | 505 | 28734-0-0 | 7879 | 28753.0-0 |
| മഹാരാഷ്ട്രം | 1386 | 38883-1-3 | 4750 | 40034-9-3 |
| പഞ്ചാബ് | 1336 | 71505-11-6 | 65844 | 51588-11-6 |
| രാജസ്ഥാനം | 2714 | 132750-0-0 | 13062 | 88500-0-0 |
| തമിഴ്നാട് | 3210 | 454884-0-0 | 38997 | 411603-0-0 |
| ഉട്കാൽ | 75 | 10289-0-0 | 2100 | 1226[illegible]-0-0 |
| ആകെ | 13733 | 12201435-7-8 | 179453 | 1102245-4-5 |

കാർഡ് ചെയ്യുന്നവരുടെ ലിസ്റ്റ് താഴെ ചേൎക്കുന്നു.

| | |
|---|---|
| ആന്ധ്ര | 436 |
| കൎണ്ണാടകം | 46 |
| മഹാരാഷ്ട്രം | 227 |
| രാജസ്ഥാനം | 490 |
| ആകെ | 1196. |

മേൽ കാണിച്ചിട്ടുള്ള കണക്കു് അഖിലേന്ത്യാ നൂൽനൂൽപ്പ സംഘത്തിൻെറ കീഴിൽ ജോലി എടുക്കുന്നവരുടേതു മാത്രമാണ്. ഇവക്കു പുറമേ സ്വകാൎയ്യസ്ഥാപനങ്ങളും വളരെ അധികം ഉണ്ടായിട്ടുണ്ട്.

ശ്രീമതി, ടി. സി. കൊച്ചുകുട്ടിയമ്മ, ബി. എ., എൽ. ടി

# ഒരു മന്ദസ്മിതം

"കൊണ്ടുവരുമൊ പ്രിയൻ വരുമ്പോൾ പനിർ-
ച്ചെ"ണ്ടെന്നു സുസ്മിതം ചോദിക്കുമോ മലിൻ
ലോലമായിട്ടും കളേബരം ഞാനണ-
ച്ചാലിംഗനം ചെയ്തു ചുംബിച്ചു ത്തുമുഖം
"തങ്കമേയെന്തു വിഷമമതിങ്കലാ-
തങ്കമെന്ന്യേയിവൻ കൊണ്ടുവന്നേകുവൻ"
എന്നുപറഞ്ഞു നടന്നു ഞാൻ മന്ദമായ്
സുന്ദരചിന്താതരംഗിത സ്വാന്തനായ്

* * *

സന്ധ്യയായ്; വാതുക്കലെന്നെ പ്രതീക്ഷിച്ചു
ബന്ധുരഗാത്രിയാമെന്റെ കുടുംബിനി
നില്ക്കുന്നു; ഹന്ത! മറന്നു പറിക്കുവാ-
നക്കോമളാംഗിയാൾ ചൊന്നൊരാപ്പൂവു ഞാൻ
കർത്തവ്യമൂഢനായെത്തുമെൻ വ്യഗ്രത
യോർത്തു ഹസിക്കയോ സന്ധ്യാ മനോഹരി!
അപ്പുഞ്ചിരിയെജ്ജയിക്കുമാറോമലാൾ
സൽപ്പുഷ്പലാഭം നിനച്ചും ചിരിക്കുന്നു!
പഞ്ചാരയേക്കാൾ മധുരമാം സുസ്മിതം
നെഞ്ചകത്തിന്നതി തിക്തമായ്തോന്നി മേ
എങ്കിലും ഞാനൊരു പാഴ്ചിരിപ്പൂവെന്റെ
തങ്കത്തിനായിസ്സമർപ്പിച്ചു സാദരം
"കോമളേ, നാളെ ഞാൻ കൊണ്ടുവന്നേകുവൻ
കോമളമാമൊരു ചെമ്പനിനീർസുമം"
എന്നു പറഞ്ഞു ചിരിച്ചു മനോജ്ഞയെ
മന്ദം തഴകുവാൻ മൽക്കരം നീട്ടവെ
തെററന്നുതട്ടിപ്പരാങ്മുഖിയായഹൊ!
ചൊററമനങ്ങാതെ നിന്നു മൈക്കണ്ണിയാൾ.
സന്ധ്യതന്നാസ്യവുമെൻമുഖവും ഹന്ത!
കാന്തതൻ കാന്തികലരും മുഖാബ്ജവും
ഒപ്പം വിവർണ്ണമാ,യന്നേരമംബരം
നൽപ്പുളകം പൂണ്ടു താരാഗണങ്ങളാൽ

* * *

പീറേറന്നു തന്നെഞാൻ കൊണ്ടുവന്നേകിനേൻ
ഏററവും സൌഭഗമേലുമൊരുസൂമം.
ആയതെന്നോമലിൻ കൈത്താരിൽ വെയ്ക്കവെ
പൂവും കരവും തിരിച്ചറിയാതെയായ്.
അത്രമൃദുള, മരുണം, സുനിർമ്മലം
അത്തരുണിയ്ക്കെഴും രമ്യകരപുടം.
ഓമലാൾ തൻമുഖം നോക്കിയാപ്പുഷ്പവും
കോമളപ്പൂവിനെ നോക്കിയെൻ തങ്കവും
മന്ദം ചിരിയ്ക്കുന്നു; പൂർവ്വദിക്കിൻമുഖം
മന്ദസ്മിതത്താൽ തുടുത്തു തുളുമ്പുന്നു.
ആരാലതുകണ്ടു ഞാനും ചിരിയ്ക്കുന്നി
തേറെകൃതകൃത്യസന്തുഷ്ടനാകയാൽ
സുന്ദരി സുസ്മേരചന്ദ്രബിംബാനനം
മന്ദംതിരിച്ചോളിച്ചെന്നെവീക്ഷിയ്ക്കവെ
നിന്നിതാനന്ദവിമൂകനായ് ഞാൻഗിരി_
ശൃംഗംനിലാവിൽകുളിച്ചുനില്ക്കുംവിധം.

കെ. പ്രകാശം.

# ഭാരതത്തിലെ പ്രാചീനവിദ്യാഭ്യാസം.

പ്രകൃതിരമണീയമായ നദീതടത്തിലൊ പ്രശാന്തമായ വനത്തിന്റെ അഗാധതകളിലൊ സംസ്ഥിതമായിരുന്ന ഭാരതത്തിലെ പ്രാചീനവിദ്യാലയങ്ങളുടേയും ജനബഹുലമായ നഗരങ്ങളിൽ സ്ഥിതിചെയ്യുന്ന ഇന്നത്തെ വിദ്യാലയങ്ങളുടേയും ആദർശങ്ങൾക്ക് രണ്ടു ധ്രുവങ്ങളുടെ അന്തരമുണ്ട്. ആദ്യത്തേതു ബാലന്മാരുടെ സരളമായ ഹൃദയത്തെ പ്രകൃതിയോട് അടുപ്പിക്കുമ്പോൾ മറേറതു് അവരെ അതിൽനിന്നു വലിച്ചിഴക്കുകയാണ്.

പുഷ്പിതമായ ആരാമങ്ങളാലും ഫലസമൃദ്ധങ്ങളായ തോട്ടങ്ങളാലും ആ വിദ്യാലയങ്ങൾ പ്രകൃതീദേവിയുടെ വിലാസരംഗങ്ങളായിരുന്നു. പ്രകൃതിയുടെ മടിയിൽ പരമമായ ആനന്ദത്തിന്റേയും ഉൽകൃഷ്ടമായ സ്വാതന്ത്ര്യത്തിന്റേയും താരാട്ടു കേട്ടുകൊണ്ടാണ് പ്രാചീനഭാരതത്തിലെ യുവഹൃദയങ്ങൾ വളൎന്നുവന്നിട്ടുള്ളതു്. ദൈവത്തിന്റെ ദിവ്യസന്ദേശം വഹിച്ചുകൊണ്ടല്ലാതെ സുമസുരഭിലമായ വായു അവിടെ ഒരിക്കലും പെരുമാറിയിട്ടില്ല. വിദ്യുല്ലതകൾ കാണുമ്പോൾ വിദ്യുച്ഛക്തി

യുടെ മാഹാത്മ്യത്തെപ്പററിയല്ല അവർ സ്മരിച്ചതു്, പിന്നേയോ, ദൈവത്തിൻെറ പുഞ്ചിരിയെപ്പററി. പ്രകൃതിയോട് എന്തെന്നില്ലാത്ത ഒരു ബന്ധം, അതിൻെറ സൌന്ദൎയ്യത്തിൽ എന്തെന്നില്ലാത്ത ഒരു ആനന്ദം, സകല ചരാചരങ്ങളോടും അനുഭാവജന്യമായ ഒരു സ്നേഹം ജനിപ്പിച്ചിരുന്ന നമ്മുടെ പ്രാചീനവിദ്യാഭ്യാസകേന്ദ്രങ്ങൾ ആൎഷസംസ്കാരത്തിൻെറ സജീവങ്ങളായ രൂപങ്ങളായിരുന്നു.

സൎവ്വസംഗപരിത്യാഗികളായ മഹൎഷിവൎയ്യന്മാരായിരുന്നു വിദ്യാലയത്തിലെ ഗുരുനാഥന്മാർ. ലോകത്തിൻെറ മൃഗതൃഷ്ണയുടെ പിറകേ ഓടിനടന്നു ക്ഷീണിച്ചവൎക്ക് ആ ആശ്രമകവാടങ്ങൾ ഒരിക്കലും പ്രവേശനം നിഷേധിച്ചിരുന്നില്ല. ആദൎശപൂൎണ്ണമായ ഒരു അന്തരീക്ഷത്തിൽ സ്വച്ഛന്ദം വിഹരിച്ചിരുന്ന ആ ബാലന്മാരുടെ ജീവിതം ഹൃദയാകൎഷകമായ ഒരു ഗാനമായിരുന്നു.

ഉയൎന്ന ജാതിയിൽപ്പെട്ട ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ എന്നിവൎക്കുമാത്രമേ വിദ്യാലയത്തിൽ പ്രവേശനം അനുവദിച്ചിരുന്നുള്ളു. സാഹിത്യം, വേദം, വേദാന്തം മുതലായ വിഷയങ്ങളായിരുന്നു അവരെ പഠിപ്പിച്ചിരുന്നതു്. ആ ആശ്രമസ്ഥലിയിലാണ് ഭാരതീയജ്ഞാനം തഴച്ചുവളൎന്നതു്; അതിൻെറ ചില്ലയിൽ തന്നെയാണ് മഹനീയമായ ആൎഷസംസ്കാരം ഉൽഫുല്ലമായതും.

വിദ്യാലയ ചൎയ്യയിൽ ആദ്യമായി പ്രവേശിക്കുന്ന ബാലന്മാൎക്ക് ഗുരുവിനെ ശുശ്രൂഷിക്കേണ്ടതുണ്ടായിരുന്നു. അദ്ദേഹത്തിനുവേണ്ടി വിറകു ശേഖരിക്കുക, വെള്ളം കോരുക മുതലായ ജോലികൾ ചെയ്യുന്നതു അന്നത്തെ കായികാഭ്യാസത്തിൻെറ ഒരുവക ഭേദമായിട്ടാണ് വിദ്യാൎത്ഥികൾ പരിഗണിച്ചിരുന്നതു്. ഇന്നത്തെ വിദ്യാഭ്യാസരീതിയനുസരിച്ചു പ്രവൃത്തിപഥത്തിൽ തീരെ അപടുക്കളായ ഒരുകൂട്ടം "പുസ്തകപ്പുഴുക്കളെ" യല്ല അന്നത്തെ ആശ്രമവിദ്യാലയങ്ങൾ സൃഷ്ടിച്ചിരുന്നതു്. ഭാവിയിൽ പൊതുജന സേവനത്തിനായി ഉഴിഞ്ഞിട്ടിരുന്ന അവരുടെ ജീവിതത്തിന്നു് ഈ ഗുരുജനസേവനം ഒരു പരിശീലനംമാത്രമായിരുന്നു.

ഗുരുവിനെ ഒരേസമയത്തുതന്നെ തങ്ങളുടെ യജമാനനും മഹൎഷിയുമായിട്ടായിരുന്നു ശിഷ്യന്മാർ ഗണിച്ചിരുന്നതു്. ഗുരു അവരെ പുത്രനിൎവ്വിശേഷം സ്നേഹിച്ചു; അവർ അദ്ദേഹത്തെ പിതൃഭക്തിയോടുകൂടി ആദരിച്ചു. പ്രതിഫലം കൂടാതെയുള്ള വിദ്യാഭ്യാസമായിരുന്നു അവൎക്കു ലഭിച്ചിരുന്നതു്. അദ്ധ്യയനചൎയ്യ അവസാനിപ്പിച്ച് സംസ്കൃതാശയന്മാരും ദൃഢഗാത്രന്മാരുമായി സ്വഗൃഹത്തിലേക്കു് തിരിച്ചുപോകുമ്പോൾ ഉചിതമായ ഗുരുദക്ഷിണകൊണ്ടു അവർ അദ്ദേഹത്തെ സന്തോഷിപ്പിക്കാറുണ്ട്.

ഇന്ത്യയുടെ പൈതൃകമായ സംസ്കാരസമ്പത്തു് പുലത്തുന്നതിന്നായി അഭിജ്ഞന്മാരായ പൌരന്മാരെ സൃഷ്ടിക്കുകയായിരുന്നു ഈദൃശമായ പ്രകൃതിവിദ്യാലയങ്ങളുടെ പരമോദ്ദേശം. "മനുഷ്യനിൽ നൈസർഗ്ഗികമായി നിലീനമായിരിക്കുന്ന പരിപൂർണ്ണതയുടെ പ്രകാശനമാണ് വിദ്യാഭ്യാസം" എന്നു വിവേകാനന്ദസ്വാമികൾ ഒരിക്കൽ പറയുകയുണ്ടായിട്ടുണ്ടു്. ഈ തത്വമായിരുന്നു ഭാരതത്തിലെ പ്രാചീന വിദ്യാലയങ്ങളുടെ അളവുകോൽ.

എന്നാലും ഏതൊരു പ്രാചീന വിദ്യാലയത്തിലും ശൂദ്രന്നു് പ്രവേശനം അനുവദിച്ചിരുന്നില്ല. സ്ത്രീവിദ്യാഭ്യാസം അന്നു തീരെ നിഷിദ്ധമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസത്തിന്നു എല്ലാ ബാലന്മാക്കും ഒരുപോലെ ഉള്ള അവകാശം പ്രാചീനഭാരതം അനുവദിച്ചിരുന്നില്ല.

വി. രാമനുണ്ണിമേനോൻ.

---

# അനാഥ.

ഞങ്ങൾ നമ്മസല്ലാപനിരതരായിരുന്നു. സൂര്യൻ ഉദിച്ചതും ഉയന്നതും ഞങ്ങൾ അറിഞ്ഞില്ലാ. പ്രേമസല്ലാപത്തിൽ രാത്രിയുണ്ടോ, പകലുണ്ടോ!

ഞങ്ങൾ കൊഞ്ചിക്കുഴഞ്ഞു; ചുംബിച്ചുശ്വാസംമുട്ടി, കലഹിച്ചു അകന്നുമാറി കുനിഞ്ഞിരുന്നു; അഭിമാനം വിട്ടു പരസ്പരം അടുത്തു; കെട്ടിപ്പിണഞ്ഞു്, കട്ടിലിൽ മറിഞ്ഞു, പൊട്ടിച്ചിരിച്ചു. പ്രേമം ഒരുതരം ഉന്മാദമാണു്.

ഞങ്ങൾ വിരഹകാലത്തെ വിവിധാനുഭവങ്ങളെ വിവരിച്ചു. നിദ്രാഹീനമായ നിശകളിലെ സ്വപ്നങ്ങളെ അതിശയോക്തിയോടുകൂടി ചിത്രീകരിച്ചു. പ്രേമലേഖനങ്ങളിലെ ഓരോ പദങ്ങളേയും വ്യാഖ്യാനിച്ചു, സാഹിത്യ 'കൊലകൊമ്പന്മാരെ' കൊമ്പുകുത്തിച്ചു. പ്രഥമദശനം മുതൽക്കുള്ള കഥകൾ ആയിരത്തി ഒന്നാമതായിആവത്തിക്കപ്പെട്ടു.

മദ്ധ്യാഹ്നസൂര്യൻ ഞങ്ങളുടെ പ്രേമസല്ലാപംകണ്ടു ക്രുദ്ധനായി ത്തിന്നു. പ്രാതലിനു ഒരുക്കിയ സാധനങ്ങൾ തണുത്തുപോകയാൽ അതെല്ലാം മാററിയിട്ടു്, തൽസ്ഥാനത്തു ഉച്ചഭക്ഷണം ഒരുക്കിയിരുന്നു. ഭൃത്യന്റെ ആവലാതികളും, നിശ്ശബ്ദമായ ശാപങ്ങളും നിഷ്പ്രയോജനങ്ങളായി. എന്റെ പ്രിയയുടെ സഖി പരിഭവിച്ചു മടങ്ങിപ്പോയി.

എൻെറ കൃശശരീരത്തിനു ക്ഷീണം ഭവിച്ചു. എൻെറ പ്രിയതമ എന്നെ ഭക്ഷണത്തിനു നിർബന്ധിച്ചുതുടങ്ങി. ഭൃത്യൻെറ ആവലാതി സഫലമായി.

* * * * * *

"എന്നെ രക്ഷിയ്ക്കണേ! എന്നെ രക്ഷിയ്ക്കണേ!"—പുറത്തു ദയനീയമായ ഒരു രോദനംകേട്ടു! ഞങ്ങളുടെ പ്രേമപൂർണ്ണമായ ഹൃദയം ഭയവിഹ്വലമായി. ചോററിൽ കല്ലുകടിച്ചു. നാരകീയരോദനം സ്വർഗ്ഗത്തിൽ മാറെറാലിക്കൊണ്ടു. മനുഷ്യർ ആഹ്ളാദഭരിതരായി സ്വയം മറന്നുപോകുന്നു. അടുത്തനിമിഷത്തിൽ ഭയവും, ദുഃഖവും അവരെ ഗ്രസിക്കുന്നു. കൊട്ടാരങ്ങളിലെ വിഭവസമൃദ്ധമായ ജീവിതചര്യയിൽപോലും ഭയവും, ക്ലേശവും എത്തിനോക്കാതിരിക്കുകയില്ല. പുഷ്പലതാലംകൃതമായ മോഹനാരാമങ്ങളിൽ, ചവററുകുഴികളിലെ ദുർഗ്ഗന്ധമലീമസമായ വായു പ്രവേശിച്ചു എന്നു വരാം. ക്ലേശരഹിതമായ പൂർണ്ണസുഖം അസാദ്ധ്യമത്രെ. ദുഖമാണു് സുഖത്തിൻെറ മാററു വർദ്ധിപ്പിക്കുന്നതു്. ജീവിതസൗന്ദര്യം, സുഖദുഃഖങ്ങളുടെ സമ്മിശ്രാവസ്ഥയിൽ സ്ഥിതിചെയ്യുന്നു.

എൻെറ പ്രിയതമ—ലളിത—വാതിൽ തുറന്നു. "അനാഥയായ എന്നെ രക്ഷിക്കണേ!"—അതെ, വരാന്തയിൻ കിതച്ചുകൊണ്ടു നിന്നിരുന്ന ഒരു സ്ത്രീരൂപത്തിൽ നിന്നാണു് ആ ദയനീയ സ്വരം ഉത്ഭവിച്ചതു്. അവൾ ആരുടേയും സമ്മതം നോക്കാതെ അകത്തു പ്രവേശിച്ചു. അവളുടെ വിറയാന്ന ശരീരത്തിൽനിന്നു സ്വേദകണങ്ങൾ ഒഴുകിക്കൊണ്ടിരുന്നു. അവൾ തൻെറ കുഴിഞ്ഞ കണ്ണുകൾകൊണ്ടു ആ മുറിയെ പരിശോധിച്ചിട്ടു്, സലജ്ജം ഒരു മൂലയിലേയ്ക്കു ഒതുങ്ങി നിലകൊണ്ടു.

ലളിതയും, ഞാനും ഇതി കർത്തവ്യതാമൂഢരായി. ദയാഭയസങ്കലിതമായ ഒരു നോട്ടത്താൽ, അവൾ എന്നോടു ചില പ്രശ്നങ്ങൾ ചെയ്തു. ഞാൻ അനുവാദംകൊടുത്തു. ലളിത വാതിൽ ബന്ധിച്ചു. ആ അനാഥ, ദീർഘമായി ഒന്നു നിശ്വസിച്ചു. ഞാൻ വികൃതമായി ഒന്നു മന്ദഹസിച്ചു.

നിശ്ശബ്ദത. ഞങ്ങളുടെ ശ്വാസോച്ഛ്വാസങ്ങൾ ഘനമേറിയതായിരുന്നു. അനാഥ, ചുമരിനോടുപററി ഇരുപ്പു പിടിച്ചു. ലളിതയുടെ ദൃഷ്ടികൾ എന്നിലും, അനാഥയിലും മാറിമാറി സഞ്ചരിച്ചുകൊണ്ടിരുന്നു. ആ ദൃഷ്ടികളിൽ പ്രതിഫലിച്ച വിവിധചിന്തകൾ അവർണ്ണനീയങ്ങളത്രെ. ഞാൻ ചിന്താധീനനായി:—"അനാഥ—അനാഥകൾ!—കഷ്ടം! സ്ത്രീസമുദായത്തെ മുഴുവൻ അനാഥകളെക്കൊണ്ടു നിറച്ചിരിക്കുന്നു!! പുരുഷന്മാർ സ്ത്രീകളുടെ 'നാഥ'ന്മാരായി; അതോടുകൂടി സ്ത്രീകൾ 'അനാഥ'

കളുമായി........ലോകത്തിൽ അനാഥകൾ ഇല്ലാതാവണമെങ്കിൽ, നായകന്മാർ ഇല്ലാതാവണം. നായകത്വത്തിനുള്ള മത്സരമാണു് ലോകത്തെ അനാഥമാക്കുന്നതു്........ഈ സഹോദരി അനാഥയായതെങ്ങിനെ? ചോദിക്കാം........"

ഞാൻ ലളിതയുടെ മുഖത്തുനോക്കി. ലളിത അനാഥയുടെ മുഖത്തുനോക്കി ഒന്നു നിശ്വസിച്ചു. ദുഃഖവും, ഭയവും ഇടകലൎന്ന ഒരു നിശ്ശബ്ദത ആ മുറിയിൽ വ്യാപിച്ചു.

ലളിത നിശ്ശബ്ദതയെ ഭഞ്ജിച്ചു: "സഹോദരി! നിൻെറ പേരെന്തു്?" അനാഥ ശിരസ്സുയൎത്തി ലളിതയെ ദയനീയമായി നോക്കി. ആ വിളറിയ മുഖത്തു, ജീവിതത്തിൻെറ ക്രൂരവും ദുഃഖമയവുമായവശങ്ങൾ ചിത്രീകരിക്കപ്പെട്ടിരുന്നു. ഞാൻ ഇങ്ങിനെ പറഞ്ഞു: "സഹോദരി! പരദുഃഖത്തിൽ സഹതപിക്കുന്ന രണ്ടു സഹോദരന്മാർ അടുത്തുണ്ടെന്നുള്ള ആശ്വാസത്തോടും ധീരതയോടുംകൂടി, സഹോദരിയുടെ സ്ഥിതിയെന്തെന്നു ഞങ്ങളെ അറിയിക്കുക". അനാഥ നമ്രശിരസ്കയായി. അവളുടെ നെടുവീൎപ്പുകൾ അസഹനീയങ്ങളായിരുന്നു. അവൾ വിങ്ങിവിങ്ങി ഇങ്ങിനെ പറഞ്ഞു: "നിരാധാരയായ ഈ പാപിയ്ക്കു് അല്പനേരത്തേയ്ക്കു് അഭയസ്ഥാനം നല്കിയ നിങ്ങളോടു ഞാൻ എന്നും കൃതജ്ഞതയുള്ളവളായിരിക്കും." അവൾ വസ്ത്രാഗ്രംകൊണ്ടു കണ്ണുനീർ തുടച്ചു. "സമുദായം അനാഥരെ സൃഷ്ടിക്കുന്നു; അനാഥരെ മൎദ്ദിക്കുന്നു. ഈ കത്തിക്കാളുന്ന മരുഭൂമിയിൽ നിങ്ങളെപ്പോലുള്ള അപൂൎവ്വം ചില ജലാശയങ്ങൾ കാണുമായിരുന്നില്ലെങ്കിൽ, സമുദായശരീരം പണ്ടേക്കുംപണ്ടേ ദഹിച്ചുപോകുമായിരുന്നു." അവളുടെ സ്വരം സുവ്യക്തമായി. അവളുടെ ഓരോ വാക്കും സജീവങ്ങളായിരുന്നു. മാത്രമല്ല, ആ വാക്കുകൾ, ജീവിതമത്സരത്തിലെ പരമവാസ്തവങ്ങളെ പ്രഖ്യാപനം ചെയ്യുന്നുണ്ടായിരുന്നു.

ലളിത ഇങ്ങിനെ പറഞ്ഞു. "സഹോദരി! നിൻെറ കൃതജ്ഞതയെ അൎഹിക്കത്തക്കവിധത്തിൽ ഞങ്ങൾ ഒന്നും ചെയ്തിട്ടില്ല. നീ ഏതോ ആപത്തിൽ പെട്ടിരിക്കുകയാണെന്നു തോന്നുന്നു. ആ സംഗതി എന്തെന്നു പറയുമെങ്കിൽ, ഞങ്ങളാൽ കഴിവുള്ളവിധം നിന്നെ സഹായിക്കാം."

അനാഥ, ഒരു നെടുവീൎപ്പോടുകൂടി ശിരസ്സുയൎത്തി ഇങ്ങിനെ പറഞ്ഞു. "നിൎഭാഗ്യവതിയായ എനിക്കു നിങ്ങൾ അഭയസ്ഥാനം നൽകിയതുകൊണ്ടുതന്നെ ഞാൻ സംതൃപ്തയായിരിക്കുന്നു. ഇതിൽ കൂടുതലായി എന്നെ സഹായിക്കുവാൻ നിങ്ങൾക്കു സാദ്ധ്യമല്ലാ. ഇതിലും ഉപരിയായ സഹായങ്ങളെ ഞാൻ നിങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നുമില്ല. പക്ഷെ,

ഹതഭാഗ്യയായ എൻെറ ദുഃഖപൂൎണ്ണമായ ജീവിതത്തിൻെറ ഒരു സംക്ഷിപ്തവിവരണം നിങ്ങൾക്കു തരണമെന്നു ഞാൻ വിചാരിക്കുന്നു." അവളുടെ കുഴിഞ്ഞ കണ്ണുകൾ അടഞ്ഞു. അവൾ ചിന്തയിൽ ലയിച്ചു. ജീവിതനാടകത്തിലെ പല ദുഃഖരംഗങ്ങളും അവളുടെ മനസ്സിൽ അഭിനയിക്കുന്നുണ്ടെന്നു എനിക്കു തോന്നി.

അവൾ സാവധാനത്തിൽ കണ്ണുതുറന്നു, ഇങ്ങിനെ ആരംഭിച്ചു:—"ഉദ്ദേശം അഞ്ചുനാഴിക അകലെയുള്ള ഒരു ദരിദ്രകുഡുംബത്തിലാണ് ഞാൻ ജനിച്ചതു്. ദാരിദ്ര്യപൂൎണ്ണമായ പരിതസ്ഥിതിയിലും, ബാല്യകാലം ഞാൻ ആനന്ദമഗ്നമായിതന്നെ കഴിച്ചുകൂട്ടി. മാലതി—അതാണ് എൻെറ പേർ—അയൽ ഗൃഹങ്ങളിലെ കണ്ണിലുണ്ണിയായിരുന്നു. എൻെറ സൗന്ദൎയ്യം, എൻെറ സഖികൾക്കു് അസൂയാജനകമായിരുന്നു. മോഹനമായ ആ കാലം ഭൂതകാല ചക്രവാളത്തിൽ മറഞ്ഞു. ഞാൻ അതുവരെയും അറിഞ്ഞിട്ടില്ലാത്ത ഒരു യുവാവിൻെറ ഹസ്തത്തെ ഗ്രഹിച്ചുകൊണ്ടു ജീവിതരംഗത്തിലേയ്ക്കിറങ്ങുവാൻ ഞാൻ നിൎബ്ബന്ധിതയായി." അതോടുകൂടി എൻെറ പ്രേമത്തെ അൎപ്പിച്ചിരുന്ന ഒരു യുവാവു ജീവിതരംഗത്തിൽനിന്നു മറയുകയും ചെയ്തു. .............

മാലതി മൗനമവലംബിച്ചു. അവളുടെ ക്ലേശപൂൎണ്ണമായ ഹൃദയത്തിൽനിന്നു ഒരു ഹാസ്യസൂചകമായ മന്ദഹാസം പുറപ്പെട്ടു. അവൾ ഇങ്ങിനെ തുടൎന്നു. "വിവാഹം, സ്ത്രീപുരുഷന്മാരെ ബന്ധിക്കുവാനുള്ള ഒരു അടിമത്വശൃംഖലയാണ്. നമ്മുടെ നാട്ടിൽ അതു തൂക്കുകയറായി രൂപാന്തരപ്പെട്ടിരിക്കുന്നു." അവൾ ഞങ്ങളുടെ മുഖത്തു തുറിച്ചുനോക്കിയിട്ടു പിന്നേയും തുടൎന്നു:— "സ്ത്രീപുരുഷന്മാരെ ബന്ധിക്കേണ്ടതു പരിപാവനമായ പ്രേമപാശത്താലാണ്. പക്ഷെ, വിവാഹശൃംഖലയാൽ സ്ത്രീപുരുഷന്മാരുടെ ദേഹത്തെ ബന്ധിക്കുവാൻ തുടങ്ങിയപ്പോൾ, ഞാൻ പ്രേമാഭയവിഹ്വലനായി നാടുവിട്ടോടി. വിവാഹം, പ്രേമത്തിൻെറ ഗതിയെ തടുക്കുന്നു, മാത്രമല്ലാ, അതു പ്രേമത്തിൻെറ കഴുത്തു ഞെക്കുന്നു.

അവൾ ഞങ്ങളെ നോക്കി ഒന്നു നെടുവീൎപ്പുവിട്ടു. സൂൎയ്യൻ പശ്ചിമ ചക്രവാളത്തെ അവലംബിച്ചു അധോഗതി തുടങ്ങി. വരുണദേവൻ, നിശാദേവിയെ എതിരേൽക്കുവാൻ മന്ദപവനനെ അയച്ചു.

മാലതി കഥ തുടൎന്നു:—"എൻെറ ഭൎത്താവു ദരിദ്രനായിരുന്നു. മാത്രമല്ലാ അദ്ദേഹം, ദരിദ്രന്മാരിൽ സാധാരണ കണ്ടുവരാവുന്ന ദുൎഗ്ഗുണങ്ങളുടെ വിളനിലവുമായിരുന്നു." അവൾ കണ്ണടച്ചു് അല്പനേരം ചിന്തയി

ൽ ലയിച്ചിരുന്നു. പിന്നേയും ആരംഭിച്ചു: "—എന്തിന് ഞാൻ അതെല്ലാം പറയുന്നു. എൻെറ വൈവാഹിക ജീവിതം നരകപരിപൂൎണ്ണമായി. ജീവിതം എനിക്കൊരു ഭാരമായി. ഞങ്ങളുടെ ആഹാരം പട്ടിണിയായിരുന്നു. ഞങ്ങളുടെ പ്രേമസല്ലാപം കലഹമായിരുന്നു. പത്നീമൎദ്ദനം എൻെറ ഭൎത്താവിൻെറ ദൃഢവ്രതമായിരുന്നു." മാലതി മൌനം പൂണ്ടു. അവളുടെ സ്ത്രീഹൃദയത്തിലെ വിസ്തൃതമായ പ്രേമസമുദ്രത്തിൽ അലയടിച്ചുതുടങ്ങി:— "അദ്ദേഹം എന്നെ ആത്മാൎത്ഥമായി സ്നേഹിച്ചിരുന്നു. ലോകത്തിലെ സാമ്പത്തികമൎദ്ദനത്തോടുള്ള കോപത്തെ, നിരാധാരനായ ആ ദരിദ്രൻ എന്നോടല്ലാതെ മററാരോടാണു പ്രയോഗിക്കുക? അതേ, അദ്ദേഹം പ്രേമത്തേയും, കോപത്തേയും എന്നിൽ അൎപ്പിച്ചു. അവ രണ്ടും എനിക്കു ഒരുപോലെ ആയിരുന്നു. രണ്ടിനേയും ഞാൻ ക്ഷമാപൂൎവ്വം സഹിച്ചു."

മാലതി ചിന്തയിൽ ലയിച്ചു. അവൾ ദുസ്സഹമായ ഏതോ സംഭവത്തെ ഓൎക്കുന്നതുപോലെ തോന്നി. ചിന്താഭാരത്താൽ അവൾ തല കുനിച്ചു.—"അഭീകരമായരാത്രി—എൻെറ ജീവിതത്തിൻെറ അടിത്തറ ഇളക്കിയ ആ രാത്രി..........." മാലതിപെട്ടന്നു എഴുന്നേററു നിന്നു. അവളുടെ ദേഹം വിറച്ചു. അവൾ ജനലിന്നരികെ നിന്നുകൊണ്ട് ശൂന്യമായ അന്തരിക്ഷത്തിലേക്കു നോക്കിപ്പുലമ്പി:"ധനികതപമേ! നീ എത്രയെത്ര പതിവ്രതാരത്നങ്ങളുടെ ചാരിത്രത്തെ നശിപ്പിക്കുന്നു! ഏതാനും ചെമ്പുതുട്ടുകൾകൊണ്ടു ലോകത്തിലെ വിഭവങ്ങളെ മുഴുവൻ നീ വിലക്കുവാങ്ങുന്നു. അതും പോരാഞ്ഞിട്ടു അശക്തരായ ദരിദ്രന്മാരുടെ അഭിമാനത്തേയും ചാരിത്ര്യത്തെയുംകൂടി നീ വിലക്കുനോക്കിവാങ്ങുന്നു!" അവൾ ഒരു ഉന്മാദിയെപ്പോലെ ജനലിൻെറ ഇരുമ്പഴികൾ വളക്കുവാൻ ശ്രമിച്ചു. ലളിതയെ തട്ടത്തു. മാലതി പിന്നെയും ആകാശത്തിലേക്കു പുലമ്പി: "ദാരിദ്ര്യമേ! ആത്മസംരക്ഷണത്തിനായി നീ എന്തുതന്നെ വില്ക്കുകയില്ലാ?" അവൾ നമ്രശിരസ്കയായി മുറിയിൽ ഉലാത്തിത്തുടങ്ങി. ദുഃഖം അവളുടെ കരളിനെ കരണ്ടുതിന്നുന്നുണ്ടായിരുന്നു. ഞങ്ങൾ നിശ്ശബ്ദരായി തന്നെ ഇരുന്നതേഉള്ളു. ഒന്നും പറയുവാൻ ഞങ്ങൾക്കു ധൈൎയ്യമുണ്ടായില്ല.

കാററ് അല്പം ശാന്തമായി. മാലതി ജനലിൻെറ അഴി ചാരിനിന്നുകൊണ്ടു ഞങ്ങളെ നോക്കി ഇങ്ങിനെ തുടൎന്നു: "എൻെറ ഭ്രാന്തുകൾ കണ്ടു നിങ്ങൾ അത്ഭുതപ്പെട്ടിരിക്കാം...............ആ രാത്രി ഭയാനകമായിരുന്നു. ദാരിദ്ര്യം എന്നെ അധഃപതിപ്പിച്ചില്ലാ. ആ രാത്രിയിലെ പൈശാചികകൃത്യമാണ് എൻെറ ജീവിതത്തിൻെറ അടിത്തറ മാന്തിച്ചത്...........അന്നു പകൽ മുഴുവൻ ഞങ്ങൾ നിരാഹാരമായി കഴി

ച്ചു. ചൂതുകളിക്കാരനായ ഭത്താവു്, എന്റെ കഴുത്തിൽ അവശേഷിച്ചിരുന്ന താലി ആവശ്യപ്പെട്ടു. അതഴിച്ചുകൊടുക്കുവാൻ എനിക്കു ധൈര്യമുണ്ടായില്ല." അവൾ അതിവേഗത്തിലാണു് പറഞ്ഞുകൊണ്ടിരുന്നതു്. "സന്ധ്യാസമയത്തു് അദ്ദേഹം നിരാശനായി പുറത്തേക്കു പോയി ...... .........രാത്രി പ്രഥമയാമം കഴിഞ്ഞു. ഞാൻ ഭത്താവിന്റെ വരവിനെ പ്രതീക്ഷിച്ചു് അന്ധകാരത്തിൽ ഏകാകിയായി ഇരുന്നു. .........അതേ, ബോധരഹിതനായി അദ്ദേഹം മുറിയിൽ പ്രവേശിച്ചു. എനിക്കു സുപരിചിതമായിരുന്ന മദ്യഗന്ധം എന്നെ അലട്ടിയില്ല. അദ്ദേഹം എന്നോടിങ്ങിനെ പറഞ്ഞു: "വിട—നു. കാ-ന-ൻ" ഞാൻ പുറത്തേക്കു നോക്കി. ഇരുട്ടിൽ ഒരാൾ നിൽക്കുന്നു. എന്റെ ഉള്ളിൽ ഒരു കത്തൽ ഉണ്ടായി. അദ്ദേഹം എന്നോടു് എന്തോ പറയുവാൻ ഭാവിച്ചു. വാക്കുകൾ പുറത്തേക്കു വന്നില്ലാ. അദ്ദേഹം പുറത്തിറങ്ങി. പിന്നേയും അകത്തു കയറി. അദ്ദേഹം എന്തോ അതികഠിനമായ വേദന അനുഭവിക്കുന്നതുപോലെ എനിക്കു തോന്നി. അതു മദ്യത്തിന്റെ ലഹരിയായിരുന്നില്ല. അതു ഹൃദയത്തിന്റെ അന്തർഭാഗത്തുനിന്നു പൊങ്ങിയ ഒന്നായിരുന്നു. ഞാൻ അദ്ദേഹത്തെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചു. അദ്ദേഹം എന്നെ പിടിച്ചു പുറകോട്ടു തള്ളി. ...........പുറത്തുനിന്ന ആൾ ഒന്നു ചുമച്ചു. ഭത്താവു പുറത്തിറങ്ങി അയാളുടെ കൈക്കുപിടിച്ചു് അകത്തു കൊണ്ടുവന്നു. അന്ധകാരം. ഞാൻ ഒരു മൂലയിൽ ഒഴിഞ്ഞുനിന്നു. ..........."മാലതി!" എന്നു ഭത്താവു് ഇടറിയ സ്വരത്തിൽ വിളിച്ചു. നിശ്ശബ്ദത. അദ്ദേഹം പുറത്തിറങ്ങി. പിന്നേയും അകത്തു കയറി. ആതിഥേയൻ ഗൌരവസ്വരത്തിൽ ഒന്നു മൂളി. ഭത്താവു പുറത്തു കടന്നു. വാതിൽ ബന്ധിക്കപ്പെട്ടു. .........ഹാ! ഇതി കത്തവ്യതാമൂഢയായ ഞാൻ നിന്നനിലയിൽതന്നെ നിന്നുപോയി. നിശ്ശബ്ദത. ആ അന്ധകാരത്തിൽ പല ഭികരരൂപങ്ങളും എന്റെ മുമ്പിൽ പ്രത്യക്ഷമായി. ഞാൻ ഭയവിഹ്വലയായി വിറകൊണ്ടു.........ഞാൻ വാതിലിന്റെ സമീപത്തേക്കു് അണഞ്ഞു; വാതിൽ തുറക്കുവാൻ ഭാവിച്ചു. ഞാൻ ബലമേറിയ രണ്ടു കൈകളാൽ ബന്ധിതയായി. എന്റെ ജീവിതത്തിന്റെ അടിത്തറ ഇളകി..............." തുടരുവാൻ ശക്തയല്ലാതെ അവൾ ജനലിന്നെതിരെ കുനിഞ്ഞുനിന്നു, വിവിധവർണ്ണാലംകൃതമായ ആകാശത്തെ നോക്കി നെടുവീപ്പു വിട്ടു. സൂര്യൻ പശ്ചിമചക്രവാളത്തിൽ മറഞ്ഞുതുടങ്ങി. ഞങ്ങളുടെ മുറിയിൽ അന്ധകാരം, മന്ദമന്ദം പ്രവേശിച്ചു. ഭൃത്യൻ വിളക്കുമായി എത്തി. അവൻ എന്തോ ആവലാതിപ്പെടുന്നതുപോലെ ഞങ്ങളെ നോക്കിയിട്ടു തിരിച്ചുപോയി. ആ ദുഃഖവേളയിൽപോലും, അവന്റെ നിർദ്ദോഷമായ നോട്ടം ഞങ്ങളിൽ മന്ദഹാസത്തെ ഉളവാക്കി.

മാലതി തിരിഞ്ഞുനിന്നു. അവൾ ദീപത്തെ തുറിച്ചുനോക്കിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞു. "പ്രഭാതത്തിൽ, തപ്തമായ—ക്രൂരമായ—

ലോകത്തെ ഞാൻ കണ്ണുമിഴിച്ചു നോക്കി. അസ്ഥിരവും, പാപപങ്കിലവുമായ ജീവിതത്തിൽ എനിക്കു വിശ്വാസമില്ലാതായി. ആത്മഹത്യയാണ്, ഉപായിയായ എൻെറ മുമ്പിൽ കണ്ട മാൎഗ്ഗം. ഞാൻ ജീവിതത്തിൻെറ വമ്പിച്ച തിരമാലകളിലേയ്ക്കു ചാടി...............

മാലതി വിഹ്വലയായി ദീപത്തെ നോക്കിക്കൊണ്ടിരുന്നു. അവളുടെ ദൃഷ്ടികൾ ചലിച്ചില്ല. "എന്നെപ്പോലെ എത്രയെത്ര അനാഥകൾ ഈ ജീവിതത്തിരമാലകളിൽ അമൎന്നുപോയിട്ടുണ്ട്!"

അവൾ വാതുക്കലേയ്ക്കു നീങ്ങി; "സഹോദരരേ! നിങ്ങളുടെ ദയാബുദ്ധിയ്ക്കു് ഞാൻ ഒരിക്കൽക്കൂടി വന്ദനം പറഞ്ഞുകൊള്ളുന്നു. സൂൎയ്യരശ്മികൾ മറയുന്നതുവരെയാണ് നിങ്ങളുടെ രക്ഷ എനിയ്ക്കു് ആവശ്യമായിരുന്നതു്. ഇതാ ഇപ്പോൾ എൻെറ സഞ്ചാരത്തിന് ആവശ്യമായ ഇരുൾ എനിക്കു ലഭിച്ചു കഴിഞ്ഞിരിക്കുന്നു. വെളിച്ചം എൻെറ ശത്രുവാണ്. ഞാൻ ഇരുളിൽ ലയിക്കട്ടേ." അവൾ വാതിൽ തുറന്നു പുറത്തുകടന്നു. ഞങ്ങൾക്കു തടുക്കുവാൻ സാധിക്കുന്നതിന്നു മുമ്പായി അവൾ ഇരുളിൽ മറഞ്ഞു.

കെ. കേശവദേവ്.

---

# കാളിദാസരുടെ 'ഉൎവ്വശി'

അമരവധൂരത്നമായ ഉൎവ്വശി, പുരാണപ്രസിദ്ധയത്രേ. പക്ഷേ, അവളുടെ ചരിത്രം, ദ്രൌപദി, ദമയന്തി, തുടങ്ങിയ പുരാണവനിതകളുടേതിൽനിന്നു്, തുലോം ഭിന്നമാകുന്നു. വൎജ്ജനീയമായ സ്വഭാവവൈകല്യത്തോടുകൂടിയ അവളെ അനുകരിക്കുന്നവരുടെ ജീവിതം, സൎവ്വഥാ ഗൎഹണീയമായിത്തീരുമെന്നു കാണിക്കുകയാകുന്നു, ഉൎവ്വശീസൃഷ്ടിയാൽ, തൽകൎത്താവായ മുനിപുംഗവൻ ഉദ്ദേശിച്ചിരിക്കുന്നതു്. പൌരാണികദൃഷ്ട്യാ, ഇങ്ങിനെ, അപവിത്രചരിത്രയായ ഉൎവ്വശി, കാളിദാസരുടെ കവിതാവാടിയിൽ, പരിഷ്കൃതാശയയും, പ്രണയമധുരയും, ആയ ഒരു മാതൃകാസ്ത്രീയായി പരിലസിക്കുന്നതു കാണാം. അനൃജുവായ ജീവിതയാത്രയുടെ ദോഷഫലങ്ങളെ വെളിപ്പെടുത്തുന്ന ഒരു കഥാപാത്രത്തെ ആദൎശവതിയും, തൻെറ വിശ്രുതമായ നാടകത്രയങ്ങളിൽ ഒന്നായ വിക്രമോൎവ്വശീയത്തിലെ, നായികയും, ആക്കിയതിൽ, കേവലം തുച്ഛമായ ഒരു നവീകരണമല്ല, പ്രകൃതവിഷയത്തിൽ, ആ മഹാകവി ചെയ്യേണ്ടിയിരുന്നതു് എന്നു പറയേണ്ടതില്ലല്ലൊ. പുരാണകഥകളെ, കവിതാവിഷയമാക്കുമ്പോൾ, ആവശ്യാനുരൂപമായി, കവികൾ, അവയിൽ അല്പം ചില ഭേദഗതികൾ ചെയ്യുന്നതു് സാധാരണമാണെങ്കിലും, ഈ വിധം

വിപുലമായ വ്യത്യാസം വരുത്തുവാൻ ധൈയ്യപ്പെട്ടിട്ടുള്ളവർ ചുരുക്കമായിരിക്കും. ഏതായാലും, കവികുലഗുരുവായ അദ്ദേഹത്തിൻെറ, മനോധമ്മമുകുരത്തിൽപ്പെട്ടു വിളങ്ങുന്ന ഉവ്വശിയുടെ കമനീയ രൂപം, പ്രേക്ഷകജനമനോരഞ്ജകമായിത്തന്നെ ഇരിക്കുന്നു.

വൈശ്രവണ ദശ്നാനന്തരം, അളകാപുരിയിൽനിന്നും മടങ്ങിയ ഉവ്വശി, വഴിമദ്ധ്യേ കേശി എന്ന അസുരനാൽ അപഹരിക്കപ്പെട്ടു. ഈ വിവരം അറിഞ്ഞ പുരുരവസ്സ്, അവളെ സ്വബാഹുവീര്യത്താൽ സ്വതന്ത്രയാക്കി. ഉവ്വശിയും, പുരുരവസ്സും, അവരുടെ ആ പ്രഥമസമാഗമത്തിൽതന്നെ അനുരക്തരായിത്തീരുകയും ചെയ്തു. അസുരബാധയിൽനിന്നും മുക്തയായെങ്കിലും ഭയചകിതയായിത്തന്നെ ഇരിക്കുന്ന ഉവ്വശിയേയാണു കാളിദാസർ ആദ്യമായി രംഗപ്രവേശം ചെയ്യിച്ചിരിക്കുന്നതു്. ദുഷ്ടനായ കേശിയുടെ കൈയിൽ അകപ്പെട്ട തനിക്കു് ഏകാവലംബമായിത്തീന്ന അദ്ദേഹം, തൻെറ അമാനുഷഗുണങ്ങളാൽ അവളുടെ ഹൃദയാപഹാരിയായിത്തീന്നതിൽ വിസ്മയിപ്പാനില്ലല്ലോ. വിശേഷിച്ചു, സുന്ദരനും സമഗ്രവീര്യനും ആയ അദ്ദേഹത്തിനു, സ്വഗ്ഗാലങ്കാരമായ അവളോടുണ്ടായ അനുരാഗം ആദ്യമേതന്നെ വ്യക്തമാക്കിയിട്ടുമുണ്ടു്. ആ സ്ഥിതിക്കു്, അവൾ, പുരുരവസ്സിൽ ആസക്തയായിത്തീന്നു എന്നുള്ളതു്, അവളുടെ ദുഷ്കമ്മവാസനയുടെ ഫലമാണെന്നു വ്യാഖ്യാനിക്കുന്നതു സാഹസമായിരിക്കും. സവ്വസംഗപരിത്യാഗികളായ യതീശ്വരന്മാക്കുകൂടി, പലപ്പോഴും അജയ്യമായി പരിണമിച്ചിട്ടുള്ള ഒരു ദിവ്യശക്തിയുടെ പ്രഭാപൂരണമാണു്, ഉവ്വശിയേയും, അവശയാക്കിത്തീത്തതു് എന്ന വാസ്തവവും ഇവിടെ സ്മത്തവ്യമാകുന്നു. ഇങ്ങിനെ ഉവ്വശിയുടെ അനുരാഗാങ്കുരണം, രസികജനരസായനവും, യുക്തിയുക്തവുമാക്കിത്തീക്കുകയാകുന്നു കാളിദാസർ ആദ്യമായി ചെയ്തിരിക്കുന്നതു്. മാത്രമല്ല, അവൾ മഹാജനസമക്ഷം അവതീണ്ണയാകുന്നതിനു മുൻപുതന്നെ അദ്ദേഹം അവളുടെ സുദുർല്ലഭമായ ഗുണഗണങ്ങൾ സഖികളായ അപ്സരസ്ത്രീകളുടെ സംഭാഷണം മുഖേന നല്ലവണ്ണം വെളിപ്പെടുത്തിയിട്ടുമുണ്ടു്. തുല്യവയസ്സരും, തുല്യപദസ്ഥരുമായ രംഭ മുതലായവർകൂടി, "സ്വഗ്ഗത്തിനു് അലങ്കാരമായും, സൌന്ദര്യംകൊണ്ടു ഗവ്വിഷ്ഠയായും ഇരിക്കുന്ന ലക്ഷ്മീദേവിയെ നിരാകരിക്കുന്നവളായും" എന്നിങ്ങനെ സബഹുമാനം സ്തുതിക്കണമെങ്കിൽ, അവളുടെ സൌശീല്യാദി ഗുണഗണങ്ങൾ എത്ര മഹത്തരമായിരിക്കണമെന്നു് അനുമിക്കാവുന്നതാണല്ലോ. തൻെറ കഥാനായികയുടെ സ്വഭാവോൽക്കഷാദികൾ ഈവിധം അഭിനന്ദനീയമായി വെളിപ്പെടുത്തിയതിനുശേഷം, കവി അവളെ സ്വഗ്ഗത്തിലേക്കും, രാജാവിനെ കൊട്ടാരത്തിലേക്കുമായി വേർപിരിക്കുന്നു. പക്ഷേ, നിഗ്ഗമനവേളയിൽ ഉവ്വശിയുടെ ഹൃദയഗുപ്തമായ പ്രണയപ്രവാഹം പെട്ടന്നു ബഹിഗ്ഗമിച്ചു. അവൾ, "കൊണ്ടുരത്നമനകാലിലെന്നു വെറുതേ നടിച്ചു്, നില്പ്"കൊള്ളുകയും മറവും ചെയ്തു ശകുന്ത

ളിയുടെ പ്രേമചാപല്യത്തെ അനുസ്മരിപ്പിക്കുമാറ്, മരക്കൊമ്പിൽ തടഞ്ഞ മാലയെ വിടുവിക്കുന്നതിനെന്നുള്ള നാട്യത്തിൽ, ഒന്നു തിരിഞ്ഞു നോക്കി. അടുത്ത നിമിഷം സ്വകാമുകൻെറ കമനീയമായ മുഖകമലം മറയുകയും ചെയ്തു.

അനുദിനം വളൎന്നുവന്ന വിരഹവേദനയാൽ സ്വൎഗ്ഗവാസം അവൾക്കു ക്ഷണേന വിരസമായിത്തീൎന്നു. തൻെറ ഹൃദയചോരനായ രാജാവിനെക്കണ്ടു ദുഃഖശാന്തി വരുത്തുന്നതിന്നായി താമസിയാതെ, അവൾ സഖിസമേതം ഭൂമിയിലേയ്ക്കു വന്നു. കാമപരവശനായ പുരൂരവസ്സ് അവളുടെ പ്രണയപാവനമായ നേത്രങ്ങൾക്ക് അചിരേണ വിഷയീഭവിച്ചു. രാജധാനിനിലെ വിനോദശതങ്ങൾപോലും അരമ്യമായിത്തോന്നിയ അദ്ദേഹം, വിദൂഷകനൊന്നിച്ച്, ഉൎവ്വശീസമാഗമത്തിനുള്ള വഴികളെക്കുറിച്ച് ആലോചിച്ചുകൊണ്ട് ഉദ്യാനത്തിൽ ഇരിക്കയായിരുന്നു. അവരുടെ സംഭാഷണവിഷയം, വ്യക്തമായിരുന്നു എങ്കിലും, സ്വഗുണാവിശ്വാസം അവളെ സംശയഗ്രസ്തയാക്കിത്തീൎക്കുകയാണുണ്ടായതു്. വിദൂഷകൻ രാജാവിനോട്, "തത്ര ഭവതി, ഉൎവ്വശിയുടെ ചിത്രപടവും കണ്ടുകൊണ്ടിരിക്കുക", എന്നു വിളിച്ചുപറഞ്ഞിട്ടും, ദുൎബ്ബലമായ ഹൃദയത്തോടു ആശ്വസിക്കാൻ പറയുന്നതിനു മാത്രമേ അവൾക്കു കഴിഞ്ഞുള്ളു. ഒടുവിൽ

"മാനേലുംമിഴിയെൻമനോവ്യഥ ധരിച്ചിടാഞ്ഞയോ ദിവ്യമാം
ജ്ഞാനത്താലഖിലം ഗ്രഹിച്ചതവമാനിക്കുന്നതോ ഹന്തമാം
മാനംചേൎന്നജനേ, സമാഗമമനോരാജ്യത്തിനാലീവിധം
ദീനത്വം മമ ചേൎത്തുകൊണ്ടു സുഖിയായ് പാൎക്കട്ടെപഞ്ചായുധൻ"

എന്നു്, ദീൎഘനിശ്വാസത്തോടുകൂടി അദ്ദേഹം വിലപിക്കുന്നതു കേട്ടിട്ട്, "കഷ്ടം, രാജാവു് എന്നെയും ഇങ്ങിനെ പറയുന്നെല്ലൊ" എന്നിപ്രകാരം വിനീതയായി അനുശോചിച്ചുകൊണ്ട്, അദ്ദേഹത്തെ ആ സ്ഥിതിയിൽ തന്നെ വിടുന്നതിന്നു മനസ്സുവരാഞ്ഞയാൽ, തൻെറ മനോഗതിയെ ലേഖനമുഖേന അദ്ദേഹത്തെ അറിയിക്കുന്നതിന് അവൾ തീൎച്ചപ്പെടുത്തി. കേവലം കേട്ടുകേൾവി മാത്രമുള്ള ഒരു പുരുഷൻെറ അടുക്കൽ ചെന്നു നഗ്നമായി,

"കാമസുന്ദരാ! നിന്നെക്കാമിക്കാതിരിക്കുമോ
കാമിനീജനം, ദേവനാരിമാരെന്നാകിലും"

എന്നു ജല്പിക്കുന്ന പൗരാണികോൎവ്വശിയെ കാളിദാസർ എങ്ങിനെ വ്യത്യാസപ്പെടുത്തിയിരിക്കുന്നു എന്നു് ഇതിൽനിന്നും വേണ്ടവണ്ണം മനസ്സിലാക്കാമല്ലൊ. നിന്ദ്യവും, താമസവുമായ മദനഭ്രാന്തിയ്ക്കധീനയായി; സ്ത്രീസഹജമായ ലജ്ജയും അധീരതയും ലേശം ഇല്ലാതെ വെറും മൃഗീയത്വം പ്രകടിപ്പിച്ച ഉൎവ്വശി, ആപൽക്കാലത്തിൽ തൻെറ രക്ഷാതാവും സമാഗമം നിസ്സീമമായ കാംക്ഷയോടുകൂടി പ്രാൎത്ഥിക്കുന്നവനും ആയ ഇഷ്ടകാമുകൻെറ സന്നിധിയിൽ പ്രവേശിക്കുന്നതിന്നുപോലും സാധിക്കാതെ, ലജ്ജാവിജിതമന്മഥയായ ഒരു ഉത്തമസ്ത്രീയായിട്ടാണ് ഇവിടെ കാണുന്നതു്.

സ്വാഭീഷ്ടസിദ്ധിയേക്കാൾ, പ്രിയതമനായ രാജാവിൻെറ ദുഃഖശാന്തിയേയാണ് അവൾ ഈ സന്ദർഭത്തിൽ കാര്യമായി വിചാരിക്കുന്നത്. അതിനാൽ തൻെറ ദിവ്യശക്തികൊണ്ട് നിർമ്മിച്ച ഭൂർജ്ജപത്രത്തിൽ സ്വമനോഗതം രേഖപ്പെടുത്തി, ഭൂമിയിലേയ്ക്കു നിക്ഷേപിക്കുന്നു. പാരിജാതസുമശയ്യയും, ചന്ദനവനാനിലനും, തനിക്കു തൈക്ഷ്ണ്യഹേതുകമായിരിക്കുന്നു എന്നു വ്യംഗ്യഭംഗിയിൽ ഉപന്യസിക്കുക മാത്രമേ അവൾ ചെയ്യുന്നുള്ളു. കാററിൽ പറന്നുവീണ ലേഖനം വായിച്ച സന്ദർഭത്തിലും രാജാവ് ആനന്ദമഗ്നനായി പ്രത്യക്ഷദർശനത്തിനായി വിദൂഷകൻെറ ക്ഷണനമുണ്ടായിട്ടും ഉർവശി, സഖിയായ ചിത്രലേഖയേയാണ് രാജാവിൻെറ സമീപത്തിലേയ്ക്കു അയയ്ക്കുന്നത്. എങ്കിലും, പുരൂരവസ്സിൻെറ പാരവശ്യത്താൽ ഖിന്നയായ ചിത്രലേഖയുടെ നിർബന്ധത്തിനു വശംവദയായി ഒടുവിൽ അവൾക്കു രാജസമക്ഷത്തു ചെല്ലേണ്ടിവന്നു. എന്നാൽ അപ്പോഴും തൻെറ ആത്മാഭിമാനത്തിനോ സ്വഭാവനൈർമ്മല്യത്തിനോ ഹാനികരമായ ഒരൊററവാക്കെങ്കിലും, അവളിൽനിന്നും പുറപ്പെടുന്നില്ല. ചിരകാലകാംക്ഷാഫലമായി ഇങ്ങിനെ പുനഃസമാഗമം അവർക്കു ലഭിച്ചെങ്കിലും, ആസന്നമായിരുന്ന വിയോഗത്തിൻെറ നിഴലാട്ടത്താൽ, അത് ആനന്ദഗ്രസ്തമായിരുന്നു. അതിനാൽ അവിചാരിതമായി ആ രംഗം അവർക്കു ഉടൻതന്നെ അവസാനിപ്പിക്കേണ്ടതായി വന്നു കൂടി.

നാടകാഭിനയാർത്ഥം, ദേവലോകത്തിൽ എത്തിയ ഉർവ്വശിയുടെ ഹൃദയം ഉൽക്കണ്ഠാകലുഷമായിരുന്നു. നാട്യസമയം ലക്ഷ്മീവേഷധാരിണിയായിരുന്ന ആ സുന്ദരി, പുരുഷോത്തമങ്കൽ, താൻ ആസക്തയായിരിക്കുന്നു എന്നു പറയേണ്ടുന്നതിനു പകരം, അവളുടെ ഹൃദയവർത്തിയായ പുരൂരവസ്സിൻെറ നാമധേയം, സ്ഥലകാലവിഭ്രമത്തോടെ ഉച്ചരിച്ചുപോയി. തന്നിമിത്തം കുപിതനായ ഗുരുനാഥൻെറ ശാപത്തിനു പാത്രീഭവിച്ച് അവൾക്കു ഭൂവാസം അനുഭവിക്കേണ്ടിവന്നു. രാജരാജനായ പുരൂരവസ്സിനു പുത്രമുഖദർശനമുണ്ടാകുന്നതുവരെ, അദ്ദേഹത്തോടുകൂടി താമസിക്കാമെന്നുള്ള ഇന്ദ്രാജ്ഞയോടുകൂടി, അവൾ തൻെറ ഇഷ്ടകാമുകൻെറ സന്നിധിയിലേയ്ക്കു തിരിച്ചുപോന്നു. പട്ടമഹിഷിയായ കാശിരാജപുത്രിയെ കാത്തുകൊണ്ടു മണിഹർമ്മ്യത്തിൽ ഇരിക്കുന്ന പുരൂരവസ്സ്, താമസിയാതെ അവൾക്കു നേത്രഗോചരനായി. എന്നാൽ അപ്പോഴും, രാജസമീപത്തിലേയ്ക്കു ചെല്ലുന്നതിന്ന് അവൾ ധൈര്യപ്പെട്ടില്ല. അദ്ദേഹത്തിൻെറ പരാധീനതയെക്കുറിച്ചു വിചിന്തനംചെയ്തും, "പുത്തൻ പൂമെത്തചന്ദ്രദ്യുതിതതി, തനുവിൽപ്പററിടും ചന്ദനം" ഇത്യാദിയുള്ള അദ്ദേഹത്തിൻെറ മാരതാപപ്രലാപത്തെ കേട്ടും, അധർമ്മഭീരുവായ ആ തരുണീരത്നം ഇതികർത്തവ്യതാമൂഢയായി അവിടെത്തന്നെ നിൽക്കുകയാണുണ്ടായത്. അദ്ദേഹത്തിൻെറ ധർമ്മപത്നിയായ കാശിരാജപുത്രി, അധികം കഴിയുന്നതിനു മുൻപു, പ്രിയോപാന്തത്തിൽ വന്നുചേർന്നു. രൂപവതിയും, ശീലവതിയും ആയ രാജ്ഞിയെ അദ്ദേഹം 'ദേവീ' ശബ്ദംകൊണ്ട് അഭിസം

ബോധനചെയ്യുന്നതുകേട്ടു, സ്ത്രീസഹജമായ അസൂയ ലേശംകൂടാതെ, ആ സംബോധനയുടെ ഔചിത്യത്തെപ്പററി അഭിനന്ദിക്കുന്ന ഉർവ്വശിയുടെ മഹാമനസ്കത പ്രശംസനീയമായിരിക്കുന്നുണ്ടു്. മനസ്വിനിയായ രാജ്ഞി, സ്വഭർത്താവിൻെറ ഹൃദയചോരണംചെയ്ത സുന്ദരിയെ യഥേച്ഛം തസ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം, ഉർവ്വശീകർണ്ണപീയൂഷമായി പ്രദാനംചെയ്തുകൊണ്ടു്, അവിടെനിന്നും യാത്രയായി. ധർമ്മാതിക്രമണംകൂടാതെ രാജാവു് ഈ വിധം സ്വാധീനനായിത്തീർന്നതിനാൽ സന്തുഷ്ടയായ അവൾ "പിന്നിൽചേർന്നവളെൻെറനേത്രയുഗളം കൈത്താരിനാൽപൊത്തുമോ" എന്നുള്ള രാജാവിൻെറ ആഗ്രഹത്തെ ഉടനടി നിറവേററി, അദ്ദേഹത്തിൻെറ പ്രേയസീസ്ഥാനത്തെ ആരോഹണംചെയ്തു. അന്യായമായ കാമാവേശത്താൽ രാജദാരസ്ഥാനം സമ്പാദിച്ച പൗരാണികോർവ്വശിയുടെ സ്വഭാവഗതിയ്ക്കു പ്രകൃതത്തിൽ വന്നുചേർന്നിരിക്കുന്ന മാററം രസാത്മകമായ ചിന്താവിഷയമത്രേ. കാമത്തിനുവേണ്ടി, ധർമ്മത്തേയും, മാനത്തേയും, മര്യാദയേയും, ബലികഴിച്ചതിനു് ഉർവ്വശി ഇവിടെ ധർമ്മാധീനയായിരിക്കുന്നു. അവളുടെ എല്ലാ പ്രവൃത്തികളും, ധർമ്മത്തിൻെറ ഉജ്ജ്വലകാന്തികൊണ്ടു്, പ്രകാശമാനവും അതിനാൽതന്നെ അവളുടെ ചരിത്രം അഭിനന്ദനീയവും ആയി രൂപാന്തരപ്പെട്ടിരിക്കുന്നു.

ഇപ്രകാരം ധർമ്മമാർഗ്ഗത്തിൽനിന്നു അണുവും വ്യതിചലിക്കാതേയും, ആദരണീയയായ ഒരു നായികയുടെ മഹനീയതയ്ക്കു വിലോപം വരുത്താതേയും, ലഭിച്ച ഇഷ്ടകാമുകനോടൊന്നിച്ചു, അവൾ, ഗന്ധമാദനവനാന്തരത്തിൽ, ക്രീഡാമധുരങ്ങളായ ദിവസങ്ങൾ കഴിച്ചുകൂട്ടി. സ്വർഗ്ഗീയമായ ആനന്ദാനുഭൂതിയെക്കൂടി അധഃകരിക്കത്തക്ക സുഖോപഭോഗങ്ങളോടുകൂടി ഈ വിധം നിവസിക്കുമ്പോൾ യാദൃച്ഛികമായി ഒരിക്കൽ സ്വഭർത്താവിൽ കണ്ട പ്രേമഭംഗം അവളെ അല്പം പ്രക്ഷുബ്ധയാക്കിത്തീർത്തു. ഗംഗാപുളിനത്തിൽ കണ്ട, ഉദയവതി എന്ന വിദ്യാധരകന്യകയുടെ സൗന്ദര്യാതിരേകം, പുരൂരവസ്സിനു് ആകർഷകമായിത്തോന്നി. അദ്ദേഹം അവളെത്തന്നെ നോക്കിക്കൊണ്ടു്, അല്പനേരത്തേയ്ക്കു സ്തബ്ധനായി നിന്നുപോയി; ഈ സംഭവം ഉർവ്വശിയ്ക്കു ദുസ്സഹമായിരുന്നു. ഈർഷ്യാതാപങ്ങൾ ഇടതിങ്ങിയ ഹൃദയത്തോടുകൂടി, അവൾ തൽക്ഷണംതന്നെ, അദ്ദേഹത്തിനു് അദൃശ്യയായി ഭവിച്ചു. എന്നാലും അദ്ദേഹത്തെ അതിരുകടന്ന ധാർഷ്ട്യത്തോടുകൂടി.

"നാരിയും, പുരുഷനുമല്ലാത്ത ജനങ്ങളെ
പാരാതെ വിശ്വസിച്ചാലിങ്ങനെ വരുമല്ലോ."

എന്ന വിധം, കർക്കശമായി അധിക്ഷേപിക്കത്തക്ക "മനസ്ഥിതി" അവൾക്കുണ്ടായിരുന്നില്ല. താൻ ആത്മാർത്ഥമായി സ്നേഹിക്കുന്ന പ്രിയ

തമൻ അന്യസ്ത്രീയിൽ ആസക്തയായിത്തീന്നതിനാലുള്ള മനോവേദനയാണ്, അവളെ ഈ പ്രണയകലഹത്തിനു പ്രേരിപ്പിച്ചതു്. വാസ്തവമായ പ്രണയത്തോടെ, ഭത്തൃശുശ്രൂഷ ചെയ്യുന്നതിന്, ഒരുങ്ങുന്ന ഒരു സ്ത്രീരത്നത്തിന് പ്രാണപ്രിയൻെറ ഈദൃശപ്രവൃത്തികൾ ഒരിക്കലും, ക്ഷന്തവ്യമായിത്തോന്നുന്നതല്ലെന്നും പരിമൃദുലമായ ഹൃദയനാളം വ്രണപ്പെട്ടുമെന്നും ആകുന്നു ആ കൃത്യത്തിൽനിന്നും വ്യക്തമാകുന്നതു്. ഈ വാസ്തവം അദ്ദേഹത്തെ മനസ്സിലാക്കുന്നതിന്, അവൾ അംഗീകരിച്ച ഒരു ഉപായമായിട്ടേ മുൻപറഞ്ഞ അന്തദ്ധാനത്തെ ഗണിക്കേണ്ടതുള്ളു. എന്നാൽ ഗുരുശാപജന്യമായ ഹൃദയമൌഢ്യത്താൽ വിചാരശക്തി നശിച്ചിരുന്ന ആ സുന്ദരി, ശാപദൂഷിതമായിരുന്ന കുമാരവനത്തിൽ പ്രവേശിക്കയും, തൽക്ഷണം തന്നെ ലതാരൂപം പ്രാപിക്കുകയും ചെയ്തു. കുമാരവനപ്രവേശം, ഉർവ്വശിയിൽ, 'കജ്ജളോൽഗമമില്ലാത്ത ഒരു മംഗളദീപത്തിൻെറ മഹനീയതയെ സംജാതമാക്കുകയാണു ചെയ്യുന്നതു്. കാളിദാസരുടെ നായികമാരിൽ സാമാന്യമായി കണ്ടുവരുന്നതും, അവരുടെ ചരിത്രത്തെ പ്രശസ്തവും, പ്രശാന്തനിമ്മലവും ആക്കിത്തീക്കുന്നതിന് ഉപകരിക്കുന്നതും ആയ ഒരു തപസ്സംശുദ്ധിക്ക്, ഈ സംഗതി വേണ്ടപോലെ ഉപയോഗപ്പെടുന്നുണ്ട്. ഭത്തൃകൃതമായ ഒരു ധമ്മഭ്രംശം പതിദേവതയായ ഒരു പത്നിക്കു ദുസ്സഹമായി തോന്നാമെങ്കിലും, അതിനെ സമാധാനലംഘനത്തിനു കാരണമാക്കുന്നതു് അവളുടെ മഹനീയതയ്ക്കു പ്രതിബന്ധമായിരിക്കുമല്ലോ. അതിനാൽ ഈ കോപമോദനം അവൾക്ക് ആപൽക്കരമായി പരിണമിക്കുന്നു. വിശിഷ്യ, ഉർവ്വശിയിൽ നാം കണ്ട പ്രേമവും സവ്വോൽകൃഷ്ടമെന്നു പറഞ്ഞുകൂടാ. അതു വിഷയോന്മുഖവും, അതിനാൽ ഗഹിതവും ആയിട്ടുള്ളതാകുന്നു. കുമാരവനഗമനത്താലും, അനന്തരലബ്ധമായ ലതാജീവിതത്താലും, ആ മാലിന്യം പരിഹരിക്കപ്പെടുകയും, ശാന്തവും, സംക്ഷോഭരഹിതവും, ആയ ഭാവിജീവിതത്തിൻെറ സമാരംഭത്തിന് അതു് ഉപയുക്തമായിത്തീരുകയും ചെയ്യുന്നു. ആകസ്മികമായി തൻെറ പ്രാണപ്രിയയെ കാണാതായ പുരൂരവസ്സു കേവലം ഭ്രാന്തചിത്തനായിത്തീന്നു. അദ്ദേഹം നിസ്സീമമായ വ്യഥയോടുകൂടി അവളെ അന്വേഷിച്ചു. ദുഗ്ഗമങ്ങളായ അരണ്യഭാഗങ്ങൾ പലതും തരണം ചെയ്കയും തനിക്കു സംഭവിച്ച സന്താപത്തെ തരുപക്ഷികളെക്കൂടി അറിയിച്ച് ഉർവ്വശിയുടെ പുനഃപ്രാപ്തിയിൽ അവയുടെ സഹായത്തെപ്പോലും അഭ്യത്ഥിക്കയും ചെയ്തു. ഭത്താവിൻെറ ഈ ശോകാവേശങ്ങൾ, ഉർവ്വശിക്കു അപ്രത്യക്ഷങ്ങളായിരുന്നില്ലെങ്കിലും, തനിക്കു സിദ്ധിച്ചിരിക്കുന്ന സ്ഥാവരജീവിതത്താൽ, അവയെല്ലാം പശ്ചാത്താപത്തോടുകൂടി കണ്ടനുഭവിക്കുന്നതിനു മാത്രമേ, അവൾ ശക്തയായിരുന്നുള്ളു. ഉർവ്വശിക്കു ലഭിച്ചിരിക്കുന്ന ഈ അവസ്ഥാഭേദം സ്ഥായിയായിരുന്നില്ല. കാലഗതി അവളെ ആ ആപത്തിൽനി

ന്നു മുക്തയാക്കി. ഈശ്വരകൃപയാൽ ഉർവ്വശീപ്രാപ്തിക്കായി അനവരതം ശ്രമിച്ചുകൊണ്ടിരുന്ന രാജാവിന്, സംഗമനീയരത്നം കിട്ടുകയും അതിന്റെ പ്രഭാവത്താൽ, ഉർവ്വശി തന്റെ ലതാരൂപത്തിൽനിന്നും, രാജാവു തന്റെ വിരഹവേദനയിൽ നിന്നും മുക്തരാകുകയും ചെയ്തു. ഇങ്ങിനെ അവരുടെ സംഘടന വീണ്ടും സംഭവിച്ചു.

ലോകസാധാരണമായ സങ്കടാവസ്ഥകൾ, ഇനിയും അവളെ വിട്ടൊഴിഞ്ഞില്ല. അനർഘമായ സംഗമനീയരത്നം, മാംസഭക്ഷണബുദ്ധ്യാ ഒരു കഴുകൻ പക്ഷിയാൽ അപഹരിക്കപ്പെട്ടു. രത്നം വീണ്ടെടുക്കുന്നതിനുള്ള രാജാവിന്റെ ശ്രമം, വിഫലമായെങ്കിലും, അദ്ദേഹത്തിന് അചിരേണ ആഗ്രഹലാഭമുണ്ടായി. ഒരു വീരബാലന്റെ ശരപ്രയോഗസാമർത്ഥ്യത്താൽ അദ്ദേഹത്തിനു രത്നം ഹസ്തഗതമായി. എന്നുതന്നെയല്ല, ആ ബാലൻ, തനിക്കു ഉർവ്വശിയിൽ ജനിച്ച ആയുസ്സ് എന്ന പുത്രനാണെന്നും, അദ്ദേഹം അറിഞ്ഞു. അത്ഭുതപരതന്ത്രനായ പുത്രരവസ്സ് സംഗതികളുടെ വാസ്തവം അറിയാതെ വിഷമിച്ചു. കുമാരവനപ്രവേശത്താലല്ലാതെ, അവൾ തന്നോടു പിരിഞ്ഞിട്ടുമില്ല. പക്ഷേ, അദ്ദേഹത്തിന്, അത്ഭുതാനന്ദഹേതുകമായ ആ പുത്രജന്മവൃത്താന്തം, ഉർവ്വശിയുടെ അന്യാദൃശമായ ഭർത്തൃസ്നേഹപാരമ്യത്താൽ ആവൃതമായിരുന്നു. രാജാവിനു പുത്രമുഖദർശനമുണ്ടാകുമ്പോൾ തിരിച്ചുവരിക, എന്ന, ഇന്ദ്രാജ്ഞയോർത്ത്, വിരഹഭീരുവായ ഉർവ്വശി, പുത്രജന്മവൃത്താന്തത്തെ, തന്റെ ദിവ്യശക്തിശാൽ അദ്ദേഹത്തിൽനിന്നും മറക്കുകയും, ജാതമാത്രനായ ശിശുവിനെ ച്യവനാശ്രമത്തിൽ ഏല്പിക്കുകയും ചെയ്തതായിരുന്നു. ഒരു സ്ത്രീയ്ക്കു സർവ്വഥാ കാംക്ഷണീയമായിത്തോന്നുന്ന പുത്രലാളനഭാഗ്യംപോലും, അവളുടെ അപ്രതിഹതമായ പ്രണയപ്രവാഹത്തിൽ ലയിച്ചുപോയിരുന്നു. പ്രണയപരിപൂർണ്ണമായ അവളുടെ ഹൃദയകോരകത്തിൽ മറ്റയാതൊരു വികാരങ്ങൾക്കും സ്ഥലമുണ്ടായിരുന്നില്ല. എങ്കിലും ഉർവ്വശിയുടെ ഈ ഉപായങ്ങളെല്ലാം ക്ഷണേന ശിഥിലങ്ങളായിത്തീരുകയാണുണ്ടായതു. രാജാവു, പുത്രദർശനവൃത്താന്തത്തെപ്പററി വിദൂഷകനുമായി സംസാരിച്ചുകൊണ്ടിരിക്കെ, ച്യവനാശ്രമത്തിൽനിന്നും, ആയുസ്സു, കൊട്ടാരത്തിൽ വന്നു ചേന്നു. പുത്രലാഭത്താൽ ആനന്ദപുളകിതനായ രാജാവു്, ആയുസ്സിനോടുകൂടി വന്ന താപസിയുടെ ആവശ്യപ്രകാരം, ഉർവ്വശിയെ അന്തർഗൃഹത്തിൽനിന്നും വരുത്തി. സംഗതികളുടെ ഈദൃശപരിണാമത്താൽ, വിവർണ്ണവദനയായ ആ സതീരത്നം പുത്രനെ ഏറെറടുക്കുകയും താപസിയെ യഥായോഗ്യം ഉപചരിച്ചിട്ടു്, താമസിയാതെ അവിടെനിന്നു യാത്രയാകുകയും ചെയ്തു.

(തുടരും)

ടി. പി. രാമകൃഷ്ണപിള്ള.